Reg. M. No. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 ഇടവം 25—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു്—എറണാകുളം 1955 ജൂൺ 8 | ലക്കം 41

## ഈശോയുടെ തിരുഹൃദയഭക്തി

### (എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ഇടയലേഖനം)

ഈശോയുടെതിരുഹൃദയത്തോടുള്ള ഭക്തി നാം ഇന്നറിയുന്ന വിധത്തിൽ പ്രചരിക്കാൻ തുടങ്ങിയിട്ടു് അധികം കാലമായില്ല. എങ്കിലും ഈ ഭക്തിക്കടിസ്ഥാനമായ ആശയങ്ങൾ പുതിയവയല്ല.

മനുഷ്യനായി അവതരിച്ച ദൈവമായ മിശിഹായുടെ സ്നേഹമാണ് തിരുഹൃദയഭക്തിയുടെ വിഷയം. 'ആ സ്നേഹത്തിന്റെ ബാഹ്യമായൊരടയാളമാണ് ഈശോയുടെ തിരുഹൃദയം. ക്രിസ്തുവിന്റെ സ്നേഹത്തെപ്പററി മനുഷ്യരുടെയിടയിൽ ഗാഢമായ ബോധമുളവാക്കുകയും അതുവഴി നമ്മെ വിശുദ്ധിയിലേക്കു് നയിക്കുകയും ചെയ്യുകയെന്നുള്ളതാണ് തിരുഹൃദയഭക്തിയുടെ ഉദ്ദേശം.

ഈശോമിശിഹായുടെ സ്നേഹത്തിനു് രണ്ടു ലക്ഷ്യങ്ങളുണ്ടു്: ദൈവവും, മനുഷ്യനും. ദൈവസ്നേഹത്തിന്റേയും മനുഷ്യസ്നേഹത്തിന്റേയും പരിപൂർണ്ണമായ പ്രകടനവും മാതൃകയുമാണ് ക്രിസ്തുവിന്റെ ജീവിതം.

ഒരാൾ താൻ ആത്മാർത്ഥമായി സ്നേഹിക്കുന്ന വ്യക്തിയുടെ ആഗ്രഹങ്ങൾ നിറവേററിക്കൊടുക്കാൻ സദാ സന്നദ്ധനായിരിക്കും. അതിനുവേണ്ടി എന്തു ത്യാഗവും സഹിക്കാൻ മടി കാണിക്കുകയില്ല. ത്യാഗപൂർവ്വമായ സ്വയം സമർപ്പണമാണല്ലോ സ്നേഹത്തിന്റെ പരമപ്രകടനം.

നിത്യപിതാവായ ദൈവത്തിനുള്ള പരിപൂർണ്ണമായ സമർപ്പണമാണ് ക്രിസ്തുവിന്റെ ജീവിതത്തിൽ ആദ്യന്തം നാം ദർശിക്കുന്നതു്. സ്നേഹത്താൽ പ്രേരിതമായ അനുസരണമാണ് അതിന്റെ പിന്നിലുള്ള ശക്തി. മനുഷ്യരുടെ പാപം മൂലം ദൈവത്തിനു് അർഹമായ ബഹുമാനം ലഭിക്കാതെ പോയതിനാൽ അതിനു പരിഹാരം ചെയ്യാൻ വേണ്ടി മിശിഹാ സ്വയം സ്നേഹബലിയായി സമർപ്പിക്കുന്നു. മനുഷ്യന്റെ സ്വാർത്ഥത അവനെ അനുസരണക്കേടിനും ദൈവത്തിൽനിന്നകന്നുപോകുന്നതിനും പ്രേരിപ്പിച്ചു. ക്രിസ്തുവാകട്ടെ നിത്യപിതാവിനെ അളവററവിധം സ്നേഹിക്കുകയും അനുസരിക്കുകയും ചെയ്തു. മനുഷ്യാവതാരത്തിന്റെ ആദ്യനിമിഷം മുതൽ കഷ്ടപ്പാടുകൾ നിറഞ്ഞ ക്രിസ്തുവിന്റെ ജീവിതം നിത്യപിതാവിനോടുള്ള സ്നേഹത്തിന്റേയും വിധേയത്വത്തിന്റെയും പ്രകടനമാണ്. ഗാഗുൽത്തായിൽ നാം ദർശിക്കുന്നതു് അതിന്റെ പരമകാഷ്ഠയാണ്.

ദൈവസ്നേഹത്തിന്റെ ഇരിപ്പിടമാണ് ക്രിസ്തുവിന്റെ ഹൃദയം. ഇതു് നമ്മുടെ ജീവിതത്തിനൊരു മാതൃകയും വഴികാട്ടിയുമായിരിക്കണം.

ദൈവത്തെ സ്നേഹിക്കണമെങ്കിൽ സ്വാർത്ഥത കൈവെടിയാതെ നിവൃത്തിയില്ല. ദൈവസ്നേഹത്തിൽനിന്നും നമ്മെ അകററുന്ന പല ആകർഷണങ്ങളും നമ്മുടെ ജീവിതത്തിൽ അനുഭവപ്പെട്ടേക്കാം. അവയെ ഉപേക്ഷിച്ചാലേ ദൈവത്തിൽ നിന്നകലാതിരിക്കാൻ നമുക്കു കഴിയൂ. ത്യാഗത്തിൽക്കൂടിയാണ് ദൈവത്തോടുള്ള നമ്മുടെ സ്നേഹത്തിന്റേയും വിധേയത്വത്തിന്റേയും മാററു് നാം തെളിയിക്കേണ്ടതു്. ഈശോയുടെ തിരുഹൃദയം നമ്മെ പഠിപ്പിക്കുന്ന ഒരു പാഠമാണതു്.

ക്രിസ്തുവിനു് മനുഷ്യവർഗ്ഗത്തോടുള്ള സ്നേഹത്തിന്റേയും കാരുണ്യത്തിന്റേയും പ്രതിഫലനവും തിരുഹൃദയത്തിൽ നമുക്കു ദർശിക്കാൻ കഴിയും.

പാപം മൂലം ദൈവസുതരെന്നുള്ള സ്ഥാനവും സ്വർഗ്ഗത്തിനുള്ള അവകാശവും മനുഷ്യവർഗ്ഗത്തിനു നഷ്ടപ്പെട്ടുപോയി. അങ്ങനെ അധഃപതിച്ചുപോയ മനുഷ്യരോടുള്ള കാരുണ്യവും സ്നേഹവുമാണ് മനുഷ്യനായവതരിക്കുവാനും ക്ലേശം നിറഞ്ഞ ലോകജീവിതം സ്വീകരിക്കുവാനും ദൈവസുതനായ മിശിഹായെ പ്രേരിപ്പിച്ച ഒരു കാരണം. തന്റെ അവസാനരക്തത്തുള്ളിപോലും മനുഷ്യരക്ഷയെപ്രതി ചിന്താനും, എല്ലാ അവഹേളനങ്ങളുമേററു് ജീവൻ ബലികഴിക്കുവാനും അവിടുത്തെ പ്രേരിപ്പിച്ചതു് ഈ സ്നേഹവും കാരുണ്യവുമാണ്.

മരണംവഴി മനുഷ്യരെ വിട്ടുപിരിയാൻ ദിവ്യഈശോ അഭിലഷിച്ചില്ല. അതിനാൽ അവിടുത്തെ മരണശേഷവും നമ്മോടുകൂടിയിരിക്കാൻവേണ്ടി അവിടുന്നു് കണ്ടുപിടിച്ച മാർഗ്ഗമാണ് വിശുദ്ധകുർബാന. അങ്ങനെ വിശുദ്ധകുർബാനയിൽക്കൂടി ഇന്നും ഈശോമിശിഹാ നമ്മുടെ സ്നേഹിതനും ആദ്ധ്യാത്മികഭോജനവുമായി നമ്മുടെയിടയിൽ വസിക്കുകയാണ്.

പാപത്തിൽനിന്നുള്ള നമ്മുടെ രക്ഷയ്ക്കും നമ്മുടെമേൽ വർഷിക്കപ്പെട്ടുകൊണ്ടിരിക്കുന്ന എല്ലാ അനുഗ്രഹങ്ങൾക്കും കാരണമായ ഈ ദിവ്യസ്നേഹത്തെപ്പററി നാം പലപ്പോഴും അത്ര ചിന്തിക്കാറില്ല. നമ്മോടുള്ള അവർണ്ണ്യമായ സ്നേഹംകൊണ്ടു തുടിക്കുന്ന ഒരു ഹൃദയം നമുക്കുവേണ്ടി സക്രാരിയിൽ കാത്തിരിപ്പുണ്ടെന്നുള്ള പരമാർത്ഥം നാം പലപ്പോഴും മറന്നുകളയുന്നു. ഈശോയ്ക്കു അർഹമായ പ്രതിസ്നേഹം ലഭിക്കുന്നില്ല. അവിടുത്തെ സ്നേഹം അവഗണിക്കപ്പെടുന്നു. ഓരോ പാപവും അവിടുത്തെ സ്നേഹാർദ്രമായ ഹൃദയത്തെ വേദനിപ്പിക്കുകയാണ്.

ഇങ്ങനെ അവഗണിക്കപ്പെടുകയും നിന്ദിക്കപ്പെടുകയും ചെയ്യുന്ന സ്നേഹമൂർത്തിയായ ദിവ്യനാഥനെ ഈ മാസത്തിൽ പ്രത്യേകിച്ചും നാം അനുസ്മരിക്കണം. അവിടുന്നു നമ്മോടു കാണിക്കുന്ന സീമാതീതമായ സ്നേഹത്തിനു പ്രതിസ്നേഹം കാണിക്കുവാൻ പരിശ്രമിക്കുക. വിശുദ്ധമായ ജീവിതമാണ് അതിനുള്ള മാർഗ്ഗം. വിശുദ്ധിയിൽക്കൂടി നാം അങ്ങയോടടുക്കണം; അതാണവിടുന്നു് ഉൽക്കണ്ഠാപൂർവ്വം പ്രതീക്ഷിക്കുന്നതു്.

ഈശോയുടെ ദിവ്യഹൃദയത്തോടുള്ള നമ്മുടെ സ്നേഹം യഥാർത്ഥവും ഗാഢവുമാണെങ്കിൽ, അവിടുത്തെ ഹൃദയത്തെ ആശ്വസിപ്പിക്കാനുതകുന്ന എല്ലാ മാർഗ്ഗങ്ങളും നാം സ്വീകരിക്കുമല്ലോ.

നമ്മുടെ പാപം മാത്രമല്ല, ലോകത്തിന്റെ നാനാഭാഗത്തും നടന്നുകൊണ്ടിരിക്കുന്ന നിരവധി പാപങ്ങളും അവിടുത്തെ ദിവ്യഹൃദയത്തെ വേദനിപ്പിക്കുന്നുണ്ടു്. അതിനാൽ നാം വിശുദ്ധമായ ജീവിതം നയിക്കുകയും നമ്മുടെ മാത്രം പാപങ്ങൾക്കു പരിഹാരം ചെയ്യുകയും ചെയ്താൽ പോരാ; നമ്മാലാവുംവിധം മററുള്ളവരുടെ പാപങ്ങൾക്കുകൂടി പരിഹാരം ചെയ്യാൻ പരിശ്രമിക്കണം. അതു ദൈവസ്നേഹത്തിന്റേയും പരസ്നേഹത്തിന്റേയും പ്രകടനമായിരിക്കും. നമ്മുടെ പ്രാർത്ഥനകളും പരിത്യാഗപ്രവൃത്തികളുംവഴി നമുക്കതു സാധിക്കും. അങ്ങനെ എല്ലാവരും നമ്മുടെ ദിവ്യനാഥനിലേക്കാകർഷിക്കപ്പെടുന്നതിനും അവിടുത്തെ ഹൃദയം സന്തുഷ്ടമാക്കപ്പെടുന്നതിനുമായി നമുക്കു ശ്രമിക്കാം.

പക്ഷെ ഈശോയുടെ തിരുഹൃദയം അനുഭവിക്കുന്ന പീഡകളെപ്പററി പറയുമ്പോൾ ഒരു കാര്യം നാം മറക്കരുതു്. ഇന്നു് സ്വർഗ്ഗത്തിൽ വസിക്കുന്ന ഈശോ പരിപൂർണ്ണമായ പ്രതാപവും സൗഭാഗ്യവും അനുഭവിക്കുകയാണ്. വേദനകൾക്കും പ്രയാസങ്ങൾക്കും ഇപ്പോൾ അവിടുത്തെ സ്പർശിക്കാൻവയ്യ. ഈ സ്ഥിതിയിൽ തന്നെയാണ് നമ്മുടെ അൾത്താരകളിലും വിശുദ്ധകുർബാനവഴി ഈശോ സന്നിഹിതനായിരിക്കുന്നതു്.

പക്ഷെ ക്രിസ്തു ഈ ലോകത്തിൽ ജീവിച്ചിരുന്നപ്പോൾ അവിടുത്തെ ദൈവികമായ ശക്തിവഴി, ലോകാവസാനംവരെ നടക്കാനിരിക്കുന്ന സകല പാപങ്ങളേയും മുൻകൂട്ടിക്കണ്ടു. അവിടുത്തെ മനുഷ്യത്വംവഴി ഓരോ പാപത്തേയുംപ്രതി അവിടുത്തെഹൃദയം വേദനയനുഭവിച്ചു. അതിനാൽ ഇന്നു ചെയ്യപ്പെടുന്ന ഓരോ പാപവും ക്രിസ്തുവിന്റെ ഹൃദയത്തെ വേദനിപ്പിച്ചതാണ്. ഈ അർത്ഥത്തിലാണ് പാപം ഈശോയുടെ ഹൃദയത്തെ വേദനിപ്പിക്കു



"നിന്റെ രാജ്യം വരണം"

ആഖ്യായിക



# ബറാബാസ്

## അദ്ധ്യായം 6

## ബറാബാസ്—രാജാവു്, മിശിഹാ

(വി. സി. ജോർജ് ബി. എ. എൽ.ററി.)

മഗ്ദലായിൽനിന്നു് പുറപ്പെട്ട ശേഷം വാമശീലനും ഭാഷണവിരക്തനുമായിത്തീർന്ന ബറാബാസ് തന്റെ അനുയായികളുടെ അഗ്രസ്ഥാനത്തു നടകൊണ്ടു. അവർ ജോർഡാൻനദിയുടെ ഇടത്തെക്കരയിൽക്കൂടി മൂന്നുദിവസം സഞ്ചരിച്ചു. കിഴക്കോട്ടുതിരിഞ്ഞു് മരുഭൂമി ലക്ഷ്യമാക്കി പ്രയാണം തുടരുവാൻ ബറാബാസ് ഉദ്ദേശിച്ചുവെന്നു തോന്നി. അനുയായികൾക്കു ഇതു് ആഹ്ലാദജനകവുമായി. ജനനിബിഡമായ പ്രദേശങ്ങളിൽക്കൂടി യാത്രചെയ്യുന്നതു് ആപല്ക്കരമെന്നു് അവർ ശങ്കിച്ചിരുന്നതാണു്. സമാധാനപരിപാലനാർത്ഥം റോമൻഭടന്മാരുടെ ചെറുസംഘങ്ങൾ അങ്ങുമിങ്ങും ചുററിസഞ്ചരിച്ചിരുന്നതിനാൽ മഗ്ദലായിലേക്കും നസ്രത്തിലെ അത്ഭുതമനുഷ്യന്റെ പക്കലേക്കുമുള്ള തങ്ങളുടെ യാത്ര ദുരന്തമായിത്തീരുമോയെന്നു അവർ ഭയപ്പെടാതിരുന്നില്ല.

നസ്രത്തിലെ അത്ഭുതമനുഷ്യൻ! ആ രാത്രി ഒരൊററ മനുഷ്യന്റെ മുമ്പിൽനിന്നു് അവർ അപശമിച്ചല്ലു്, ആ മനുഷ്യന്റെ നോട്ടംമൂലം കല്ലുകൾ കളയുകയും ഗദകൾ താഴുകയും വാളുകൾ ഉറയിലിടുകയും ചെയ്തതു് എന്തുകൊണ്ടെന്നു് അവർക്കിനിയും മനസ്സിലായിട്ടില്ല. ആ സംഭവത്തെപ്പററി ചർച്ചചെയ്യേണ്ടയാവശ്യമില്ലെന്നു അവർ പൊതുസമ്മതത്തോടുകൂടി തീരുമാനിച്ചു. ബറാബാസ് ഇതുവരെ അവരോടു് ആ കാര്യം സംബന്ധിച്ചു് യാതൊന്നും സംസാരിച്ചുമില്ല. അനുയായികളെ അപേക്ഷിച്ചു് അധികം സമർത്ഥനായിരുന്ന ബറാബാസിനു ആ രാത്രിയിലെ സംഭവം വളരെ അർത്ഥവത്തും അപകർഷകവുമായി തോന്നി. പ്രതിയോഗികളുടെ ഇച്ഛാശക്തി സ്വന്തം അഭീഷ്ടമനുസരിച്ചു നശിപ്പിക്കുവാൻ കഴിഞ്ഞ മനുഷ്യാതീതമായ ഒരു വീര്യം നസ്രത്തിലെ ആ ദേഹത്തിനുണ്ടായിരുന്നുവെന്നു് സമ്മതിക്കാതിരിക്കുവാൻ ബറാബാസിനു കഴിഞ്ഞില്ല.

അദ്ദേഹം ഒരു പ്രവാചകനോ! പ്രവാചകന്മാരെപ്പററി ബറാബാസിനൊട്ടുംതന്നെ ബഹുമാനമുണ്ടായിരുന്നില്ല. യഹൂദമതത്തിന്റെ ബാഹ്യാചാരാനുഷ്ഠാനത്തിൽ ബറാബാസ് സുശിക്ഷിതനായിരുന്നുവെങ്കിലും, പ്രബലമായ ഒരു മതചൈതന്യം സദാ അയാളിൽനിന്നന്യമായിരുന്നു. ഒരു കവർച്ചക്കാരന്റെ ജീവിതം ആരംഭിച്ചതോടുകൂടി, ബാഹ്യാചാരങ്ങളും അസ്തമിച്ചു. അശനനിയമങ്ങളെ അയാൾ വിഗണിച്ചു, ശബ്ബതാചരണം സൗകര്യംപോലെ ആകാമെന്നുവെച്ചു. കൂടാതെ മുറപ്രകാരമുള്ള പ്രാർത്ഥനകളും ക്ഷാളനമുറകളും ബറാബാസും കൂട്ടരും മറന്നുപോയിട്ടു് വർഷങ്ങൾ പലതുകഴിഞ്ഞിരുന്നു. അവർ ജന്മനാ യഹൂദന്മാരായിരുന്നുവെന്നല്ലാതെ വിശ്വാസത്തിൽ അപ്രകാരമായിരുന്നില്ല.

മൗനാവസ്ഥയുടെ നീണ്ട മണിക്കൂറുകളിൽ ഈ നസ്രത്തുകാരനെസംബന്ധിച്ചു് താൻ സ്വീകരിക്കേണ്ടുന്ന നയവിശേഷത്തെപ്പററിയുള്ള ചിന്ത ബറാബാസിനെ അലട്ടിക്കൊണ്ടിരുന്നു. അവസാനം സ്ഥായിയായ ഒരനുമാനത്തിൽ താൻ എത്തിച്ചേർന്നതായി അയാൾക്കു തോന്നി. നസ്രായനായ ഈശോ പ്രവാചകനല്ല, അത്യധികം ഈശ്വരഭക്തി നടിച്ച ഒരു മായാവിമാത്രം. തനിക്കെതിരായി നടപടിനടത്തുവാൻ പുരോഹിതന്മാർക്കു് കഴിവില്ലാതിരുന്നവിധത്തിലായിരുന്നു അയാളുടെ ഭാവം. അതേസമയം സാധാരണജനങ്ങളുടെമേൽ സ്വാധീനം സമ്പാദിക്കുവാൻ അദ്ദേഹത്തിനു സാധിക്കുകയുംചെയ്തു. താൻ നേരിട്ടുകണ്ട കാര്യങ്ങൾക്കു് യോജിച്ചവിധത്തിലല്ലല്ലോ ഈ അനുമാനം എന്ന ഒരു ശബ്ദം ബറാബാസിന്റെ അന്തഃകരണത്തിൽ നിന്നുയർന്നു. ഏതായാലും നസ്രായന്റെ പ്രേഷണം ഒരു വൻകാര്യം ഉദ്ദേശിച്ചാണെന്നുള്ള ധാരണ ബറാബാസ് പാടെ അമർത്തുകതന്നെ ചെയ്തു. ഈ "മായാവി"യെ ബറാബാസ് ഹൃദയപൂർവ്വം വെറുത്തു. വ്യക്തിക്കെതിരായി വ്യക്തിയെന്ന നിലയിൽ അയാളെ എതിർത്തു സമരംചെയ്യുവാനും വിപ്ലവംസംബന്ധിച്ച അയാളുടെ ബാലിശമായ അഭിപ്രായത്തെ അപഹസിക്കുവാനും താൻ മതിയാകുമെന്നു് ബറാബാസ് തീരുമാനിക്കുകയുംചെയ്തു.

ഈശോയെ തന്റെ പക്ഷത്തു ലഭിക്കുവാൻ സാധിക്കാതെവന്നതിൽ ബറാബാസിനുണ്ടായ ഇച്ഛാഭംഗം അയാൾക്കു വിഗണിക്കുവാൻ കഴിഞ്ഞില്ല. തന്നെയോ അനുയായികളേയോ അവഗണനയിൽ തള്ളിയിട്ടിട്ടു് ഗലീലി മുഴുവനും ഈശോയുടെ കീർത്തിയിൽ നീന്തിത്തുടിക്കുന്ന അവസ്ഥ, ബറാബാസിനു ഒട്ടും സഹ്യമായില്ല. ഗലീലിയിലെ ആളുകൾ, ദൃഢഗാത്രരും പ്രവർത്തനസന്നദ്ധരും കഠിനാദ്ധ്വാനികളുമായ കൃഷീവലർ തന്റെ പ്രസ്ഥാനത്തിൽ വളരെ ഉപകാരം ചെയ്യുമായിരുന്നു. പക്ഷെ അവർ ഇപ്പോൾ മായാവിയുടെ അത്ഭുതബുദ്ബുദങ്ങളാൽ ആകൃഷ്ടരായിരിക്കുന്നു. മാത്രമല്ല മായാവി അവരെ സഹനസന്നദ്ധമായ ഒരുതരം ഈശ്വരഭക്തി പഠിപ്പിച്ചുവരികയും ചെയ്യുന്നു. പ്രാർത്ഥനാനിരതരും, കീർത്തനഗായകരുമായ കർഷകർ, ശില്പികൾ, ധീവരർ ഉൾപ്പെട്ട ഗലീലിയിലെ ജനസമുദായത്തിൽ വിപ്ലവം പൊട്ടിപ്പുറപ്പെടുക അസാദ്ധ്യമെന്നുതന്നെ ബറാബാസ് തീരുമാനിച്ചു.

തന്റെ വലിയ ഗദകൊണ്ടു് തറയിൽ ബറാബാസ് ബലത്തോടുകൂടി അടിച്ചു. ഈ ഗദ [illegible] സാധാരണ പിടിച്ചിരുന്നതിനാലത്രെ "ഗദക്കാരൻ" എന്ന അപരനാമം അയാൾക്കു സിദ്ധിച്ചതു്. തനിക്കുണ്ടായ വികാരാവേശത്തിനധീനനായി മഗ്ദലായിലെ വീടും വാടിയുമെല്ലാം ചുട്ടു ചാമ്പലാക്കാതിരുന്നതു് അബദ്ധമായിപ്പോയി എന്നായിരുന്നു ബറാബാസിന്റെ അപ്പോഴത്തെ ചിന്താഭാരം. അത്ഭുതക്കാരൻ അവിടെയുണ്ടായിരുന്നപ്പോൾ അങ്ങനെയൊരു പ്രവൃത്തി നടക്കുമായിരുന്നുവോ? മായാവിക്കോ ശിഷ്യർക്കോ വല്ല ആപത്തും നേരിട്ടിരുന്നുവെങ്കിൽ ക്ഷുഭിതരായ ജനക്കൂട്ടം അവിടെനിന്നു രക്ഷപെടുവാൻ തന്നേയും അനുയായികളേയും അനുവദിക്കുമായിരുന്നുവോ? ഈ ചോദ്യങ്ങളും വഴിയെ പുറപ്പെട്ടു.

അസ്തമനസന്ധ്യ ആസന്നമായി. ഗിലിയാദ് പർവ്വതത്തിലെ തണുത്ത കാററു് അവരെ സമാശ്വസിപ്പിച്ചു. ബറാബാസ് നിശ്ചലനായിനിന്നു്, കോപം തുളുമ്പിയ അയാളുടെ നെററിത്തടത്തിലെ സ്വേദകണങ്ങൾ ഇടത്തുകൈകൊണ്ടു വടിച്ചെറിഞ്ഞു. ജോർഡാനിലേക്കു് സമീപമുണ്ടായിരുന്ന കുന്നുകളിൽനിന്നൊഴുകിയ ഒരു സരിത്തിനടുത്തു് അവരെത്തി. വളരെ ദൂരെയല്ലാതെ പെല്ലാപട്ടണം അവരുടെ മുമ്പിൽ സ്ഥിതിചെയ്തു. പാറക്കെട്ടുകളുടെ ഇടയിൽ ഒരുത്തുംഗത്തിൽ നിന്നു സരിത്തു് പുറപ്പെട്ടതിനാൽ നിശാവിശ്രമത്തിനു സൗകര്യപ്രദമായ ഗുഹകൾ സമീപത്തു കാണേണ്ടിയിരുന്നു.

ബറാബാസ് നിശ്ചലനായ തോട്ടുകൂടി നിശ്ചലരായ അനുയായികളോടായിട്ടു അയാൾ പറഞ്ഞു: "ഈ രാത്രി ഇവിടെ [illegible]. ഒരു ഗുഹ നോക്കിക്കാണുവിൻ."

"ഗുഹ കണ്ടുപിടിച്ചാൽ മാത്രം പോരല്ലോ." അനാകർഷകമായ മുഖഭാവത്തോടുകൂടിയ ഒരു ചെറുപ്പക്കാരൻ പറഞ്ഞു.

"പിന്നെന്തു വേണം?"

"നാം ഇന്നേദിവസം ഒന്നും ഭക്ഷിച്ചിട്ടില്ലല്ലോ. സഞ്ചികളെല്ലാം ഒഴിയുകയും ചെയ്തു."

"എന്നാൽ അന്വേഷിച്ചു് ആവകയും വല്ലതും സമ്പാദിക്കുക. ആട്ടിൻപററങ്ങൾ അടുത്തുകാണും."

"എന്തുകൊടുത്തു വാങ്ങുവാനാണു്?" യുവാവായ കൊള്ളക്കാരൻ ചോദിച്ചു.

"നിങ്ങളുടെ ഗദകൾതന്നെ. പക്ഷെ അവയുപയോഗിക്കുമ്പോൾ ധാരാളം കരുതൽ വേണം."

ബറാബാസ് വിസ്തരിച്ചുപറഞ്ഞില്ല. ഇസ്രായേലിന്റെ ഈ മോചനകർത്താവു് ഇസ്രായേൽ സന്തതികളെ കൊല്ലുന്ന കാര്യത്തിൽ വിമുഖനല്ലെന്നു് അനുയായികൾക്കറിയാമായിരുന്നു. അവരിൽ ചിലർ അഭിപ്രായം പറഞ്ഞ യുവാവിന്റെ നേതൃത്വത്തിൽ വഴിയുടെ ഇടത്തുവശത്തെ പാറക്കെട്ടുകളിൽ തപ്പിക്കയറി. വേറെ ചിലർ സരിത്തിന്റെ ഗതി നോക്കി ഗുഹയന്വേഷിച്ചുപുറപ്പെട്ടു. വഴിയിൽനിന്നു ഏതാനും അടികൾ ഉള്ളിലേക്കു മാറി ശിലാമയമായ തറയിൽ ബറാബാസ് കിടന്നു. അനുയായികളിൽ പ്രായംചെന്ന ചിലരും അയാളുടെ ദൃഷ്ടാന്തം അനുകരിച്ചു. ഗുഹ അന്വേഷിച്ചു് പോയവർ പരസ്പരം വിളിച്ചറിയിക്കുന്ന ശബ്ദം കുറെനേരത്തേക്കു കേൾക്കാമായിരുന്നു. പിന്നീടു് സരിത്തിലെ നീരൊഴുക്കിന്റെ ശബ്ദവും വൃക്ഷശാഖകളിൽ കാററുണ്ടാക്കിയ മർമ്മരവുംമാത്രം ശ്രാവ്യമായി.

ക്ഷീണിതനായ ഒരാൾ തെക്കു [illegible] നിന്നു് മെല്ലെ നടന്നു ബറാബാസിനേയും കൂട്ടരേയും സമീപിക്കുന്നുണ്ടായിരുന്നു. കുററിക്കാടുകളുടെ മറപിടിച്ചു്, പാത്തും പതുങ്ങിയും അയാൾ അടികൾ മുമ്പോട്ടുവെച്ച രീതി കാണുന്നവർക്കു് മററു ജീവികളുടെ ദൃഷ്ടിയിൽപെടാതിരിക്കുവാൻ ആ പഥികൻ ദത്തശ്രദ്ധനായിരുന്നുവെന്നു നിഷ്പ്രയാസം ഗ്രഹിക്കാമായിരുന്നു. ആ ആഗാമുകനെ ആദ്യം കണ്ടതു് ബറാബാസായിരുന്നു. നിർവ്വിഘ്നം അയാൾ തന്നെ സമീപിക്കുവാൻ ബറാബാസനുവദിച്ചു. അല്പസമയം കഴിഞ്ഞപ്പോൾ അയാൾ ആരെന്നു ബറാബാസ് ഗ്രഹിച്ചു് "എസ്രാ" എന്നിങ്ങനെ വിളിച്ചു.

ഭയവിഹ്വലനായ സഞ്ചാരി അങ്ങുമിങ്ങും നോക്കി, ബറാബാസിനെ തിരിച്ചറിഞ്ഞപ്പോൾ വാടിത്തളർന്ന ആ മുഖബിംബത്തിൽ ഹർഷപ്രകർഷം വിളയാടി.

"ഹാ! ബറാബാസ്, നിങ്ങളെ ഒരിക്കലും കാണുവാൻ സാധിക്കുകയില്ലെന്നു കരുതി ഞാൻ ആധിപിടിക്കുകയായിരുന്നു." ബറാബാസ് ആഗതനെ അത്യാനന്ദപൂർവ്വം ആലിംഗനം ചെയ്തു.

"എസ്രാ, താൻ എവിടെനിന്നു വരുന്നു?"

"പാളയത്തിൽ നിന്നുതന്നെ. നിങ്ങളെ കാണാനായി ഞാൻ അവിടെയെത്തിയപ്പോൾ നിങ്ങൾ നസ്രത്തിലെ യേശു എന്ന ആ പ്രവാചകനെ അന്വേഷിച്ചു പോയിരിക്കുകയാണെന്നു എലിയാസർ പറഞ്ഞു."

ബറാബാസിനു് കോപംകൊണ്ടു ഭ്രമംഉണ്ടായി; "താനും ആ ആളെ പ്രവാചകൻ എന്നാണോ വിളിക്കുന്നതു്? ആ പ്രയോഗമൊന്നും ഇവിടെ വേണ്ട. ആ റോമൻ പട്ടികൾ തന്നെ സ്വതന്ത്രനാക്കിയതാണോ?"

എസ്രാ അവജ്ഞാപൂർവ്വം ചിരിച്ചു: "എന്നെ സ്വതന്ത്രനാക്കിയതോ? അതിനു അവർ സ്വപ്നത്തിൽപോലും തുനിഞ്ഞില്ല. ഞാൻ രക്ഷപെട്ടു, തക്കസമയത്തു രക്ഷപെട്ടു എന്നു പറയാം. അല്ലെങ്കിൽ അവർ എന്നെ തല്ലിക്കൊല്ലുമായിരുന്നു."

എസ്രായെ ആദരപൂർവ്വം ഉററുനോക്കിക്കൊണ്ടു ബറാബാസ് പറഞ്ഞു: "താൻ രക്ഷപെട്ടുവോ! ഞാൻ എല്ലായ്പോഴും തന്നെപ്പററി വളരെ കാര്യമായി ചിന്തിച്ചിരുന്നു. എന്നാൽ താൻ ഇത്രയുമൊക്കെ സാധിക്കുമെന്നു്..."

"ഉടനെയോ താമസിച്ചോ അവർ എന്നെ ചതച്ചുകൊല്ലുമായിരുന്നു. അല്ലെങ്കിൽ കപ്പലിലെ ജോലിക്കയക്കുമായിരുന്നു. ഏതുവിധത്തിലെന്നു നിശ്ചയമില്ലാതിരുന്ന മരണത്തിനു പകരം വിധം നിശ്ചയമുള്ള മരണമാകട്ടെയെന്നു ഞാൻ കരുതി. ഒരു നിസ്സാരസൗകര്യം ലഭിച്ചതുപോലെ തോന്നി, ഞാൻ അതുപയോഗിച്ചു."

"എസ്രാ, തന്നെ അവർ കഠിനമായി മർദ്ദിച്ചുവോ?" സഹതാപപൂർവ്വം ബറാബാസ് ചോദിച്ചു.

എസ്രാ വാഗ്രൂപേണ ഉത്തരം നൽകിയില്ല. അയാൾ കൈയില്ലാത്ത പുറംകുപ്പായം ഊരി പുറത്തുണ്ടായിരുന്ന മുറിവുകളും പാടുകളും കാണിച്ചു. അനന്തരം കൈത്തണ്ടിലും [illegible] ഉണ്ടായിരുന്ന പഴുത്ത വ്രണങ്ങൾ വെളിപ്പെടുത്തി. നേതാവിന്റെ സമീപത്തുതന്നെ കിടന്നിരുന്ന ആളുകൾ ചുററുംകൂടി അവർക്കു തോന്നിയ ഭയവും വിദ്വേഷവും ആംഗ്യങ്ങളാലും ക്രന്ദനങ്ങൾകൊണ്ടും പ്രകടിപ്പിച്ചു.

(തുടരും)

---

ന്നു എന്നു ഇപ്പോൾ നാം പറയുന്നതു്.

പാപം അന്നെന്നപോലെ ഇന്നും ദൈവത്തോടുള്ള നിന്ദയാണു്. അതിനു പരിഹാരം ചെയ്യേണ്ടതു് എപ്പോഴും നമ്മുടെ കടമയാണു്. അങ്ങനെയുള്ള പരിഹാരപ്രവൃത്തികൾ ഈശോയ്ക്കു പ്രിയംകരമാണു്. അതിനാൽ ഈ ലക്ഷ്യത്തെ ലാക്കാക്കിയുള്ള നമ്മുടെ പരിശ്രമങ്ങൾ തീർച്ചയായും ഫലപ്രദങ്ങളായിരിക്കും.

36-ാമത്തെ സാർവ്വലൗകിക ദിവ്യകാരുണ്യകോൺഗ്രസ്സ് അടുത്ത ജൂലൈ 17 മുതൽ 24 വരെ തീയതികളിൽ തെക്കേ അമേരിക്കയിലെ ബ്രസീൽരാജ്യത്തിന്റെ തലസ്ഥാനമായ റയോ ഡി ജനേയ്റോ (Rio de Janeiro, Brazil) എന്ന സ്ഥലത്തുവച്ചു നടക്കുന്നതാണു്. നമുക്കതിൽ സംബന്ധിക്കുവാൻ സാധിക്കുകയില്ല, എങ്കിലും അതിന്റെ വിജയത്തിനും, അതുവഴി ലോകത്തിനു മുഴുവൻ ധാരാളം അനുഗ്രഹങ്ങൾ ലഭിക്കുന്നതിനുമായി നാം പ്രാർത്ഥിക്കണം.

---



അസാദ്ധ്യമെന്നു കരുതിയിരുന്ന സംഗതി ഫാത്തിമാമാതാവിന്റെ മാദ്ധ്യസ്ഥം ഒന്നുകൊണ്ടുമാത്രം സാധിച്ചതിനു് കൃതജ്ഞത.

ജോബ് നെറോനാ, കായാവീൽ
മയ്യനാട്ട്



# ജോൺബോസ്കോയുടെ വിദ്യാഭ്യാസാദർശം

പരിഷ്കാരത്തിലും സംസ്കാരത്തിലും, ശാസ്ത്രപുരോഗതിയിലും സാമൂഹികപരിവർത്തനങ്ങളിലും അതീതകാലങ്ങളെ പാടെ അതിശയിച്ചുകഴിഞ്ഞിട്ടുള്ള ഇന്നത്തെ യുഗത്തിൽ തദനുഗുണമായ ഒരു വിദ്യാഭ്യാസ പരിപാടിയാണ് ലോകത്തിനു അത്യധികം ആവശ്യമായി വന്നിരിക്കുന്നതു്. പാക്ഷികമായ ചില ലക്ഷ്യങ്ങളെ മുൻനിർത്തി വിദ്യാഭ്യാസത്തെ കരുപ്പിടിപ്പിക്കുന്നതിനുള്ള ശ്രമങ്ങളാണ് ഇന്നെവിടെയും കാണുന്നതു്. ഓരോ ആദർശങ്ങളെ പുലർത്തുന്ന സംഘടനകളും രാഷ്ട്രീയ പാർട്ടികളും അതതിന്റെ ലക്ഷ്യങ്ങളെ പുരോഗമിപ്പിക്കുന്നതിനു പയുക്തമായ രീതിയിൽ യുവസഞ്ചയത്തിന്റെ വിദ്യാഭ്യാസപരിപാടികളെ പ്രായോഗികമാക്കുന്നതിനുള്ള ബദ്ധപ്പാടിലാണ് ശ്രദ്ധ കേന്ദ്രീകരിക്കുന്നതു്. തന്മൂലം മനുഷ്യന്റെ വ്യക്തിത്വത്തെ വികസിപ്പിക്കുന്നതിനും പ്രകൃതിസഹജമായ അവന്റെ ലാലസകളെ പൂർത്തിയാക്കുന്നതിനും ഇന്നത്തെ വിദ്യാഭ്യാസത്തിനു കഴിയാതെപോകുന്നു. അതിന്റെ ദുരന്തഫലങ്ങൾ ഇന്നത്തെ തലമുറയെ അടിക്കടി അധഃപ്പതിപ്പിക്കുകയാണ്. ഈ വ്യതിയാനങ്ങളും പാകപ്പിഴകളും രംഗപ്രവേശം ചെയ്ത കഴിഞ്ഞ നൂററാണ്ടിൽ അവയ്ക്കെതിരായി പടവെട്ടുകയും മനുഷ്യനു യോജ്യവും പ്രായോഗികവുമായ വിദ്യാഭ്യാസാദർശങ്ങളെ വിദ്യാഭ്യാസപ്രവർത്തകന്മാർക്കു മാർഗ്ഗദർശകമാകത്തക്കവണ്ണം നടപ്പിൽ വരുത്തുകയും ചെയ്ത മഹാനാണ് ജോൺബോസ്കോ.

### പാവങ്ങളുടെ മിത്രം

സമുദായത്തിന്റെ കാലാനുസൃതമായ ഉന്നമനത്തിനു അതിന്റെ മുകൾത്തട്ടിലുള്ളവരെമാത്രം സ്പർശിക്കുന്ന ഒരു നവീകരണത്തിനു സാദ്ധ്യമല്ല. കൂടുതലായി അതു സാധാരണക്കാരേയും അധഃകൃതരേയും സമുദ്ധരിക്കുന്നതിനു പ്രാപ്തമാകണം. ജോൺബോസ്കോയുടെ വിദ്യാഭ്യാസപദ്ധതിക്കുള്ള സവിശേഷമായ ഒരു മേന്മ ഇതാണ്. പ്രകൃത്യാ ദീനദയാലുവായ അദ്ദേഹത്തിന്റെ ശ്രദ്ധ ആദ്യമായി പതിഞ്ഞതു് തൊഴിലാളികളുടേയും പരിത്യക്തരായ അവശരുടേയും കുട്ടികളെ വിദ്യ അഭ്യസിപ്പിക്കുന്നതിലായിരുന്നു. മാനവസമുദായത്തിൽ ഉച്ചനീചത്വങ്ങൾ അത്യുച്ചിയെ പ്രാപിച്ചിരുന്ന 19-ാംനൂററാണ്ടിന്റെ മദ്ധ്യത്തിൽ ജീവിച്ചിരുന്ന ചരിത്രപുരുഷനു്, അക്കാലത്തു വ്യാവസായികലോകത്തു വന്നുവശായിരുന്ന വിപ്ലവങ്ങളും കുഴപ്പങ്ങളുംമൂലം നിരാധാരരായി, തെരുവുതെണ്ടികളായി, സമുദായത്തിന്റെ അർബ്ബുദങ്ങളായി കാലംപോക്കിയിരുന്ന കുട്ടിപ്പട്ടാളത്തെ അവഗണിക്കുവാൻ സാധിച്ചില്ല. ദുസ്സഹമായ ദാരിദ്ര്യംമൂലവും കാലോചിതമായ നിയന്ത്രണരാഹിത്യംകൊണ്ടും അധർമ്മികളായി ജീവിതംപോക്കിയിരുന്ന അവരെ അന്നത്തെ ലോകം വെറുത്തു പുറംതള്ളിയിരുന്നു. എന്നാൽ ഭയജനകമാകത്തക്കവിധം നാൾക്കുനാൾ അവരുടെ സംഖ്യ വർദ്ധിച്ചുകൊണ്ടുമിരുന്നു. ഇവരെ മെരുക്കിയെടുക്കുന്നതിനു്, മനുഷ്യരാക്കി രൂപം കൊടുക്കുന്നതിനു്, സാമൂഹികജീവിതത്തിന്റെ ഘടകങ്ങളാക്കിത്തീർക്കുന്നതിനാണ് ജോൺബോസ്കോ ഓറട്ടറികൾ എന്നറിയപ്പെടുന്ന സങ്കേതങ്ങൾ സൃഷ്ടിച്ചതു്. ഒരു യുവവൈദികനായിരുന്ന അദ്ദേഹത്തിന്റെ ഈ പ്രസ്ഥാനം കഠിനമായ വിമർശനങ്ങൾക്കും ശക്തിയായ എതിർപ്പുകൾക്കും വിധേയമായി. പ്രബലശക്തികൾ അതിനെതിരായി അണിനിരന്നു. പക്ഷെ ധീരനായ കഥാനായകൻ ലേശവും കൂസുകയുണ്ടായില്ല. യുവമനസ്സിനു പ്രകാശനവും, ഹൃദയത്തിനു പ്രചോദനവും ശരീരത്തിനു ആരോഗ്യവും കൈവരുത്തുന്ന സർവ്വംകഷമായ ഒരു പരിശീലനപരിപാടി ഓററ്ററികളെന്നറിയപ്പെട്ട ആ ബാലസങ്കേതങ്ങളിൽ അദ്ദേഹം ആവിഷ്കരിച്ചു. ചെറുപ്പക്കാരുടെ ഹൃദയങ്ങളെ ഹഠാദാകർഷിക്കുന്നതിനും അവരുടെ സ്നേഹവിശ്വാസങ്ങളെ സ്വാധീനിക്കുന്നതിനുമുള്ള അസാധാരണമായ കഴിവുകൾ അദ്ദേഹത്തിന്റെ പ്രവർത്തനവിജയത്തിനു സഹായകമായിരുന്നു എന്നുള്ളതു വാസ്തവംതന്നെ. ആ കഴിവുകൾ പരമാവധി അദ്ദേഹം പ്രയോഗിച്ചു എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ വിജയകാരണം.



വിശുദ്ധ ജോൺ ബോസ്കോ

### ഓറട്ടറി പദ്ധതി

ഓറട്ടറികൾ എന്നറിയപ്പെട്ടുന്ന ജോൺബോസ്കോയുടെ സ്ഥാപനങ്ങളിലെ വിദ്യാഭ്യാസപദ്ധതി സുസ്ഥിരമായ അടിസ്ഥാനത്തിൽ ഉറപ്പിക്കപ്പെട്ടിട്ടുള്ളതാണ്. പരിതസ്ഥിതികളെ അവഗാഢമായി പഠിച്ചും പ്രായോഗികപദ്ധതികളെ ചിരപരീക്ഷണങ്ങൾകൊണ്ടു ഗ്രഹിച്ചുമാണ് അദ്ദേഹം അതിനുള്ള ആസൂത്രണങ്ങൾ മുഴമിപ്പിച്ചതു്. തന്റെ സഹപ്രവർത്തകന്മാർക്കു മാർഗ്ഗനിർദ്ദേശകമാകത്തക്കവണ്ണം 1846-ൽ അദ്ദേഹം ഒരു ചെറുഗ്രന്ഥം പ്രസിദ്ധീകരിച്ചു. ഓറട്ടറിയുടെ ഉദ്ദേശ്യവും, അതിന്റെ മേൽനോട്ടത്തിനു വേണ്ട സജ്ജീകരണങ്ങളും, കുട്ടികളുടെ ആദ്ധ്യാത്മികവും മാനസ്സികവും ആരോഗ്യപരവും തൊഴിൽപരവുമായ എല്ലാ പരിശീലനപരിപാടികളും അതിൽ സമ്യക്കായി പ്രതിപാദിച്ചിരുന്നു. തന്റെ സഹകാരികളെ ഒന്നിച്ചുകൂട്ടി അദ്ദേഹം പ്രതിവാരകോൺഫറൻസുകൾ നടത്തുകയും പ്രസ്തുത കോൺഫറൻസുകളിൽ പ്രവർത്തനത്തിന്റെ വിവിധവശങ്ങളെ ചർച്ചചെയ്യുകയും ചെയ്തുവന്നു. അദ്ധ്യാപകപ്രശ്നമാണ് ഏററം വലിയ പ്രതിബന്ധമായിരുന്നതു്. അതും സ്തുത്യർഹമായ രീതിയിൽ അദ്ദേഹം സമർത്ഥമായി നേരിട്ടു. ഓററ്ററി അംഗങ്ങളിൽ ബുദ്ധിമാന്മാരും കൂടുതൽ പാടവം പ്രദർശിപ്പിച്ചവരുമായവരെ തിരഞ്ഞെടുത്തു അവർക്കു പ്രത്യേകാഭ്യസനം നൽകുകയും മററുള്ളവരെ പഠിപ്പിക്കത്തക്കവണ്ണം അവരെ എളുപ്പത്തിൽ പരിശീലിപ്പിക്കുകയും ചെയ്തു. വിനാവിളംബം ഉൽബുദ്ധരും സമർത്ഥരും സേവനസന്നദ്ധരും സ്ഥാപനത്തോട്ടു ബന്ധപ്പെട്ടവരുമായ ഒരു അദ്ധ്യാപകഗണം അദ്ദേഹത്തിനു കരഗതമായി. അക്ഷരജ്ഞാനം മാത്രമല്ല സമുന്നതമായ നിലയിലുള്ള സർവ്വതോമുഖമായ ഒരു വിദ്യാഭ്യാസപദ്ധതി നടപ്പാക്കുന്നതിനു ഈവിധത്തിൽ അദ്ദേഹത്തിനു സാധിച്ചു.

ജോൺബോസ്കോയുടെ അത്ഭുതാവഹമായ വിജയത്തിനു കാരണമായി ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്ന പ്രത്യേകഗുണം ഉന്നതങ്ങളായ ആദർശങ്ങളെ വിഭവകസമന്വിതം സാധാരണങ്ങളായ മാർഗ്ഗങ്ങളിൽ പ്രായോഗികമാക്കുന്നതിനു അദ്ദേഹത്തിനുണ്ടായിരുന്ന കഴിവാണ്. ഓരോ സ്ഥലത്തേയും ആവശ്യങ്ങളേയും പരിതസ്ഥിതികളേയും എളുപ്പത്തിൽ മനസ്സിലാക്കുന്നതിനും അവിടത്തേക്കു പററിയവിധത്തിൽ സാഹിത്യപരമോ, കൃഷിപ്രധാനമോ, തൊഴിൽപരമോ ആയ വിദ്യാലയങ്ങൾ സമാരംഭിക്കുന്നതിനും അദ്ദേഹത്തിനു നിഷ്പ്രയാസം കഴിഞ്ഞിരുന്നു. ആരംഭകാലത്തു ഓററ്ററിബാലന്മാരെ അടുത്തുള്ള വ്യവസായശാലകളിലും മററും പരിശീലനത്തിനുവേണ്ടി അയച്ചുകൊണ്ടിരുന്നു. പലതരത്തിലും ഇതു അദ്ദേഹത്തിന്റെ ഉദ്ദേശ്യത്തിനു ഹാനികരമാണെന്നു കണ്ടെത്തുകൊണ്ടു് അദ്ദേഹം പ്രത്യേകം വ്യാവസായികവിദ്യാലയങ്ങൾ സമാരംഭിച്ചു. പ്രബലന്മാരായ വ്യവസായികളിൽനിന്നും ഗവമ്മെൻറിൽനിന്നും ഇതിനെതിരായ നടപടികളുണ്ടായി. പക്ഷെ അദ്ദേഹം വ്യതിചലിച്ചില്ല. അദ്ദേഹത്തിന്റെ വിദ്യാഭ്യാസസ്ഥാപനങ്ങളെ നിഷ്കർഷമായി പരിശോധിച്ചുകൊള്ളുവാൻ ഗവമ്മെൻറധികാരികളെ അദ്ദേഹം സ്വാഗതംചെയ്തു. പക്ഷെ വിദ്യാലയങ്ങളിലെ പാഠപദ്ധതികളെപ്പററിയോ പരിശീലനപരിപാടികളെ സംബന്ധിച്ചോ യാതൊരുതരത്തിലും പുറമേനിന്നുള്ള കൈകടത്തലുകൾക്കു അദ്ദേഹം വഴിപ്പെട്ടില്ല. 19-ാം നൂററാണ്ടിന്റെ മദ്ധ്യദശകങ്ങളിൽ ഇററലിയിൽ സഭയും രാഷ്ട്രവും തമ്മിൽ ഘോരസംഘട്ടനം നടന്നുകൊണ്ടിരുന്ന സാഹചര്യങ്ങളിൽ ഡോൺബോസ്കോയ്ക്കു അദ്ദേഹത്തിന്റെ പ്രസ്ഥാനങ്ങളെ നിയന്ത്രിച്ചുകൊണ്ടുപോകുവാൻ വളരെ വൈഷമ്യങ്ങൾ നേരിടേണ്ടിവന്നു. അദ്ദേഹത്തിന്റെ അനിതരസാധാരണമായ പ്രാപ്തിവിശേഷങ്ങളാണ് അവയിലെല്ലാം ദൈവാനുകൂല്യത്തിൽ അദ്ദേഹത്തെ നയിച്ചിരുന്നതു്. ഒരിക്കൽ ഗവമ്മെൻറിന്റെ കിങ്കരന്മാർ അദ്ദേഹത്തെ സമീപിച്ചു് അദ്ദേഹത്തിന്റെ രാഷ്ട്രീയാഭിപ്രായം എന്താണെന്നു വെളിവാക്കുവാൻ ആവശ്യപ്പെട്ടു. "എന്റെ രാഷ്ട്രീയത്തിന്റെ സംഗ്രഹം "ആകാശങ്ങളിലിരിക്കുന്ന ഞങ്ങളുടെ പിതാവേ" എന്നുള്ള ജപത്തിൽ അടങ്ങിയിട്ടുണ്ടു്. ദൈവത്തിന്റെ പിതൃത്വത്തിൻ കീഴിൽ മനുഷ്യന്റെ സാഹോദര്യത്തിനുവേണ്ടി പ്രയത്നിക്കുകയാണ് എന്റെ പ്രേഷിതത്വം." ഇതായിരുന്നു അതിനദ്ദേഹം നൽകിയ സമാധാനം. രാഷ്ട്രീയാധികാരത്തെ അദ്ദേഹം ബഹുമാനിച്ചിരുന്നു. എന്നാൽ സഭയോടും പരിശുദ്ധ മാർപ്പാപ്പായോടുമുള്ള അദ്ദേഹത്തിന്റെ വിശ്വസ്തത അഭംഗുരമായിരുന്നു. ഒരവസരത്തിൽ ഒരു മാന്യസദസ്സിൽവച്ചു ഇററലിയിലെ രാഷ്ട്രനേതാക്കന്മാർക്കുവേണ്ടി പാനോപചാരം നടത്തുന്നതിനു അദ്ദേഹം നിർബന്ധിതനായി. അചഞ്ചലനായി ഗൗരവപൂർവ്വം അദ്ദേഹം അതു നിർവ്വഹിച്ചു. "വിക്ടർ എമ്മാനുവേൽ വിജയിക്കട്ടെ, കാവോർ വിജയിക്കട്ടെ, ഗരിബാൾഡി വിജയിക്കട്ടെ; എന്നാൽ അവരുടെ ആത്മരക്ഷ നേടത്തക്കവണ്ണം മാർപ്പാപ്പായുടെ കൊടിക്കീഴിൽ അവർ വിരാജിക്കട്ടെ!" ഇതായിരുന്നു പാനോപചാരാശംസ. ശ്രോതാക്കൾ അത്ഭുതസ്തബ്ധരും ഒരുവിധത്തിൽ ഇളിഭ്യരുമായിപ്പോയി.

### പരിശീലനത്തിന്റെ ലക്ഷ്യങ്ങൾ

ജോൺബോസ്കോയുടെ യുവജനപരിശീലനത്തിൽ അമൂല്യങ്ങളായ ചില ആദർശങ്ങൾ അഭംഗം പാലിക്കപ്പെടണമെന്നു അദ്ദേഹം നിർബന്ധിച്ചിട്ടുണ്ടു്. സ്ഥലകാലവ്യത്യാസങ്ങൾ അനുസരിച്ചു പരിപാടികൾക്കു രൂപംകൊടുക്കാമെങ്കിലും അടിസ്ഥാനതത്വങ്ങൾ ഒരിക്കലും കൈവെടിയുകയോ അനാദരിക്കപ്പെടുകയോ ചെയ്തുകൂടെന്നാണ് അദ്ദേഹം നിർബന്ധിച്ചിട്ടുള്ളതു്. അദ്ദേഹം ഒരു പുതിയ പദ്ധതിയുടെ വിധാതാവാണ്. ബാലികാബാലന്മാരുടെ മനശ്ശാസ്ത്രമാണ് അദ്ദേഹത്തിന്റെ പദ്ധതിക്കാധാരം. ഓരോ വിദ്യാർത്ഥിയും അവന്റെ വ്യക്തിത്വത്തെ കൈവെടിയാതെ പരിശീലനത്തിനു വിധേയനാവണം. മതപരവും ധാർമ്മികവും തൊഴിൽപരവുമായ പരിശീലനത്തിൽ വ്യക്തിപരമായ പ്രവണതകളേയും കഴിവുകളേയും പോഷിപ്പിക്കുന്നതിനുള്ള മാർഗ്ഗങ്ങളാണ് പ്രയോഗിക്കപ്പെടേണ്ടതു്. തൊഴിലും വിനോദവും, സ്വാതന്ത്ര്യവും ശിക്ഷണവും ഒത്തിണക്കിവേണം ഈ പരിശീലനം സാധിക്കുവാൻ. ഉരുക്കുയന്ത്രങ്ങളിൽ വ്യവസായോല്പന്നങ്ങൾ ഉരുവാക്കുന്ന രീതി വിദ്യാഭ്യാസത്തിൽ പ്രയോഗിക്കപ്പെടരുതു്. അദ്ധ്യാപകൻ വിദ്യാർത്ഥികളെ അടിച്ചുപരത്തുന്ന ഒരു ഇരുമ്പുകൂടമാകരുതു്. പ്രത്യുത ഒരു പിതാവും, ഉപദേശകനും, സ്നേഹിതനുമായിരിക്കണം. അദ്ധ്യേതാക്കൾക്കു അറിവു നൽകുന്നതിൽ കൂടുതലായി അവരുടെ മാനസികശിക്ഷണത്തിൽ ശ്രദ്ധ പതിക്കണം. ശിക്ഷണത്തിന്റേയും പരിശീലനത്തിന്റേയും പ്രേരകതത്വങ്ങളെ മതവിശ്വാസത്തിൽനിന്നു മനഞ്ഞെടുക്കുന്നതിനുള്ള ആദ്ധ്യാത്മികവീക്ഷണം അവരിൽ സ്വയം സംജാതമാകണം. "വിദ്യാഭ്യാസത്തിന്റെ ആത്മാവു്, ആത്മാവിന്റെ വിദ്യാഭ്യാസമാണെ"ന്നാണ് അദ്ദേഹം സിദ്ധാന്തിച്ചിട്ടുള്ളതു്. അദ്ദേഹത്തിന്റെ ഈ വിദ്യാഭ്യാസാദർശമാണ് "പ്രിവൻറീവു് സിസ്റ്റം" എന്നു വിളിക്കപ്പെടുന്നതു്. വിദ്യാർത്ഥികളുടെ ജീവിതലക്ഷ്യത്തേയും സ്വാഭാവികമായ പ്രവണതകളേയും വ്യക്തിഗതമായ കഴിവുകളേയും പ്രായേണ വിഗണിച്ചുകൊണ്ടു് രാഷ്ട്രങ്ങളുടേയും സമൂഹങ്ങളുടേയും ലക്ഷ്യങ്ങൾക്കനുസരിച്ച വിധത്തിൽ വിദ്യാർത്ഥിലോകത്തെ വാർത്തെടുക്കുന്നതിനു ബദ്ധപ്പെടുന്ന ആധുനിക വിദ്യാഭ്യാസാദർശത്തിനു ഈ പദ്ധതി ഒരു വെല്ലുവിളിയാണ്. വഴിപിഴച്ച ഇന്നത്തെ ആദർശങ്ങൾ കൈവെടിയുകയും അഭികാമ്യവും ശ്രേയോന്മുഖവുമായ ഈ പദ്ധതി ആശ്ലേഷിക്കുകയും ചെയ്യാത്തിടത്തോളംകാലം വിദ്യാഭ്യാസം വെറും ഒരു പട്ടാളപരിശീലനവും ഭാവിതലമുറയ്ക്കു വിനാശകരവുമാകാതെ ഗത്യന്തരമില്ല. അതുകൊണ്ടു വിദ്യാഭ്യാസം ഓരോ വിദ്യാർത്ഥിയുടേയും കഴിവുകളുടെ സർവ്വതോമുഖമായ വികസനത്തിനും പരിശീലനത്തിനുമുള്ള ഉപാധിയാണെന്നു വിദ്യാഭ്യാസപ്രവർത്തകർ മനസ്സിലാക്കുകയും അതിനു പററുന്ന പദ്ധതികൾ പ്രായോഗികമാക്കുകയും ചെയ്യുന്നതോടൊപ്പം, അദ്ധ്യേതാക്കളുടെ ഉത്തരവാദിത്വബോധത്തെപ്പററി അവരിൽ ആത്മബോധം കൈവരുത്തത്തക്കവിധത്തിൽ അവരിലേക്കു പകരപ്പെടുകയും ചെയ്യണം. ജോൺബോസ്കോയുടെ വിദ്യാഭ്യാസപദ്ധതിയിൽ ഉൾക്കൊള്ളുന്ന ഈ പ്രചോദനം നമ്മുടെ വിദ്യാഭ്യാസരംഗത്തെ പ്രശോഭനമാക്കുവാൻ സഹായിക്കുന്നതാണ്.

(ജോൺബോസ്കോയുടെ ആദർശാനുസാരം യുവജനപരിശീലനം നിർവ്വഹിച്ചുകൊണ്ടിരിക്കുന്ന സലേഷ്യൻ ഓററ്ററികളുടെ പ്രവർത്തനങ്ങളെ വിശദീകരിക്കുന്ന ലേഖനം അടുത്തതിൽ)

—ഠ—


## മെഡിക്കൽ സിസ്റ്റേഴ്സ്
### അർത്ഥിനികളെ ക്ഷണിക്കുന്നു

സന്യാസജീവിതം നയിച്ചു ആതുരശുശ്രൂഷ ചെയ്വാനാഗ്രഹിക്കുന്ന സ്കൂൾഫൈനൽ, ഇൻറർ, ബി. എസ്‌സി. മുതലായ ഏതെങ്കിലും പരീക്ഷായോഗ്യതയുള്ള യുവതികളെ ആവശ്യമുണ്ടു്. കൂടുതൽ വിവരങ്ങൾക്കു എഴുതുക:

ധർമ്മഗിരി,
കോതമംഗലം

സിസ്റ്റർ സുപ്പീരിയർ


മംഗലാപുരം

## ജസ്വീററ് വൈസ് പ്രോവിൻസ്

1955 മേയ് 3-ാം തീയതിയിലെ ഒരു ഡിക്രിയനുസരിച്ചു് ജസ്വീററ്സഭയുടെ ജനറൽ, സഭയുടെ മുൻ കോഴിക്കോട്ടുമിഷനെ ഒരു സ്വതന്ത്രഘടകമായി ഉയർത്തിയിരിക്കുന്നു. മംഗലാപുരം വൈസ്പ്രോവിൻസ് എന്ന പേരിലായിരിക്കും ഈ പുതിയ ഘടകം അറിയപ്പെടുക. അതേ ഡിക്രിയനുസരിച്ചു്, മിഷനിലെ ജസ്വീററ് വൈദികരുടെ പരിരക്ഷണത്തിലായിരുന്ന കോഴിക്കോട്ടുരൂപത അതിൽനിന്നു വേർപെടുത്തി ജസ്വീററ്സഭയുടെ മധുരപ്രോവിൻസിനോടു കൂട്ടിച്ചേർത്തിരിക്കുന്നു. മുൻ കോഴിക്കോട്ടുമിഷനിലുള്ള മലയാളികളായ എല്ലാ ജസ്വീററുകാരും മധുരപ്രോവിൻസിലായിരിക്കുന്നതാണ്. മലയാളഭാഷ സംസാരിക്കുന്നവർ നിവസിക്കുന്ന പ്രദേശങ്ങളെ സഭയുടെ പ്രവർത്തനങ്ങളാൽ അഭിവൃദ്ധിപ്പെടുത്തുന്നതിനു് മധുരപ്രോവിൻസിനു സൗകര്യം നൽകുന്നതിനും തദ്വാരാ കാലക്രമേണ ഒരു മലബാർ പ്രോവിൻസ് ഏർപ്പെടുത്തുന്നതിനും സഹായിക്കുകയെന്നതാണ് ഈ വിഭജനത്തിന്റെ ഉദ്ദേശ്യം. ആ വിവരം ഡിക്രിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടു്.

ഇന്ത്യയിലെ വിവിധ ജസ്വീററ്മിഷനുകളെ സ്വാതന്ത്ര്യവും സ്വയംപര്യാപ്തവുമാക്കുന്നതിനു മുന്നോട്ടുള്ള മറെറാരു കാൽവയ്പാണിതു. 1952-ൽ മധുരപ്രോവിൻസ് ഏർപ്പെടുത്തിയതായിരുന്നു ആദ്യത്തെ കാൽവയ്പു്.

തിരുസഭാചരിത്രം 72

# തിരുസ്സഭ നാലും അഞ്ചും ശതാബ്ദങ്ങളിൽ

## ദേവാലയങ്ങൾ

[പ്രൊഫസർ പി. ററി. തോമസ് എം. എ.]

ആദിമശതകങ്ങളിലെ ക്രിസ്ത്യാനികൾ അവരവരുടെ വസതികളിൽ ഇരുന്നു് രഹസ്യമായ പ്രാത്ഥനകളും ഭക്തകമ്മങ്ങളും നടത്തുകയായിരുന്നു പതിവു്. ചിലപ്പോൾ ഏതെങ്കിലും ഭവനങ്ങളിൽ ഒരുമിച്ചുകൂടിയും പ്രാത്ഥനകൾ നടത്തിയിരുന്നു. വിശ്വാസികളുടെ എണ്ണം വർദ്ധിച്ചുവന്നതോടുകൂടി ഒരു ഭവനം മുഴുവൻ പ്രാത്ഥനാലയമായി സജ്ജീകരിച്ചു് ഉപയോഗിക്കുന്ന പതിവും നടപ്പിൽ വന്നു.

തിരുസ്സഭയ്ക്കു് വസ്തുവകകളുടെ ഉടമസ്ഥത വഹിക്കുവാനുള്ള അവകാശം ഭരണകൂടത്തിൽനിന്നും അനുവദിക്കപ്പെട്ടതോടുകൂടി വിശ്വാസികൾ ദേവാലയനിമ്മാണത്തിൽ ഉൽസുകരായിത്തീന്നു. റോമൻക്ഷേത്രങ്ങളോടു കിടപിടിക്കത്തക്ക വൻപിച്ച ദേവാലയങ്ങളാണു് ക്രിസ്ത്യാനികൾ പണിതീത്തതു്. അക്കാലത്തു് റോമാനഗരത്തിൽ നീതിന്യായക്കോടതികൾ, വ്യാപാരശാലകൾ മുതലായവയ്ക്കായി ഉപയോഗിച്ചിരുന്നതു് മൂന്നു നെടുംശാലകളോടുകൂടിയ ദീർഘചതുരാകൃതിയിലുള്ള കെട്ടിടങ്ങളാണു്. ഇവയെ ബസ്ലിക്കാകൾ എന്നു വിളിച്ചുവന്നു. ഇവയുടെ മാതൃകയിലാണു് പ്രഥമ ക്രിസ്തീയ ദേവാലയങ്ങൾ പണിചെയ്യപ്പെട്ടതു്. അതുകൊണ്ടു അവയ്ക്കും ബസ്ലിക്കാകൾ എന്ന പേരു സിദ്ധിക്കുകയുണ്ടായി.

മഹാനായ കോൺസ്റ്റൻറയിൻ അനവധി ക്രൈസ്തവദേവാലയങ്ങൾ പണികഴിപ്പിച്ചിട്ടുണ്ടു്. റോമാനഗരത്തിലെ നാലു പ്രസിദ്ധ ബസ്ലിക്കാകൾ ഇവയിൽ ഉൾപ്പെടുന്നു. അവ വി. സ്നാപകയോഹന്നാൻ (St. John Lateran) വി. പത്രാസ് (St. Peter's) വി. പൗലോസ് (St. Poul Outside the Walls) വി. ലോറൻസ് (St. Lawrence outside the Wals) എന്നി ബസ്ലിക്കാകളാണു്. ഇവയിൽ ആദ്യത്തേതു് കോൺസ്റ്റൻറയിൻ ചക്രവത്തിയുടെ ധമ്മപത്നിയായ ഫോസ്റ്റാ (Fausta രാജ്ഞിയുടെ വകയായ ഒരു കൊട്ടാരമായിരുന്നു. പരിശുദ്ധ ജനനിയുടെ നാമത്തിലുള്ള സെൻറു് മേരി മേജർ (St. Mary Major) റോമയിലെ മറെറാരു പ്രസിദ്ധ ബസ്ലിക്കായാണു്. നാലാം ശതാബ്ദത്തിൻെറ പൂവ്വാർദ്ധത്തിൽ ലിബേരിയസ് മാർപ്പാപ്പായാണു് ഇതു പണികഴിപ്പിച്ചതു്. ദിവ്യജനനിക്കായി പ്രതിഷ്ഠിക്കപ്പെട്ടിട്ടുള്ള ഏററവും വലിയ ദേവാലയമാണിതു്. കോൺസ്റ്റൻറയിൻെറ മാതാവായ വി. ഹെലനാ രാജ്ഞി (Helena) പലസ്തീനായിലേക്കു് ഒരു തീത്ഥയാത്ര കഴിച്ചതായും അവരുടെ പരിശ്രമഫലമായി യേശുവിനെ തറച്ച വി. കുരിശു കണ്ടെടുത്തതായും വിശ്വസിക്കപ്പെടുന്നു. റോമയിൽ മടങ്ങിയെത്തിയ ശേഷം വി. കുരിശിൻെറ നാമത്തിൽ രാജ്ഞിയുടെ ഭവനത്തിൽ ഒരു ദേവാലയം സ്ഥാപിക്കുകയുണ്ടായി. റോമയിലെ വി. കുരിശിൻെറ ബസ്ലിക്കാ (The Basilica of the Holy Cross of Jerusalem)യുടെ പ്രാരംഭം ഇതായിരുന്നു.

സിസേറിയായിലെ യുസേബിയൂസ് (Eusebius) ഫിനീഷ്യയിലെ ടയർ (Tyre) എന്ന നഗരത്തിൽ എ. ഡി. 313നും 322നും ഇടയ്ക്കു പണിചെയ്യപ്പെട്ട ഒരു ഗംഭീരമായ ദേവാലയത്തിൻെറ വിശദമായ വിവരണം നൽകുന്നുണ്ടു്. ദേവാലയത്തിനു ചുററും ഒരു വലിയ മതിൽക്കെട്ടും വിശാലമായ മുററത്തിൻെറ മദ്ധ്യത്തിൽ ആരാധകന്മാക്കു് ദേഹശുദ്ധി വരുത്തുന്നതിനായുള്ള ഒരു ജലധാരയും ഉണ്ടായിരുന്നതായി അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. വലിയ കവാടങ്ങൾ, വിശാലമായ പ്രാത്ഥനാമണ്ഡപം, മുകളിൽ ഗാലറികൾ, വൈദികക്കു് ഇരിക്കുവാനുള്ള കസേരകൾ, മനോഹരമായ കമ്പിവേലിയാൽ ചുററപ്പെട്ട അൾത്താര എന്നിവയെയും യുസേബിയൂസ് വിവരിക്കുന്നു.

നാലാം ശതാബ്ദത്തിൽ എഴുതപ്പെട്ട ഒരുഗ്രന്ഥത്തിൽനിന്നു അക്കാലത്തെ ദേവാലയങ്ങളെപ്പററിയുള്ള രസകരമായ ഒരു വിവരണം നമുക്കു ലഭിക്കുന്നു. ദേവാലയത്തിലെ കമ്മമണ്ഡപം (മദ്ബഹാ) കിഴക്കേ അററത്താണു് സ്ഥാപിക്കപ്പെട്ടിരുന്നതു്. ദേവാലയത്തിൽ വച്ചായാലും വീട്ടിൽ വച്ചായാലും പ്രാർത്ഥനാസമയത്തു കിഴക്കോട്ടഭിമുഖമായി നില്ക്കുക എന്നതായിരുന്നു അക്കാലത്തെ നടപ്പു്. അതിനെ ഉദ്ദേശിച്ചാണു കമ്മമണ്ഡപം കിഴക്കേ അററത്തു് സ്ഥാപിച്ചിരുന്നതു്. മെത്രാൻെറ സിംഹാസനം ബലിപീഠത്തിനു പിന്നിലായിരുന്നു. അതിനു ചുററും അർദ്ധവൃത്താകൃതിയിൽ വൈദികർക്കുള്ള ഇരുപ്പിടങ്ങൾ സജ്ജീകരിച്ചിരുന്നു. മെത്രാനും വൈദികരും ജനങ്ങൾക്കഭിമുഖമായി നിന്നുകൊണ്ടാണു് കമ്മങ്ങൾ നടത്തിയിരുന്നതു്. ശമ്മാശ്മാരിൽ ചിലർ കാർമ്മികൻെറ സഹായത്തിനായി മദ്ബഹായിലും മററുള്ളവർ ക്രമപാലനത്തിനായി ജനങ്ങളുടെ ഇടയ്ക്കും നിന്നിരുന്നു. വിശ്വാസികൾ ദേവാലയത്തിൻെറ നെടിയമണ്ഡപത്തിൽ സ്ഥലം പിടിച്ചിരുന്നു. ഇതിൽ മദ്ബഹായോടേററവും അടുത്തുള്ള സ്ഥലം പ്രതിനികളായ കന്യകമാക്കും വിധവകൾക്കും വൃദ്ധകൾക്കുമായി പ്രത്യേകം വേർതിരിച്ചിട്ടിരുന്നു. അതിൻെറ പിന്നിലുള്ള ഭാഗം രണ്ടായി തിരിച്ചിരുന്നു. ഒരുഭാഗം പുരുഷന്മാക്കും മറേറതു് സ്ത്രീകൾക്കും. ഓരോന്നിലേക്കും പ്രവേശിക്കുന്നതിനു് പ്രത്യേകംവാതിലുകളുമുണ്ടായിരുന്നു. പുരുഷന്മാക്കുള്ള പ്രവേശനദ്വാരത്തിൽ വൈദികവൃന്ദത്തിലെ ഏററം താണപടിക്കാരായ ദ്വാരപാലകന്മാരും സ്ത്രീകളുടെ വാതിൽക്കൽ സ്ത്രീശമ്മാശ് (deaconesses) മാരും കാവൽനിന്നിരുന്നു. ദേവാലയത്തിൽ പ്രവേശിക്കുന്നവരെ നിർദ്ദിഷ്ടസ്ഥാനങ്ങളിൽ കൊണ്ടുചെന്നാക്കുക, ചിരി, ഉറക്കം, സംസാരം മുതലായ അനാചാരങ്ങൾ കൂടാതെ സൂക്ഷിക്കുക എന്നിവയെല്ലാം ശമ്മാശ്മാരുടെ ചുമതലകളായിരുന്നു.

ദേവാലയങ്ങളിൽ അൾത്താര അല്ലെങ്കിൽ ബലിപീഠം ഒന്നുമാത്രമേ ഉണ്ടായിരുന്നുള്ളു. അതു് ആധുനികദേവാലയങ്ങളിലെപ്പോലെ ഭിത്തിയോടു ചേത്തല്ല പണിതിരുന്നതു്. ബലിപീഠത്തിനു ചുററും കുറേ സ്ഥലം ഉണ്ടായിരിക്കും. അൾത്താര ഒരു മേശയുടെയോ അഥവാ കബറിടത്തിൻെറയോ ആകൃതിയിലാണു നിർമ്മിക്കപ്പെട്ടിരുന്നതു്. ബലിപീഠത്തിൻെറ മുകളിലായി സ്തംഭങ്ങളിന്മേൽ ഘടിപ്പിച്ചിട്ടുള്ള ഒരു മേൽക്കട്ടിയും, ചുററും തിരശ്ശീലകളും ഉണ്ടായിരുന്നു. പ്രധാനപ്പെട്ട തിരുനാളുകളിൽ, അന്നിനിരത്തിവച്ചിട്ടുള്ള പൂജാപാത്രങ്ങൾകൊണ്ടും പുഷ്പങ്ങൾകൊണ്ടും ബലിപീഠം അലങ്കരിച്ചിരുന്നു. ബലിപീഠത്തെ വളരെ പൂജ്യമായിട്ടാണു് ജനങ്ങൾ കരുതിയിരുന്നതു്. അതിനെ കത്താവിൻെറ മേശ, ക്രിസ്തുവിൻെറ അൾത്താര, എന്നിങ്ങനെ അവർ ബഹുമാനപുരസ്സരം വിളിച്ചുപോന്നു.

### കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താലും ഫാത്തിമാമാതാവിൻെറ അനുഗ്രഹത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത. താമസിച്ചതിനു് ക്ഷമാപണം.

സി. കെ. ദേവസ്സി,
ആമ്പക്കാടു്.

യൂദാതദ്ദേവൂസ് ശ്ലീഹായുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ. ക്ഷമാപണസഹിതം.

ചങ്ങനാശേരി




ആദ്ധ്യാത്മികവീഥി 52

# ധ്യാനത്തിൻെറ ആവശ്യം

ദൈവത്തിൻെറ വത്സലമക്കളേ,

കഴിഞ്ഞ ലക്കത്തിൽ പ്രാത്ഥനയുടെ ആവശ്യത്തെക്കുറിച്ചു് പൊതുവായി പറയുകയുണ്ടായി. ഇനി മനഃപ്രാത്ഥനയുടെ അഥവാ ധ്യാനത്തിൻെറ ആവശ്യത്തെക്കുറിച്ചു അല്പം പ്രതിപാദിക്കാം.

വേദപുസ്തകം പഴയ നിയമത്തിലും പുതിയ നിയമത്തിലും ഈ വിഷയത്തെക്കുറിച്ചു പല സ്ഥലങ്ങളിൽ പറഞ്ഞു കാണുന്നുണ്ടു്. ഒന്നാം സങ്കീത്തനം ഒന്നുമുതൽ മൂന്നുവരെ വാക്യങ്ങൾ നോക്കുക. "ദുഷ്ടന്മാരുടെ വഴിയിൽ നടക്കുകയോ പാപികളുടെ അഭിപ്രായത്തിൽ നില്ക്കുകയോ, പരിഹാസക്കാരുടെ സംഘത്തിൽ ഇരിക്കുകയോ ചെയ്യാതെ തൻെറ മനസ്സ് കത്താവിൻെറ പ്രമാണത്തിൽ ആയിരിക്കുകയും രാവും പകലും അവൻെറ പ്രമാണത്തെ ധ്യാനിക്കുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ. നീർച്ചാലിൻെറ അരികെ നടപ്പെട്ടിരിക്കയും തക്കകാലത്തു് ഫലം തരികയും ഇലകൾ പൊഴിയാതിരിക്കയും ചെയ്യുന്ന വൃക്ഷംപോലെ അവനായിരിക്കും. അവൻ ചെയ്യുന്നതെല്ലാം അവൻ പൂത്തിയാക്കുന്നു."

ധ്യാനിക്കുന്നവൻ സകലസുകൃതങ്ങളുടെയും വിളനിലമാകുന്നതുപോലെ ധ്യാനിക്കാത്തവൻ സകല തിന്മകളുടെയും ഒരു കൂമ്പാരമായിത്തീരുന്നു. ഹൃദയത്തിൽ ചിന്തിക്കുന്നവരില്ലാത്തതിനാൽ ലോകം മുഴുവനും തീരെ ശൂന്യമായിത്തീന്നിരിക്കുന്നു എന്നു ഇരമിയാസ് ദീർഘദർശി വിലപിക്കുന്നതു അതുകൊണ്ടാണു്.

ഈ വസ്തുത മനസ്സിലാക്കിക്കൊണ്ടു് സകല വിശുദ്ധന്മാരും വളരെ സമയം ധ്യാനത്തിനായി ചെലവഴിച്ചിരുന്നു. നമ്മുടെ അമ്മ പരിശുദ്ധ കന്യകമറിയം തന്നെ ധ്യാനിച്ചിരുന്നതായി വി. ലൂക്കാ രേഖപ്പെടുത്തിയിട്ടുണ്ടു്. "എന്നാൽ മറിയം ഈ കാര്യങ്ങളെല്ലാം (ഇടയന്മാരിൽനിന്നു് കേട്ടവ, തൻെറ ഹൃദയത്തിൽ സംഗ്രഹിച്ചു ധ്യാനിച്ചുകൊണ്ടിരുന്നു." (ലൂക്കാ 11. 19) വി. പൗലോസ് തൻെറ മാനസാന്തരം കഴിഞ്ഞയുടനെ അറേബ്യായിലേക്കു പോയി ഏറെക്കുറെ മൂന്നു കൊല്ലത്തോളം ധ്യാനത്തിലും പ്രാത്ഥനയിലും കഴിഞ്ഞുകൂടിയതായി വിശ്വസിക്കപ്പെടുന്നു. (ഗാല. 11. 17) അദ്ദേഹം തിമാത്തേയാസിനു് നൽകിയിരിക്കുന്ന നിദ്ദേശവും സ്മരണീയമാണു്: "ഞാൻ വരുന്നതുവരെ വായനയിലും പ്രാത്ഥനയിലും പാനത്തിലും ഉത്സാഹിയായിരിക്കുക....... നീ അഭിവൃദ്ധി പ്രാപിക്കുന്നു എന്നു് എല്ലാ മനുഷ്യക്കും അറിയപ്പെടുവാൻ തക്കവണ്ണം ഇവയെ ധ്യാനിക്കയും ഇവയിൽ നിഷ്ഠയുള്ളവൻ, ആയിരിക്കുകയും ചെയ്യുക." (1 തിമാ. IV, 13-15)

സകല വൈദികരും സന്യാസീസന്യാസിനികളും പ്രതിദിനം കുറെ സമയം ധ്യാനത്തിനായി വിനിയോഗിക്കണമെന്നു് അനുശാസിക്കപ്പെടുന്നുണ്ടു്. പുണ്യജീവിതത്തിനു ധ്യാനം എത്ര കണ്ടാവശ്യമാണെന്നു് അതും വിശദമാക്കുന്നു. ധ്യാനത്തിൻെറ ആവശ്യത്തെപ്പററി യുക്തി എന്തു പറയുന്നു എന്നു അടുത്തതിൽ.

എന്നു്
പ്രാത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്

N. B. "ശാശ്വതഫലമുണ്ടാകുവാൻ" എന്ന ലഘുലേഖ തീന്നുപോയിരിക്കുന്നതായി അറിയുന്നതുകൊണ്ടു്, മുൻലക്കത്തിലെ നിദ്ദേശമനുസരിച്ചു് ആരും അതിനായി എഴുതേണ്ടതില്ല എന്നറിയിച്ചുകൊള്ളുന്നു.

### സത്യദീപം വരിസംഖ്യ

പ്രതിവർഷം

| | | |
|---|---|---|
| ഇൻഡ്യയിൽ | ക. | 6—8—0 |
| ഇൻഡ്യക്കുപുറമെ | " | 8—12—0 |

# വിനോദവീഥി

മി. വില്യമിൻെറ വീട്ടിലെ ഒരൊഴിയാബാധയാണു് അയൽക്കാരിയായ ത്രേസ്യാമ്മ. പഴയ മുത്തിക്കഥകൾ പറഞ്ഞു പറഞ്ഞു അവർ വില്യമിനെക്കൊണ്ടു ഒരു ജോലിയും ചെയ്യിക്കുകയില്ല. ഒരുദിവസം ത്രേസ്യാമ്മ മുറുക്കി ഒരുങ്ങി വരുന്നതു കണ്ടപ്പോൾ തന്നെ വില്യം ഉള്ളുമുറിയിൽ പോയി ഒളിച്ചിരുന്നുകൊണ്ടു മറിയമ്മയെ പറഞ്ഞയച്ചു വല്ലതും പറഞ്ഞു ത്രേസ്യാമ്മയെ മടക്കിവിടാൻ. കുറെനേരം ശബ്ദമൊന്നും കേൾക്കാതായപ്പോൾ ത്രേസ്യാമ്മ പോയി എന്നു കരുതി വില്യം ആഹ്ലാദത്തോടുകൂടി വാതിൽ തുറന്നുകൊണ്ടു പറഞ്ഞു:- "ആ ബാധ ഇവിടന്നു കെട്ടിയെടുത്തു ഇല്ലേ?" ത്രേസ്യാമ്മയുടെ മുഖത്താണു് വില്യം നോക്കിയതു്. അയാൾ ഇളിഭ്യനായി. എന്നാൽ മറിയാമ്മ ആ അവസരത്തെ ഭംഗിയായി നിയന്ത്രിച്ചു. "ഓ, ആ ബാധ അപ്പുഴേപോയി. ഇതു നമ്മുടെ അടുത്തെ ത്രേസ്യാമ്മച്ചേച്ചിയല്ലേ?"

വില്യം:- "ക്ഷമിക്കണേ. ഞാൻ തെററിധരിച്ചു."

x x x




"അല്ലേലും ഈ ആമ്പിള്ളേക്കു് കളിയാക്കലിമ്മിണി കൂട്ടതലാ. നമ്മള് കാറിൻെറ വട്ടാണത്രെ തലേലുവെച്ചു കെട്ടുന്നതു്!"

x x x



"ഇസ്കൂളിലൊരു വടംപിടുത്ത മത്സരമുണ്ടപ്പച്ചാ. ഞാനൊന്നു വലിച്ചു പരിശീലിക്കവാ."

## ഇടവകവാർത്തകൾ

**തെക്കൻ പറവൂർ:** സ്ഥലത്തെ സൊഡാലിററിയുടെ 19-ാമതു വാർഷികവും വിൻസെൻറ് ഡിപോൾ സഖ്യത്തിൻെറ പ്രഥമവാർഷികവും സംബന്ധിച്ച സംയുക്തസമ്മേളനം മേയ് 29-ാംനു- നടത്തപ്പെട്ടിരിക്കുന്നു. ലിററിൽ ഫ്ളവർ ഇംഗ്ലീഷ് സ്കൂളിൽവച്ചു നടന്ന സമ്മേളനത്തിൽ റവ. ഫാദർ ജോസഫ് മണവാളൻ ബി.എ.ബി.ടി. അദ്ധ്യക്ഷത വഹിച്ചു. ശ്രീ യു. വി. ജോൺ എം. എ. സൊഡാലിററിയുടെ പത്തൊമ്പതു കൊല്ലത്തെ വളർച്ചയേയും വിൻസെൻറു ഡിപോൾ സഖ്യത്തിൻെറ പ്രഥമവർഷത്തെ പ്രവർത്തനങ്ങളേയും വിശദീകരിച്ചുകൊണ്ടു സ്വാഗതപ്രസംഗം നിർവ്വഹിച്ചു. ശ്രീമതി റാണി ജോൺ ബി. എസ്സ്‌സി. യും ശ്രീ ദേവസ്യാ കാപ്പൻ ബി.എ. ബി.എൽ. അവർകളും പ്രസംഗിച്ചു. സമ്മേളനത്തിനിടയ്ക്കു പെൺകുട്ടികൾ "സ്നേഹത്തിനു സാധിക്കും" എന്നലഘുപ്രഹസനവുംമററുവിനോദപ്രകടനങ്ങളുംസമ്മേളനാനന്തരം സഖ്യാംഗങ്ങൾ "സഖാക്കൾ" എന്ന പ്രഹസനവും നടത്തി.

**അമയന്നൂർ:** സ്ഥലം സെൻറു മേരീസ് പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന, സൊഡാലിററിയുടേയും Sunday School ൻെറയും പ്രഥമവാർഷികം മേയ് മാസം 29-ാംനു- റവ. ഫാ. സിറിയക്കു് വട്ടക്കളം S. T. L. ൻെറ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ബാലികമാരുടെ ഡാൻസും, സൺഡേസ്കൂൾ കുട്ടികളുടെ "ഭൂതങ്ങൾ" എന്ന ചെറുപ്രഹസനവും ഉണ്ടായിരുന്നു.

ഈ ഇടവകയിലും നരിവേലി ഇടവകയിലും പെട്ട ഏതാനും കുട്ടികളുടെ ആദ്യകുർബ്ബാന സ്വീകരണം നല്ലതാംതിരുനാൾ ദിവസം ഇവിടെ വച്ചു നടന്നിരിക്കുന്നു.

**നെടിയകാട്:** സ്ഥലത്തെ S. V. D. P. ലിററിൽ ഫ്ളവർ കോൺഫറൻസിൻെറ ചുമതലയിൽ ലിസ്യൂ പള്ളിയിൽവച്ചു് മേയ് 25-ാംനു- ആരംഭിച്ച ഏകാന്തധ്യാനം 29-ാംനു- രാവിലെ സമാപിക്കപ്പെട്ടു. റവ. ഫാ. മാത്യൂ മങ്കുഴിക്കരി അവർകൾ ആയിരുന്നു ധ്യാനപ്രാസംഗികൻ. 44 പേർ സംബന്ധിച്ചിരുന്നു. അവസാനദിവസം വൈകിട്ട് പള്ളിയിൽവച്ചു് പൊതുജനങ്ങൾക്കായി ഒരു പ്രസംഗവും നടത്തി.

**എലിക്കുളം:** ഈയിടവകയിൽ പുതിയതായി സ്ഥാപിച്ചിരിക്കുന്ന ലീജിയൻ ഓഫ് മേരി പ്രസീദിയത്തിൻെറ ഉൽഘാടനം മേയ് 29-ാംനു- സ്ഥലം ഇംഗ്ലീഷ് സ്കൂൾഹാളിൽവച്ചു് നടത്തപ്പെട്ടിരിക്കുന്നു. തദവസരത്തിൽ റവ. ഫാ. ജെ. വട്ടക്കാട്ട്, മെ: ജോസഫ് മററം, പി. എം. ജോസഫ് ബി. എ. ഇവർ പ്രസംഗിച്ചു.


എലിക്കുളം "ഇൻഫെൻറു ജീസസ്" നടനകലാസമിതിക്കാർ ശ്രീ കെ. എം. ജോൺ അവർകളുടെ "കള്ളസന്യാസി" എന്ന നാടകം അഭിനയിച്ചു.

പരിശുദ്ധ കന്യകമറിയത്തിൻെറ റാണിത്തതിരുനാളും, മേയ്മാസവണക്കസമാപനവും കൂടി ഏകോപിച്ചു് സ്ഥലം ശതാബ്ദജൂബിലി സ്മാരക കപ്പേളയിൽ 31-ാംനു- തിരുനാളായി കൊണ്ടാടിയിരിക്കുന്നു.

**പുതുക്കാട്:** സ്ഥലത്തെ മരിയസഖ്യത്തിൻെറ 31-ാം വാർഷികസമ്മേളനം മേയ് 9-ാംനു- തൃശ്ശൂർ മുനിസിപ്പൽ ചെയർമാൻ ശ്രീ സി. എം. ജോസഫ് എം. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നു. കുമാരി ടി. വി. ഗ്രേസ് പ്രസംഗിച്ചു. സഖ്യാംഗങ്ങളുടെ കലാപ്രകടനങ്ങളും മാസ്റ്റർ ജോസ് ആൻറു് പാർട്ടിയുടെ കഥാപ്രസംഗവുമുണ്ടായിരുന്നു.

സ്ഥലം സെൻറു വിൻസെൻറു ഡിപോൾ സഖ്യത്തിൻെറ 8-ാം വാർഷികം മേയ് 22-ാംനു- വെരി റവ. ഫാദർ ക്ലമൻറു് ടി. ഒ. സി. ഡി. യുടെ അദ്ധ്യക്ഷതയിൽ നടന്നു. ശ്രീ ഇ. കെ. പോൾ ബി. എസ് സി. ബി. എൽ അവർകൾ പ്രസംഗിച്ചു.

**കുത്രപ്പള്ളി:** ഇവിടത്തെ അമലോത്ഭവമാതാവിൻെറ സൊഡാലിററിയുടെ നേതൃത്വത്തിൽ ഒരു കൈയെഴുത്തുമാസിക റവ. ഫാ. തോമസ് വെള്ളത്തേടത്തിൻെറ രക്ഷാധികാരത്തിലും പലേ മാന്യവ്യക്തികളുടെ സഹകരണത്തിലും നടത്തിവരുന്നു.




ബ. അൽഫോൻസാമ്മയുടെ അനുഗ്രഹം ലഭിച്ചതിനു ഉപകാരസ്മരണ.

താമസിച്ചതിനു് ക്ഷമാപണം.

ചാക്കോ കവുന്നുകാട്ടിൽ

വലവൂർ

**മേവെള്ളൂർ:** സ്ഥലത്തെ മരിയസഖ്യത്തിൻെറ വാർഷികയോഗം മേയ് 29-ാംനു- റവ. ഫാ. ജേക്കബ്ബ് മുടക്കാലിൽ O. S. H. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ശ്രീ വറുഗീസ് കാഞ്ഞിരത്തുങ്കൽ പ്രസംഗിച്ചു. യോഗാനന്തരം "കള്ളസന്യാസി" എന്ന ഗദ്യനാടകം സഖ്യാംഗങ്ങൾ അഭിനയിച്ചു.

**തൈക്കാട്ടുശേരി:** സ്ഥലം മരിയസഖ്യത്തിൻെറ 23-ാമതുവാർഷികവും വെല്യാറ മരിയസഖ്യത്തിൻെറ ദ്വിതീയവാർഷികവും ഏകോപിച്ചു്, മേയ്മാസം 29-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4 മണിക്കു് സെൻറു് ആൻറണീസ് ഹാളിൽവച്ചു് റവ. ഫാ. റെയിനോൾഡ് അവർകളുടെ അദ്ധ്യക്ഷതയിൽ സാഘോഷം നടത്തപ്പെട്ടു. യോഗത്തിൽ മെസ്സേഴ്സ് ജോർജ്ജ് മാത്യൂ ഇലഞ്ഞിക്കൽ, ജോസഫ് മുണ്ടയ്ക്കൽ എന്നിവർ പ്രസംഗിച്ചു സമ്മേളനത്തിനിടയ്ക്കു് ബാലികാബാലന്മാരുടെ കലാപ്രകടനങ്ങളും ഉണ്ടായിരുന്നു. സമ്മേളനാനന്തരം, സഖ്യാംഗങ്ങൾ "കള്ളസന്യാസി" എന്ന പ്രഹസനം അഭിനയിച്ചു.

**വൈക്കം:** സ്ഥലം ഫൊ.പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന ബോയ്‌സ് സൊഡാലിററിയുടെ സുവർണ്ണജൂബിലി മഹാമഹം മേയ് 30-ാംനു- എറണാകുളം അതിരൂപതയുടെ സഹായമെത്രാൻ ഡോ. ജോസഫ് പാറേക്കാട്ടിൽ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ആഘോഷിക്കപ്പെട്ടു. മെ. പി. എം. മാത്യൂ B. A. L. T. കത്രിക്കുട്ടിജോസഫ് B. A. എന്നിവർ പ്രസംഗിച്ചു. ജൂബിലി സംബന്ധിച്ചു് മൂന്നു ദിവസത്തേക്കു വിവിധ പരിപാടികൾ അടങ്ങിയ വിനോദപ്രകടനങ്ങളും നടക്കുകയുണ്ടായി. സമാപനസമ്മേളനത്തെ തുടന്നു് തനിനിറം എന്ന പ്രഹസനം സൊഡാലിററി കുട്ടികൾ അഭിനയിച്ചു.

**കോടിക്കുളം:** ഈ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിൻേറയും, അ. കേ. ചെ. മിഷൻലീഗിൻേറയും വാർഷികയോഗം മേയ് 22-ാം തീയതി ഞായറാഴ്ച സെൻറു് മേരീസ് പ്രൈമറിസ്കൂളിൽവച്ചു് റവ. ഫാ. സെബാസ്റ്റ്യൻ പുല്ലോപ്പിള്ളിൽ അവർകളുടെ അദ്ധ്യക്ഷതയിൽ സമ്മേളിച്ചു. ശ്രീ വി. എ ഉലഹന്നാൻ ബി. എ., ഇ. പി. പൈലി എന്നിവർ ഓരോ പ്രസംഗംചെയ്തു. വിവിധ പരിപാടികൾക്കുശേഷം മിഷൻ ഉല്പന്നങ്ങളുടെ ലേലവും നടന്നു.

**അമ്മാടം:** ഈ പള്ളിയിൽ വാർഷികധ്യാനം മേയ് 24, 25 26 എന്നീ ദിവസങ്ങളിൽ നടത്തി. റവ. ഫാദർ ജോസഫ് പാനിലമാണ് ധ്യാനപ്രസംഗം നടത്തിയതു്.

**നിർമ്മലപുരം:** ചെറുപുഷ്പ മിഷൻലീഗിൻെറ ആഭിമുഖ്യത്തിൽ ഇവിടെ ഈ അവധിക്കാലത്തു് നടത്തിവരുന്ന കുട്ടികളുടെ മതപഠനക്ലാസ്സുകൾ, ധ്യാനം, പൊതുദിവ്യകാരുണ്യസ്വീകരണം എന്നീ ചടങ്ങുകളോടുകൂടി മേയ് 29-ാംനു- സമംഗളം പര്യവസാനിച്ചിരിക്കുന്നു.

**പാലയൂർ:** സ്ഥലം ഫൊറോനാപ്പള്ളിയിലെ വാർഷികജ്ഞാനധ്യാനം മേയ് 17, 18, 19 എന്നീ തീയതികളിൽ നടന്നു. 21-ാംനു- 13 മണിക്കൂർ ആരാധനയുമുണ്ടായി. മേയ് 29-ാംനു- മുതൽ കുട്ടികൾക്കുള്ള ധ്യാനം തുടങ്ങി.

**കോട്ടപ്പടി:** പള്ളിയിലെ വാർഷികധ്യാനം മേയ് 29, 30, 31, ജൂൺ 1 എന്നീ ദിവസങ്ങളിലും 4-ാംനു- 13 മണിക്കൂർ ആരാധനയും നടന്നു.


**അഹമ്മദാബാദ്:** സ്ഥലം കേരള കത്തോലിക്കാ അസോസിയേഷൻെറ ആദ്യവാർഷികം പ്രമാണിച്ചു് സ്ഥലം പ്രേമഭായ് ഹാളിൽവച്ചു് നടത്തപ്പെട്ട സമ്മേളനത്തിൽ ശ്രീ ജോസഫ് കൈമാപറമ്പൻ വിശുദ്ധ സ്ഥാപകയോഹന്നാൻെറ ശിരച്ഛേദത്തെ അധികരിച്ചും കത്തോലിക്കാതത്വങ്ങളെ സരസമായി വ്യാഖ്യാനിച്ചും 4 മണിക്കൂർനേരം ഏദ്യമായ ഒരു കഥാപ്രസംഗം നടത്തി. അസോസിയേഷനിൽനിന്നും ഒരു പവൻെറ ഒരു സ്വർണ്ണമെഡൽ കൈമാപറമ്പനു സമ്മാനിക്കയുണ്ടായി.




**ചങ്ങനാശേരി:** പരിശുദ്ധ കന്യകമറിയത്തിൻെറ രാജ്ഞിത്വത്തിരുനാളായ മേയ് 31-ാം തീയതി ചങ്ങനാശേരി കത്തീഡ്രൽപള്ളിയിൽ, ചങ്ങനാശേരി മെത്രാൻ മാത്യൂ കാവുകാട്ടു് തിരുമേനിയുടെ പ്രധാനകാർമ്മികത്വത്തിൽ തിരുക്കർമ്മങ്ങൾ നടത്തപ്പെട്ടു.

മുന്നൂറോളം കുട്ടികൾക്കു് തിരുമേനി ആദ്യകുർബ്ബാനനൽകി. ഈ തിരുനാൾദിവസം എല്ലാ കൊല്ലവും കുട്ടികളുടെ ആദ്യകുർബ്ബാനസ്വീകരണം നടത്തുന്നതാണെന്നു മെത്രാനച്ചൻ തിരുമനസ്സുകൊണ്ടു് പ്രഖ്യാപിക്കുകയും ചെയ്തു. ദിവ്യകാരുണ്യം സ്വീകരിച്ച കുട്ടികളും മെത്രാനച്ചൻ തിരുമേനിയുമൊന്നിച്ചു് ഒരു ഗ്രൂപ്പ്ഫോട്ടോയും എടുക്കുകയുണ്ടായി.

## For favours received




Inserted by

J. Maliyekal

**പരിയാരം:** തുമ്പാക്കോട്ടു പള്ളിയിൽ സ്ഥാപിതമായിരിക്കുന്ന മരിയസഖ്യത്തിൻെറ രണ്ടാംവാർഷികം ടി പള്ളിയങ്കണത്തിൽവച്ചു് ഫാദർ എബ്രഹാം വടാശ്ശേരി എം. എ., എം. എസ്‌സി. അവർകളുടെ അദ്ധ്യക്ഷതയിൽ സാഘോഷം കൊണ്ടാടുകയും തദവസരത്തിൽ "ധർമ്മപത്നി" എന്ന പ്രഹസനം അഭിനയിക്കുകയുമുണ്ടായി.

കുററിക്കാട്ടുപള്ളിയിൽ സ്ഥാപിതമായിരിക്കുന്ന വിൻസെൻറു ഡിപോൾ സംഘത്തിൻെറ ദ്വിതീയവാർഷികം മേയ്മാസം 22-ാംനു- ഞായറാഴ്ച ടി പള്ളിയങ്കണത്തിൽവച്ചു് റവ. ഫാദർ ജെ. ചെമ്മണൂർ ബി. എ. അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ സാഘോഷം കൊണ്ടാടുകയും ശ്രീ എ. സി. റപ്പായി അവർകൾ ഒരു പ്രസംഗം ചെയ്യുകയും യോഗാനന്തരം സംഘാംഗങ്ങളുടെ വകയായി "ധർമ്മധീരൻ" എന്ന പ്രഹസനം അഭിനയിക്കുകയുമുണ്ടായി.

പരിയാരംപള്ളിയിൽ അമേരിക്കയിൽനിന്നും കിട്ടിയിട്ടുള്ള പാൽപ്പൊടി വിതരണം നടന്നുകൊണ്ടിരിക്കുന്നു. ടി വികാരിയച്ചൻേറയും വിൻസെൻറു് ഡിപോൾ സഖ്യത്തിൻേറയും ആഭിമുഖ്യത്തിലാണു വിതരണം നടക്കുന്നതു്. ദിവസവും വളരെയേറെ ജനങ്ങൾ ജാതിമതഭേദമെന്യേ പാൽ വാങ്ങിച്ചുകൊണ്ടുപോകുന്നുണ്ടു്.

**ഉപ്പുതറ:** ചീന്തലാർ മേരിഗിരിയിൽ പരിശുദ്ധ മറിയത്തിൻെറ നാമത്തിൽ സ്ഥാപിതമായിരിക്കുന്ന പള്ളിയുടെ വെഞ്ചരിപ്പുകർമ്മവും, പ്രഥമപൂജയും, ബ. പാറേൽ തോമ്മാച്ചൻ മേയ് 27-ാംനു- വെള്ളിയാഴ്ച നിർവ്വഹിച്ചിരിക്കുന്നു.

### ഒരു തിരുത്തു

മേയ് 18-ാം തീയതിയിലെ പത്രത്തിൽ, ചരമവാർത്തയിൽ പള്ളിപ്പുറമ്പിൽ തൊമ്മൻ എന്നു പേരു ചേർത്തിരുന്നതു പിശകാണ്. അതു തൊമ്മൻ അന്ന എന്നു തിരുത്തിവായിക്കണം. തൊമ്മൻ അന്നയാണു മരണംപ്രാപിച്ചതു്. ശവസംസ്കാരം 8-ാംനു- ഞായറാഴ്ചയായിരുന്നു.

## ചരമവാർത്തകൾ


**ചൊവ്വര:** ഈ ഇടവക പുതുശ്ശേരി കുഞ്ഞവുസേപ്പു കൊച്ചുദേവസ്സി ഭാര്യ റോസി മേയ് 28-ാം ശനിയാഴ്ച രാത്രി ഹൃദയസ്തംഭനംമൂലം നിര്യാതയായിരിക്കുന്നു. ശവസംസ്കാരം പിറേറദിവസം വൈകിട്ടു റവ. ഫാ. പോൾ വടശ്ശേരി അവർകളുടെ പ്രധാനകാർമ്മികത്വത്തിലും മററു പല വൈദികരുടേയും ബന്ധുമിത്രാദികളുടേയും സഹകരണത്തിലും യഥാവിധി നിർവ്വഹിക്കപ്പെട്ടു. റവ. ഫാദർ ജോൺ മാതേയ്ക്കൻ ചരമപ്രസംഗം നിർവ്വഹിച്ചു.

**മുട്ടുചിറ:** ഈ ഇടവക ശ്രീ തോമസ് ചക്കാലയിൽ (മത്തികുന്നേൽ) മേയ് 28-ാംനു- ശനിയാഴ്ച രാവിലെ 52-ാംവയസ്സിൽ കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശവസംസ്കാരകർമ്മം ഞായറാഴ്ച ഉച്ചകഴിഞ്ഞു് വെരി റവ. ഫാദർ അലക്സാണ്ടർ നിരാക്കലിൻെറ പ്രധാന കാർമ്മികത്വത്തിൽ മുട്ടുചിറ ഫൊറോനാപ്പള്ളി സിമിത്തേരിയിൽ നിർവ്വഹിക്കപ്പെട്ടു.

**കോടിക്കുളം:** ശ്രീ സി. വി. കുര്യൻ, ചാലിൽ അവർകളുടെ ഏകപുത്രൻ ഒന്നരവയസ്സുമാത്രം പ്രായമുള്ള ജോമി മേയ് 27-ാംതീയതി ഡിഫ്തീരിയാമൂലം നിര്യാതനായി. ശനിയാഴ്ച ഉച്ചയ്ക്കുശേഷം മൃതദേഹം സ്ഥലം സെൻറു് ആൻസ് ദേവാലയസിമിത്തേരിയിൽ യഥാവിധി സംസ്കരിക്കപ്പെട്ടു.

**എലിക്കുളം:** ഈയിടവകയിൽ കാഞ്ഞിരത്തുങ്കൽ മാത്യൂ ഇട്ടി ഐപ്പു് അവർകൾ 90-ാമത്തെ വയസ്സിൽ മേയ് 6-ാംനു- കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. സംസ്കാരകർമ്മം സ്ഥലം സിമിത്തേരിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു.

R. I. P.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 || ERNAKULAM, JUNE 8 || No. 41


# ഇന്ത്യയും ക്രിസ്ത്യാനികളും

ഇന്ത്യയുടെ ആധുനികചരിത്രത്തെ അതിന്റെ പ്രഥമാദ്ധ്യായത്തിൽതന്നെ കളങ്കപ്പെടുത്തിയ ദാരുണസംഭവമാണ് ഭാരതസ്വാതന്ത്ര്യലബ്ധിയെത്തുടർന്നു സന്ദർഭവശാൽ പൊട്ടിപ്പുറപ്പെട്ട വർഗ്ഗീയലഹള. പല മതവിഭാഗങ്ങളും ജാതിവ്യത്യാസങ്ങളുമുള്ള ഇന്ത്യയിൽ സാമൂഹികഐക്യം നിലനിർത്തുകയെന്നതു എക്കാലത്തും ഒരു വലിയ പ്രശ്നമായിരിക്കുന്നതാണ്. പക്ഷെ സഹിഷ്ണുതാമനോഭാവത്തിൽ ശ്ലാഘനീയമായ പാരമ്പര്യമുള്ള ആർഷഭാരതത്തിന്റെ സന്താനങ്ങൾക്ക് അതിനെ വിജയപൂർവ്വം നേരിടുന്നതിനു സന്മനസ്സുണ്ടെങ്കിൽ സാധിക്കുന്നതാണ്. ഭാരതത്തിന്റെ മഹാന്മാരായ നേതാക്കന്മാരുടെ ആദർശത്തെ ജനത അനുഗമിക്കുകയും അവരുടെ വിലയേറിയ ഉപദേശങ്ങളെ ശിരസാ വഹിക്കുകയും ചെയ്തുകൊണ്ടാൽമതി. ഇന്ത്യയുടെ രാഷ്ട്രപിതാവായ മഹാത്മജിയും അദ്ദേഹത്തിന്റെ ഭക്തശിഷ്യനും ഇന്നു ഭാരതത്തിന്റെ ഭാവുകങ്ങളെ ശ്രേയസ്കരമായി നിയന്ത്രിച്ചുപോരുന്ന നേതാവുമായ പണ്ഡിററു്ജിയും മററും ഇക്കാര്യത്തിൽ അനുസൃതം നൽകിയിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അത്യധികം ശ്രദ്ധാർഹങ്ങളാണ്. ഇത്ര മഹത്തരങ്ങളായ പാരമ്പര്യങ്ങളും നേതൃത്വവും സുലഭമാണെങ്കിലും ചില ജനവിഭാഗങ്ങളുടെ വർഗ്ഗീയവിദ്വേഷപ്രവണതകൾ ഉമിത്തീപോലെ പുകഞ്ഞുകൊണ്ടിരിക്കുന്നതായി കാണുന്നു. ഒരു ഹിന്ദുമുസ്ലീം സമരത്തിന്റെ ബലിമൃഗമെന്നവണ്ണം രാഷ്ട്രപിതാവു് ആഹൂതിചെയ്യപ്പെട്ടു. വർഗ്ഗീയതയുടെ ഭീകരതയെപ്പററി ഭയവിഹ്വലനാകാതെ ഒരു രാജ്യസ്നേഹിക്കു ഒരിക്കലും സ്മരിക്കുവാൻ കഴിയാത്ത ഒരു ചരിത്രപാഠമാണ് അതു ഇന്ത്യക്കു നൽകിയിട്ടുള്ളതു്. എങ്കിലും വീണ്ടും വീണ്ടും അതു പാടെ വിസ്മരിക്കപ്പെടുന്നുവെന്നാണ് അനുഭവത്തിൽനിന്നു തെളിയുന്നതു്.

### ക്രൈസ്തവരോടുള്ള മനോഭാവം

ഇന്ത്യയിലെ ഭൂരിപക്ഷസമുദായമായ ഹിന്ദുക്കളുടെ ചില സംഘടനകളും സമുദായനേതാക്കന്മാരെന്നു ഭാവിക്കുന്ന ചില വ്യക്തികളും അപ്പഴപ്പോഴായി അവരുടെ മേധാവിത്വം നിലനിർത്തുന്നതിനോ ഏകമതാധിപത്യം സംസ്ഥാപിക്കുന്നതിനോ മററു സമുദായങ്ങളുടെമേൽ കുതിരകയറുന്നതിനുദ്യമിച്ചുകാണുന്നു. അടുത്തകാലത്തു ഇന്ത്യയിലെ ക്രിസ്ത്യൻസമുദായത്തിനെതിരായിട്ടാണ് അവരുടെ പടനീക്കം. ഇന്ത്യയുടെ പ്രഖ്യാതമായ ഭരണഘടനയനുസരിച്ചും അതിപുരാതീനമായ വഴക്കങ്ങളനുസരിച്ചും ക്രിസ്ത്യാനികൾക്കർഹതപ്പെട്ടതും അവരനുഭവിച്ചുപോരുന്നതുമായ അവകാശസ്വാതന്ത്ര്യങ്ങളെ തടസ്സപ്പെടുത്തുന്നതിനുള്ള ഒരു ബദ്ധപ്പാടാണ് ഇപ്പോൾ പ്രത്യക്ഷമാകുന്നതു്. മതാരാധനസംബന്ധിച്ചും, മതപ്രചാരണസംരംഭങ്ങൾ സംബന്ധിച്ചുമാണ് ഏററമധികം എതിർപ്പുകൾ ഉണ്ടായിട്ടുള്ളതു്. ഈ ദുഷിച്ചതും വിനാശകരവുമായ മനോഭാവത്തേയും അതിന്റെ അനാശാസ്യതയേയും വിശദമാക്കിക്കൊണ്ടു് ഇന്ത്യൻ പ്രധാനമന്ത്രി ഈയിടെ പത്രപ്രതിനിധികളെ അഭിമുഖീകരിച്ചു ചെയ്ത ഒരു പ്രസ്താവനയുടെ ചുരുക്കം അന്യത്ര ചേർത്തിട്ടുള്ളതിലേക്കു ഏവരുടേയും ശ്രദ്ധയെ സാദരം ഞങ്ങൾ ക്ഷണിച്ചുകൊള്ളുന്നു. ഇന്ത്യയിൽ ക്രിസ്ത്യാനികൾക്കും ക്രൈസ്തവമിഷനറിമാർക്കും എതിരായി ചില വിഭാഗം ആളുകൾ പ്രകടിപ്പിച്ചുപോരുന്ന വിരോധമനോഭാവത്തെ അതിൽ അദ്ദേഹം അമർഷപൂർവ്വം ശക്തിയായി വിമർശിക്കുന്നുണ്ടു്. ക്രിസ്തുമതം ഇന്ത്യയിലുള്ള മററതൊരു മതത്തെപ്പോലേയും ഇന്ത്യയുടെ മണ്ണിൽ വേരുറച്ചിട്ടുള്ളതാണെന്നും, അതു പത്തൊൻപതിൽപ്പരം നൂററാണ്ടുകളുടെ പാരമ്പര്യമുള്ളതാണെന്നും, പ്രശംസാർഹമായ ദേശീയസംഭാവനകളും ഗണനീയമായ സാമ്പത്തികസഹായങ്ങളും അതു ഇന്ത്യക്കു പ്രദാനം ചെയ്തിട്ടുണ്ടെന്നും, ഇന്ത്യയിലെ മതങ്ങളിൽ മൂന്നാമത്തെ സ്ഥാനമാണ് അതിനുള്ളതെന്നും പ്രസ്തുത പ്രസ്താവനയിൽ അസന്നിഗ്ദ്ധമായി അദ്ദേഹം വിശദമാക്കിയിട്ടുണ്ടു്. മതേതരമായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ഭാരതത്തിന്റെ ഭരണഘടന ഉറപ്പുനൽകിയിട്ടുള്ള എല്ലാ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും മററുമതത്തിനുള്ളിടത്തോളംതന്നെ ക്രിസ്തുമതത്തിനുമുണ്ടെന്നും അതിൽ അദ്ദേഹം പ്രഖ്യാപിച്ചിരിക്കുന്നു. ക്രിസ്തുമതത്തേയും അതിന്റെ പ്രവർത്തനങ്ങളേയും സ്ഥാനത്തും അസ്ഥാനത്തും കുററംപറയുന്നതിനും ക്രിസ്ത്യാനികളുടെ അവകാശസ്വാതന്ത്ര്യങ്ങളെ നശിപ്പിക്കുന്നതിനും കച്ചകെട്ടിയിറങ്ങിയിട്ടുള്ളവർ പ്രത്യേകിച്ചും പ്രധാനമന്ത്രിയുടെ പ്രസ്താവനയെ അവഗാഢം ഗ്രഹിക്കുന്നതു പൊതുനന്മക്കു അവശ്യം ആവശ്യമാണ്. അവർ അവരുടെ വിദ്വേഷപരമായ പ്രസംഗങ്ങളിലും ഉപജാപപ്രവർത്തനങ്ങളിലും നിന്നു വിരമിക്കുന്നില്ലായെങ്കിൽ അതു പൊതുജനങ്ങളെ വഴിപിഴപ്പിക്കുന്നതിനും അനഭിലഷണീയമായ പ്രത്യാഘാതങ്ങളെ വിളിച്ചുവരുത്തി ഭാരതത്തിന്റെ ശ്രേയോന്മുഖമായ പുരോഗതിയെ തടസ്സപ്പെടുത്തുന്നതിനും നിദാനമായിത്തീർന്നേക്കുമെന്നു അവർ മനസ്സിലാക്കണം. ഭരണഘടനാരൂപവല്ക്കരണവേളയിൽ ഭൂരിപക്ഷസമുദായങ്ങളുടെ സന്മനസ്സിൽ വിശ്വസിച്ചും ഭാരതത്തിന്റെ ഐശ്വര്യത്തെ ലക്ഷ്യംവച്ചുമാണ് യാതൊരു പ്രത്യേക സംവരണങ്ങളും ആവശ്യപ്പെടാതെ ക്രിസ്ത്യൻസമൂഹം മററു ന്യൂനപക്ഷ സമുദായങ്ങൾക്കു മാതൃകയായി വർത്തിച്ചതെന്നു വിസ്മരിക്കപ്പെടാവുന്നതല്ല.

### ഭരണഘടന ആദരിക്കപ്പെടണം

ഇന്ത്യൻജനതയുടെ മനോഭാവത്തേയും ഇന്ത്യയുടെ നയപരിപാടികളേയും പ്രഖ്യാപിക്കുന്ന പ്രമാണരേഖയാണ് മഹത്തായ ഇന്ത്യൻ ഭരണഘടന. അതിന്റെ അനുശാസനങ്ങളെ കർത്തവ്യബോധത്തോടുകൂടി ഓരോ പൗരനും അനുവർത്തിക്കുന്നതിലാണ് ഇന്ത്യയുടെ പുരോഗതി നിലകൊള്ളുന്നതു്. ഭരണഘടനയിൽ ഓരോ പൗരനും ചിന്താസ്വാതന്ത്ര്യവും പ്രവർത്തനസ്വാതന്ത്ര്യവും ആരാധനാസ്വാതന്ത്ര്യവും ഉറപ്പുനൽകിയിട്ടുണ്ടു്. മനസ്സാക്ഷിസ്വാതന്ത്ര്യത്തെ ആദരിച്ചു്, ഓരോരുത്തന്റേയും ഇഷ്ടാനുസരണം സ്വതന്ത്രമായി ഏതെങ്കിലും മതം സ്വീകരിക്കുകയും അനുസരിക്കുകയും പ്രചരിപ്പിക്കുകയും ചെയ്യുന്നതിനു എല്ലാവർക്കും ഒരുപോലെ അവകാശമുണ്ടായിരിക്കുമെന്നാണ് 25 ാംവകുപ്പിൽ സ്പഷ്ടമായി പ്രഖ്യാപിച്ചിട്ടുള്ളതു്. ഈ വകുപ്പിനെപ്പററി കോൺസ്റ്റിററ്യുവൻറു് അസംബ്ലിയിൽ വാദപ്രതിവാദം നടന്ന അവസരത്തിൽ ഇന്ത്യയിലെ ക്രിസ്തുമതത്തെ ശ്ലാഘിച്ചുകൊണ്ടു് ഒരു മെമ്പർ പ്രസ്താവിച്ചതു്, "രാജ്യം മുഴുവനും പരിശോധിച്ചാലും ഇന്ത്യയിൽ ക്രിസ്ത്യൻസമുദായമാണ് ഏററവും നിരുപദ്രവകരമായ സമുദായമെന്നു ബോദ്ധ്യപ്പെട്ടു"മെന്നാണ്. ദൈവത്തെ സകല മനുഷ്യരുടേയും സ്നേഹപിതാവായി കാണുന്നതിനും മനുഷ്യവർഗ്ഗത്തെ മുഴുവനും വിശ്വസാഹോദര്യത്തിൽ ആശ്ലേഷിക്കുന്നതിനും പ്രബോധിപ്പിക്കുന്ന ക്രിസ്തുമതത്തിന്റെ ഒരവശ്യലക്ഷണമാണ് ഈ മനോഭാവം. വിശ്വസാഹോദര്യത്തിന്റെ ഈ സിദ്ധാന്തത്തിൽനിന്നു ക്രിസ്ത്യാനികൾ ഒരുനാളും വ്യതിചലിക്കുന്നതുമല്ല. എന്നാൽ നിരുപദ്രവികൾ മാത്രമല്ല, സേവനം ജീവിതലക്ഷ്യമായി അംഗീകരിച്ചു ജീവിച്ചുപോരുന്ന ക്രിസ്ത്യാനികളോടു ഒരുവിഭാഗം ആളുകൾ എന്തിനു വിദ്വേഷം ഭാവിക്കുന്നു എന്നും, ഭരണഘടനയെ അവഗണിച്ചും രാജ്യനന്മയെ ബലികഴിച്ചും അവരെ എന്തിനു ഞെരുക്കുന്നു എന്നുമാണ് മനസ്സിലാക്കാൻ കഴിയാത്തതു്.

മതപ്രചാരണവിഷയത്തിലാണ് അക്കൂട്ടരുടെ വലിയ എതിർപ്പെന്നു കാണാം. ഭരണഘടനയനുസരിച്ചു എല്ലാ വിഭാഗക്കാർക്കും അനുവദിച്ചിട്ടുള്ള ഈ സ്വാതന്ത്ര്യം ക്രിസ്ത്യാനികൾക്കുമാത്രം പ്രയോഗിച്ചുകൂടെന്നാണോ അവരുടെ വാദം? അതു സാമാന്യബുദ്ധിക്കു മനസ്സിലാക്കാൻ വിഷമമാണ്. ഇന്ത്യാരാജ്യം ഒരു വിഭാഗത്തിന്റേ മാത്രമാണെന്നും ഭരണഘടനയനുസരിച്ചുള്ള അവകാശസ്വാതന്ത്ര്യങ്ങൾ അവർക്കു മാത്രമായിട്ടുള്ളതാണെന്നും ആരെങ്കിലും തെററിദ്ധരിക്കുന്നുവെങ്കിൽ ആ അഭിപ്രായം വിലപ്പോകുകയില്ലെന്നും ആ പിടിവാദം വകവച്ചുകൊടുക്കുവാൻ പോകുന്നില്ലെന്നും യഥാകാലം മനസ്സിലാക്കേണ്ടതുണ്ടു്. ഒന്നു തീർച്ചയാണ്. പ്രധാനമന്ത്രി പ്രസ്താവിച്ചിട്ടുള്ളതുപോലെ, ഇന്ത്യൻ ക്രിസ്ത്യാനികൾ ഇന്ത്യൻ ജനതയുടെ ഒരു വിഭാഗമാണ്. ഇന്ത്യയിൽ മററാരേയുംപോലെയുള്ള എല്ലാ അവകാശാധികാരങ്ങളും, സ്വാതന്ത്ര്യങ്ങളും, ഭരണഘടനാപരിരക്ഷകളും അവർക്കുമുണ്ടു്. അതിനെതിരായി പടവെട്ടിയിട്ടു് ആരും ഒന്നും നേടാൻ പോകുന്നില്ല. അവർ അവരുടെ മനസ്സാക്ഷിയുടെ പ്രേരണയനുസരിച്ചു ക്രിസ്ത്യാനികളായി ജീവിക്കുകയും മതകർമ്മങ്ങളെ അനുഷ്ഠിക്കുന്നതിലും മതതത്വങ്ങളെ പ്രചരിപ്പിക്കുന്നതിലും നിയമാനുസൃതമായി പ്രവർത്തിക്കുകയും ചെയ്യും. ഭരണഘടനാവ്യവസ്ഥകൾക്കനുസരിച്ചുള്ള മനസ്സാക്ഷിസ്വാതന്ത്ര്യത്തെ നിർവ്വിഘ്നം പാലിക്കുന്നതിൽ മാർഗ്ഗതടസ്സം വരുത്തുന്ന കുതന്ത്രങ്ങളെ വീറോടുകൂടി എതിർക്കുന്നതിലും അവർക്കു വിമുഖരാകുവാൻ നിവൃത്തിയില്ല. ഏററം വലിയ സഹിഷ്ണുതയോടും സഹോദരസ്നേഹത്തോടുംകൂടി എല്ലാ കാര്യങ്ങളിലും എല്ലാവരുമായി സഹകരിക്കുന്നതിനും രാജ്യനന്മയേയും സാമൂഹികഐക്യത്തേയും പുലർത്തുന്നതിനും അവർ ആരുടേയും പുറകിലായിരിക്കുകയുമില്ല. അതുകൊണ്ടു വർഗ്ഗീയവിദ്വേഷപരമായ മനോഭാവങ്ങളെ ദൂരതഃ പരിവർജ്ജിക്കുന്നതിനും ഏകോദരസഹോദരങ്ങളെപ്പോലെ ഐക്യത്തിലും സമഭാവനയിലും ജീവിക്കുന്നതിനും ആർഷഭാരതത്തിന്റെ പാരമ്പര്യത്തിന്നനുസരിച്ചു്, നമ്മുടെ ഭരണഘടനയുടെ അനുശാസനങ്ങൾ ആദരിച്ചും, നമ്മുടെ രാഷ്ട്രപിതാവിന്റേയും വന്ദ്യനേതാക്കന്മാരുടേയും നിർദ്ദേശങ്ങളോടൊത്തും നമുക്കു പരിശ്രമിക്കാം. പ്രധാനമന്ത്രി പണ്ഡിററു നെഹ്റുവിന്റെ സമുചിതമായ വിമർശനം ഇതിനുള്ള പ്രചോദനം നൽകുന്ന ഒരു നിർദ്ദേശമായി നമുക്കു സ്വീകരിക്കാം.

## പ്രസാധകക്കുറിപ്പുകൾ

### മിഷനറി വൈരത്തെപ്പററി പണ്ഡിററു് നെഹ്റു

ഇന്ത്യാക്കാരും വിദേശികളുമായ പത്രപ്രതിനിധികൾ തടിച്ചുകൂടിയിരുന്ന ഒരു പ്രസ്കോൺഫറൻസിൽവച്ചു് ഇന്ത്യയിൽ ചില ഭാഗങ്ങളിൽ ജനങ്ങൾ ക്രിസ്തുമതത്തിനെതിരായും ക്രിസ്ത്യൻ മിഷനറിമാർക്കെതിരായും പ്രകടിപ്പിക്കുന്ന വിരോധത്തെപ്പററി ഇന്ത്യൻ പ്രധാനമന്ത്രി പണ്ഡിററു് നെഹ്റു അതിശക്തിയായ ഭാഷയിൽ അദ്ദേഹത്തിനുള്ള അമർഷം വ്യക്തമാക്കിയിരിക്കുന്നു. രാജ്യത്തു ചില വിഭാഗം ആളുകൾ ക്രൈസ്തവവിരുദ്ധവും മിഷനറിവിരുദ്ധവുമായ മനോഭാവം പ്രകടിപ്പിക്കുന്നതിനേയും ക്രിസ്ത്യാനികളെ ഉപദ്രവിക്കുന്നതിനേയും കഠിനമായി അപലപിച്ചുകൊണ്ടു് മീററിലും മദ്ധ്യപ്രദേശിലും നടന്ന അനിഷ്ടസംഭവങ്ങളെ ചൂണ്ടിക്കാണിച്ചു. ഇന്ത്യയിലെ മതങ്ങളിൽ ക്രിസ്തുമതത്തിനു മൂന്നാമത്തെ സ്ഥാനമാണുള്ളതെന്നും മററു മതങ്ങളെപ്പോലെതന്നെ ക്രിസ്തുമതവും ഇന്ത്യയുടെ മണ്ണിൽ വേരുറച്ചിട്ടുള്ളതാണെന്നും, പത്തൊൻപതിൽപ്പരം നൂററാണ്ടുകളുടെ പാരമ്പര്യം ഇന്ത്യയിലെ ക്രിസ്തുമതത്തിനുണ്ടെന്നും, ഇന്ത്യയുടെ സമ്പത്തിനെ വളരെ വർദ്ധിപ്പിച്ചിട്ടുള്ള ഒരു മതമാണ് ക്രിസ്തുമതമെന്നും അദ്ദേഹം പ്രസ്താവിച്ചു. ദക്ഷിണേന്ത്യയിൽ പ്രത്യേകിച്ചും ക്രിസ്തുമതം നൽകിയിട്ടുള്ള ദേശീയസംഭാവന വളരെ പ്രശംസാർഹമാണെന്നദ്ദേഹം എടുത്തുപറഞ്ഞു. മതേതരമായ ഭരണഘടന ഉറപ്പുനൽകുന്ന എല്ലാ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും മററു മതങ്ങൾക്കുള്ളതുപോലെ ക്രിസ്തുമതത്തിനുമുണ്ടെന്നു പ്രധാനമന്ത്രി പ്രഖ്യാപിച്ചു. എന്നാൽ മിഷനറിമാർ രാഷ്ട്രീയലക്ഷ്യങ്ങൾവച്ചു പ്രവർത്തിച്ചാൽ അതനുവദിക്കപ്പെടുകയില്ലെന്നും, മിഷനറിമാരുടെ ഏതെങ്കിലും വഴിപിഴച്ച പ്രവർത്തനത്തെപ്പററി ഗവമ്മെൻറു് അവരുടെമേൽ നടപടികൾ സ്വീകരിച്ചാൽതന്നേയും അതുകൊണ്ടു് ഇന്ത്യ ക്രിസ്തുമതത്തിനെതിരാണെന്നുവരുന്നതല്ലെന്നും നെഹ്റു വിശദമാക്കി. ദൂരസ്ഥങ്ങളായ ആസാം ഗിരിപ്രദേശങ്ങളിൽപ്പോലും ധാരാളം ക്രിസ്ത്യാനികളുണ്ടെന്നു ചൂണ്ടിക്കാണിക്കപ്പെട്ടു.

വെറും വർഗ്ഗീയതയുടെ പേരിൽ ക്രിസ്ത്യാനികൾക്കെതിരായി ഇന്ത്യയിലെ ചില സാമൂഹികരംഗങ്ങളിലും രാഷ്ട്രീയവൃത്തങ്ങളിലും വിദ്വേഷം കുത്തിപ്പൊക്കുന്നതിനു സ്വീകരിക്കപ്പെട്ടുപോരുന്ന രാജ്യദ്രോഹപരമായ പ്രവർത്തനങ്ങളെയാണ് പ്രധാനമന്ത്രി അപലപിച്ചിരിക്കുന്നതു്. ഉന്നതസ്ഥാനങ്ങളിലിരിക്കുന്ന ചില വൻകിടനേതാക്കന്മാർപോലും ഈ ഉദ്യമത്തിൽ പങ്കെടുക്കുന്നുവെന്നറിയുന്നതാണ് പരിതാപകരമായിരിക്കുന്നതു്. വർഗ്ഗീയവിഷത്തിന്റെ നിറകുടങ്ങളായ ചില ദുഷിച്ച വ്യക്തികൾ സ്വാർത്ഥതയ്ക്കുവേണ്ടി അവശതയനുഭവിക്കുന്ന ഒരു ജനവിഭാഗത്തെ ദുഷിക്കുന്നതും ഹസിക്കുന്നതും അവരെ ഒന്നാകെ ഭസ്മമാക്കണമെന്നാക്രോശിക്കുന്നതും ഒരുവിധത്തിൽ മനസ്സിലാക്കാം. അവരോടു സഹതപിക്കാം. എന്നാൽ അഭ്യസ്തവിദ്യരും ജനനേതാക്കന്മാരും ജനക്ഷേമത്തെ അഭിലഷിക്കുന്ന രാജ്യസ്നേഹികളും അത്തരം മാർഗ്ഗങ്ങളിലേക്കു ചിലപ്പോൾ വ്യതിചലിച്ചുകാണുന്നതാണ് പരമദയനീയവും ആശങ്കാജനകവുമായിരിക്കുന്നതു്. പ്രധാനമന്ത്രിയുടെ ഉൽബോധനം എല്ലാവർക്കും മാർഗ്ഗദർശകമാകുമെന്നു വിശ്വസിക്കാം.

x x x

### ചൈനീസ് നേതാക്കന്മാരുടെ ധൂർത്തു് വിമർശിക്കപ്പെടുന്നു

"പീപ്പിംഗ് പ്യൂപ്പിൾസ് ഡെയിലി" എന്ന ചൈനീസ് പത്രം അതിന്റെ മുഖപ്രസംഗത്തിൽ ഈയിടെ ചൈനീസ് കമ്മ്യൂണിസ്റ്റു മേധാവികളുടെ ധൂർത്തമായ ജീവിതരീതികളെ രൂക്ഷമായി വിമർശിക്കുകയുണ്ടായി. ഇപ്പോഴത്തെ ഭരണത്തിൽ അവർ സ്വച്ഛന്ദം സുഖിക്കുകയാണ്. "മഹത്തായ വിപ്ലവാദർശങ്ങളെ സേവിക്കുന്നതിനു ആവശ്യമായ പുതിയ രീതിയിലുള്ള സമുന്നത ധാർമ്മികഗുണങ്ങളാൽ അലംകൃതരാണ് കമ്മ്യൂണിസ്റ്റു നേതാക്കളെന്നു പറയപ്പെടുന്നുണ്ടെങ്കിലും ഈ വിപ്ലവശക്തികളുടെ അണികളിലേക്കു കാപ്പിററലിസ്റ്റു് ജീവിതരീതികൾ തുളച്ചുകയറിക്കൊണ്ടിരിക്കുന്നു"വെന്നാണ് പത്രം ആരോപിക്കുന്നതു്. സഖാക്കൾ വളരെ താണതരത്തിലുള്ള വിനോദങ്ങളിലും അന്ധവിശ്വാസങ്ങളിലും ഏർപ്പെടുന്നുവെന്നും, താമസത്തിനു മനോഹരസൗധങ്ങളും യാത്രക്കു ഏററവും പുതിയ മോഡലിലുള്ള സുഖസമൃദ്ധമായ കാറുകളും ഉപയോഗിക്കുന്നുവെന്നും, ഔദ്യോഗികമായ പര്യടനങ്ങൾക്കും പൊതുയോഗങ്ങൾ നടത്തുന്നതിനും മററും ഭീമമായ സംഖ്യകൾ പൊതുമുതലിൽനിന്നു പാറുന്നുവെന്നും തുടർന്നു പ്രസ്തുത ലേഖനത്തിൽ വിശദമാക്കിയിരിക്കുന്നു. ഇടതടവില്ലാതെ അതിഥികളെ സൽക്കരിക്കുന്നതിനും ആതിഥ്യം സ്വീകരിക്കുന്നതിനും ബൃഹത്തായ പാർട്ടികൾ നടത്തുന്നതിനും പൊതുഫണ്ടിൽനിന്നു കയ്യും കണക്കുമില്ലാതെ പണം ധൂർത്തടിക്കുകയാണ്. അവ വെറും വ്യക്തിപരവും സ്വകാര്യജീവിതത്തെ സംബന്ധിക്കുന്നതുമാണോ അതോ ഔദ്യോഗികവും പൊതുഭരണത്തോടു ബന്ധപ്പെട്ടതുമാണോ എന്നുള്ള ഒരു പരിഗണന അശേഷമില്ല. അവരുടെ ആപ്പീസുകളുടേയും വസതികളുടേയും പരിസരങ്ങളെ മനോഹരമാക്കി അലങ്കരിക്കുന്നതിൽ യാതൊരു നിയന്ത്രണവുമില്ല. പട്ടിണിപ്പാവങ്ങളുടെ പണമാണിപ്രകാരം ധൂർത്തടിക്കുന്നതെന്നുള്ള ചിന്ത അവരെസ്പർശിക്കുന്നതേയില്ല. അതുകൊണ്ടു്

പാർട്ടിയുടെ താല്പര്യങ്ങളോടു യോജിക്കാത്തആ കൂട്ടരുടെമേൽനടപടിനടത്തണമെന്നും വേണ്ടിവന്നാൽ അവരെ പാർട്ടിയിൽനിന്നും പുറംതള്ളണമെന്നുമുള്ള ഒരു താക്കീതോടുകൂടിയാണു് ലേഖനം സമാപിക്കുന്നതു്.

കമ്മ്യൂണിസത്തിന്റെ തനിനിറം തുറന്നുകാട്ടുന്ന പരോക്ഷമായ ഒരു കുററസമ്മതമാണു് ഇതിൽ പ്രകാശിക്കുന്നതു്. സാധുക്കളെ ഉന്നമിപ്പിക്കുവാനെന്നും, പട്ടിണിപ്പാവങ്ങളുടെ പൊരിയുന്ന വയറിനു ശമനം വരുത്തുവാനെന്നും, ഐശ്വര്യത്തിന്റെ പറുദീസാ സൃഷ്ടിക്കുവാനെന്നും പറഞ്ഞു പാവങ്ങളെ വ്യാമോഹിപ്പിച്ചു് വഴിപിഴപ്പിക്കുന്ന കമ്മ്യൂണിസ്റ്റുകളുടെ പരിപാടികൾ എങ്ങനെ "സ്വന്തം കാര്യം സിന്ദാബാദു്" എന്ന പരിണാമഗുപ്തിയിൽ ചെന്നവസാനിക്കുന്നുവെന്നു കാണുവാനുള്ള ഒരു മാതൃകയാണു് ഈ ചൈനീസ് പത്രത്തിന്റെ മുഖപ്രസംഗത്തിൽ പ്രതിപാദിക്കപ്പെടുന്ന ചൈനയിലെ സ്ഥിതിവിശേഷങ്ങൾ.

x x x

## പശ്ചിമയൂറോപ്പിൽ കമ്മ്യൂണിസത്തിനു അധോഗതി

ഈയിടെ ബർലിനിൽവച്ചു് സമാപിപ്പിക്കപ്പെട്ട രാജ്യവ്യാപകമായ ഒരു നിരീക്ഷണത്തിൽനിന്നു് മനസ്സിലാക്കുന്നതു് പശ്ചിമയൂറോപ്പിൽ കമ്മ്യൂണിസത്തിന്റെ ശക്തി അടിക്കടി അധോഗതി പ്രാപിച്ചുകൊണ്ടിരിക്കുകയാണെന്നാണു്. ഇരുമ്പുമറയ്ക്കു പുറമെ സ്വാതന്ത്ര്യവായു ശ്വസിച്ചു ജീവിച്ചുപോരുന്ന ഓരോ യൂറോപ്യൻ രാജ്യത്തിലേയും സ്ഥിതിവിവരക്കണക്കുകൾ അടിസ്ഥാനമാക്കിയാണു് ഈ അനുമാനം വിശദീകരിച്ചിട്ടുള്ളതു്. 1940 നും 50നും മദ്ധ്യേയാണു് പൊതുവെ പശ്ചിമയൂറോപ്പിൽ കമ്മ്യൂണിസത്തിനു കൂടുതൽ പ്രചാരവും പിൻതുണയും ലഭിച്ചതു്. തുടർന്നുള്ള കൊല്ലങ്ങളിൽ മുറയ്ക്കു അധോഗതിയും വ്യക്തമാകുന്നുണ്ടു്. ഓരോ രാജ്യങ്ങളിലും പ്രചാരത്തിന്റെയും അധഃപ്പതനത്തിന്റെയും തോതുകൾ വ്യത്യാസപ്പെട്ടിരിക്കുമെന്നു മാത്രം. പശ്ചിമയൂറോപ്പിൽ ആകെയുള്ള കമ്മ്യൂണിസ്റ്റുകാരിൽ 2/3 ഭാഗം ഇററലിയിലാണു്. 1/6 ഫ്റാൻസിലുണ്ടു്. ബാക്കി മറെറല്ലാ രാജ്യങ്ങളിലുമായി വിതരണം ചെയ്യപ്പെട്ടിരിക്കുകയാണു്. ഫ്റാൻസിൽ ഇപ്പോൾ മൂന്നര ലക്ഷത്തിൽപരം കമ്മ്യൂണിസ്റ്റുകാരുണ്ടെന്നു കണക്കാക്കപ്പെട്ടിരിക്കുന്നു. ഈ സംഖ്യ 1947-ലെ സംഖ്യയുടെ നേർ പകുതിയിൽകുറവാണു്. 1954-ലെകോൺഗ്രസ്സിൽവച്ചു പാർട്ടി നേതാക്കന്മാർ തന്നെ ഏററു പറഞ്ഞു 1950നു് ശേഷം 3000ത്തിൽപരം കമ്മ്യൂണിസ്റ്റു് സെല്ലുകൾ നിന്നുപോയിഎന്നു്. അവയിൽ 2/3 ഭാഗവും വ്യവസായശാലകളിലായിരുന്നു. പ്രസിദ്ധീകരണങ്ങളെ സംബന്ധിച്ച 1954-ലെ സ്ഥിതി പാർട്ടി സിക്രട്ടറി റിപ്പോർട്ടു ചെയ്തതു് പാർട്ടി പത്രമായ "ലെ ഹ്യു മാ നി ത്തെ" ക്കു 570,000 വരിക്കാരുണ്ടായിരുന്നതു് 1954 അവസാനത്തിൽ 121, 000 മായി കുറഞ്ഞു എന്നാണു്.

ഇററലിയിൽ കമ്മ്യൂണിസ്റ്റുകൾക്കു കൂടുതൽ അധഃപ്പതനം നേരിട്ടിരിക്കുന്നതു് തൊഴിൽരംഗത്താണു്. ഈ മാർച്ചുമാസത്തിൽ ടൂറിനിലെ "ഫിയാത്ത്" പ്ലാൻറി"ൽനടന്ന ഒരുതിരഞ്ഞെടുപ്പിൽഇതുപ്രത്യക്ഷമായികണ്ടു. പ്രമുഖവ്യവസായകേന്ദ്രവുംകമ്മ്യൂണിസ്റ്റുകളുടെ ശക്തിസങ്കേതവുമായ ടൂറിനിൽ അവർക്കു ഭീമമായ പരാജയമാണു് നേരിട്ടതു്. കമ്മ്യൂണിസ്റ്റുകാർക്കു കിട്ടിയതിൽ ഇരട്ടി സ്ഥാനങ്ങൾ കമ്മ്യൂണിസ്റ്റല്ലാത്തവർക്കു ലഭിച്ചു. തുടർന്നു് ഉത്തര ഇററലിയിൽ ചില സ്ഥലങ്ങളിലും ഇതേ തരത്തിലുള്ള പരാജയങ്ങൾ തന്നെ അവർക്കു നേരിടേണ്ടിവന്നിട്ടുണ്ടു്. മാർച്ചിൽതന്നെ നടന്ന ചെറുകിടഭൂവുടമകളുടെ ഇൻഷ്യൂറൻസ് ഫണ്ടു് നിയന്ത്രണ കമ്മിററിയിലേക്കുള്ള തിരഞ്ഞെടുപ്പിലും ഈ അനുഭവംതന്നെ ആവർത്തിക്കപ്പെട്ടു. എങ്കിലും ഇററലിയിൽ ഒരു പ്രബലകക്ഷിയാണു് കമ്മ്യൂണിസ്റ്റുകാർ. ഇരുപത്തൊന്നര ലക്ഷം അംഗസംഖ്യയുണ്ടെന്നാണു് അവർ പറയുന്നതു്. പുറമെയുള്ളവരുടെ കണക്കനുസരിച്ചു കമ്മ്യൂണിസ്റ്റുകൾ 17 ലക്ഷത്തിൽ കൂടുതലില്ലെന്നാണു് കാണുന്നതു്. പാർലമെൻറിൽ ആകെയുള്ള 843 വോട്ടിൽ 192 കമ്മ്യൂണിസ്റ്റുകളുടേതുൾപ്പെടെ ആകെ 292 വോട്ടുകൾ അവരുടെ സ്വാധീനത്തിലുണ്ടു്. ഒരു ഇടതുപക്ഷ സോഷ്യലിസ്റ്റു് കക്ഷിയായ "നെന്നി" വിഭാഗത്തെ അവർ കൂട്ടുപിടിച്ചിരിക്കുകയാണു്. എങ്ങിനെയും ഇററലിയിൽ കമ്മ്യൂണിസ്റ്റുകൾ അടിക്കടി അധഃപ്പതിച്ചുവരുന്നു എന്നാണു് വ്യക്തമാകുന്നതു്.

മററുള്ള പശ്ചിമയൂറോപ്യൻ രാജ്യങ്ങളിലെ സ്ഥിതി ഇതിലും കൂടുതൽ അധോഗതിയെ യാണു് കാണിക്കുന്നതു്. ജർമ്മനിയിലെ ഫെഡറൽ റിപ്പബ്ളിക്കിൽ പാർട്ടി ഒററപ്പെടുത്തപ്പെട്ടിരിക്കുകയാണു്. രാഷ്ട്രീയമായി അവർക്കു ഗണ്യമായ സ്വാധീനമൊന്നുമില്ല. പാർലമെൻറിൽ യാതൊരു സീററുമില്ല. ആസ്ത്രിയായിലെ കമ്മ്യൂണിസ്റ്റുപാർട്ടിയെ നാട്ടുകാർ വെറുത്തിരിക്കുകയാണു്. മോസ്കോപോലും അവരെ അവജ്ഞയോടുകൂടിയാണു് നോക്കുന്നതു്. ഡെന്മാർക്കിലും നോർവെയിലും അവരുടെ എണ്ണം മുമ്പുണ്ടായിരുന്നതിന്റെ പകുതിപോലും വരികയില്ല ഇപ്പോൾ. സ്വീഡനിൽ 1954-ൽ നടന്ന ഒരു തിരഞ്ഞെടുപ്പിൽ ആകെ വോട്ടുകളുടെ 5 ശതമാനം പോലും നേടുവാൻ അവർക്കു സാധിച്ചില്ല. ഒരു മുന്നണി സൃഷ്ടിച്ചു പോരാടിയെങ്കിലും ഗ്രീസ്സിൽ കഴിഞ്ഞ പൊതുതിരഞ്ഞെടുപ്പിൽ ഒരു സ്ഥാനാർത്ഥിയെപ്പോലും ജയിപ്പിക്കുന്നതിനു അവർക്കു സാധിച്ചില്ല. സ്പെയിനിലും പോർത്തുഗലിലും അവരുടെ ശക്തി നാമമാത്രമാണു്. അയർലണ്ടിൽ അവർക്കു ഗണ്യമായ യാതൊരു സ്ഥാനവുമില്ല. ഇങ്ങനെ ജനങ്ങൾക്കു സ്വതന്ത്രമായി കമ്മ്യൂണിസത്തെപ്പററി വിധി പറയാവുന്ന സ്ഥലങ്ങളിലെല്ലാം അതു പുറംതള്ളപ്പെട്ടുകൊണ്ടിരിക്കുകയാണു്. ഇരുമ്പുമറയ്ക്കുള്ളിൽ പീഡനഹസ്തങ്ങൾക്കടിപ്പെട്ടു അസ്വതന്ത്രമായി വച്ചുകൊണ്ടിരിക്കുന്ന പൂർവ്വയൂറോപ്പിലെ ജനത ഈ ക്രൂരനുകം വലിച്ചെറിയുന്നതിനുള്ള അവസരം വേദനയോടുകൂടി കാത്തിരിക്കുകയാണു്.

## അടുത്തയാഴ്ചയിൽ

ജൂൺ

9 വ്യാ: പ. കുർബാനയുടെ തിരുനാൾ
10 വെ: വി. ഹെൻറി
11 ശ: വി. ബർണബാ
12 ഞാ: പന്തക്കുസ്താ 2-ാം ഞായർ
13 തി: വി. അന്തോനി പാദുവാ
14 ചൊ: വി. ബാസിൽ
15 ബു: വി. മൊദെസ്തൂസ്

വാരാന്ത്യവീക്ഷണം

# ബ്രിട്ടണിൽ കൺസർവേററീവ് പാർട്ടി വീണ്ടും അധികാരത്തിൽ

(സി. ഐ. ജോൺ)

ബ്രിട്ടനിൽ പൊതുതെരഞ്ഞെടുപ്പു ആരംഭിച്ചപ്പോൾ മുതൽ ലോകം ഉററുനോക്കിക്കൊണ്ടിരുന്ന ഒന്നാണു് ഏതു പാർട്ടി അധികാരത്തിൽ വരുമെന്നു്. എന്നാൽ മേയ് 26-ാംനു നടന്ന പൊതുതെരഞ്ഞെടുപ്പിൽയാഥാസ്ഥിതികകക്ഷി വമ്പിച്ച ഭൂരിപക്ഷംനേടി വീണ്ടും അധികാരത്തിൽ വന്നിരിക്കുകയാണു്. 342 സീററു് യാഥാസ്ഥിതികകക്ഷിക്കും, 276 സീററു ലേബർകക്ഷിക്കും ലഭിക്കുകയുണ്ടായി. ഇപ്രാവശ്യത്തെ വോട്ടിംഗ്ശതമാനം വളരെ കുറവാണു്. 350 ലക്ഷം വോട്ടറന്മാരിൽ 75 ശതമാനംപേർ മാത്രമേ അവരുടെ സമ്മതിദാനാവകാശം പ്രയോജനപ്പെടുത്തിയിട്ടുള്ളു. 1951 ലെ തെരഞ്ഞെടുപ്പിലേതിനെക്കാൾ 5 ശതമാനം കുറവാണിതു്. നിശ്ചയമായും ഈ കുറവു് ബ്രിട്ടണിലെ വോട്ടറന്മാരുടെ രാഷ്ട്രീയബോധത്തിന്റെ കുറവായി കണക്കാക്കാവുന്നതല്ല. കക്ഷിമത്സരങ്ങളുടെ കൂടുതൽ അനുസരിച്ചും തുല്യനിലയുള്ള ആളുകൾ ഒരേ,നിയോജകമണ്ഡലത്തിൽ മത്സരിക്കുമ്പോഴും ഏതു പരിഷ്കൃതരാജ്യത്തും വോട്ടിംഗ്ശതമാനം വളരെ കുറവായിരിക്കും എന്നുള്ളതിനു് ബ്രിട്ടൻ ഒരു മാതൃക കാണിച്ചിരിക്കുകയാണു്.

എല്ലാ കക്ഷിയിലേയും സമുന്നതനേതാക്കന്മാർ ഈ തെരഞ്ഞെടുപ്പിൽ വിജയിച്ചിട്ടുണ്ടു്. ലേബർ പാർട്ടി നേതാക്കളായ ആററ്ലി, ബെവാൻ, മോറിസൺ എന്നിവർക്കു് കഴിഞ്ഞ പ്രാവശ്യത്തേക്കാൾ വോട്ടു കുറവാണു കിട്ടിയതെങ്കിലും അവരും വിജയിച്ചിട്ടുണ്ടു്. ചർച്ചിലിനും ഈഡനും കഴിഞ്ഞ പ്രാവശ്യത്തേക്കാൾ കൂടുതൽ വോട്ടുകിട്ടി. പ്രധാനമന്ത്രി സർ ഈഡൻ വമ്പിച്ച ഭൂരിപക്ഷത്തോടെയാണു് വിജയിച്ചിരിക്കുന്നതു്.

കേവലം അപ്രതീക്ഷിതമായ ഒരു വിജയമല്ല കൺസർവേററീവുപാർട്ടിക്കു ഇപ്രാവശ്യമുണ്ടായതു്. "ശക്തിയുള്ള ഒരു പ്രതിപക്ഷമായി നില്ക്കുവാൻ തൊഴിലാളികക്ഷിക്കു കഴിഞ്ഞാൽ യാഥാസ്ഥിതികഗവമ്മെൻറു് അന്താരാഷ്ട്രകാര്യങ്ങളിൽ പുരോഗമനപരമായ ഒരു നില സ്വീകരിക്കുമെന്നും, മറിച്ചാണെങ്കിൽ അതു് അമേരിക്കയുടെ ചൊൽപ്പടിക്കു തന്നെ നില്ക്കു"മെന്നും തെരഞ്ഞെടുപ്പിനു കുറച്ചു ദിവസങ്ങൾക്കു മുൻപു് മി. ബെവാൻ പ്രസ്താവിക്കുകയുണ്ടായി. അതുകൊണ്ടുതന്നെ കൺസർവേററീവുപാർട്ടിയുടെ വിജയം ഒരു യാദൃശ്ചികസംഭവമല്ലെന്നു തെളിയുന്നുണ്ടു്. ലേബർപ്രതിപക്ഷത്തെ ഭയപ്പെടാതെതന്നെ ഈഡന്റെ ഗവമ്മെൻറിനു് ഇന്നു ഏതുകാര്യവും ചെയ്യത്തക്ക സ്ഥിതിയിൽ എത്തിയിരിക്കുകയാണു്. എന്നാൽ മി. ബെവാൻ പറയുന്നതുപോലെ ഗവമ്മെൻറു് അമേരിക്കൻ ചേരിയിലേക്കു വഴുതിപ്പോകും എന്നു വിശ്വസിക്കുക പ്രയാസമാണു്. കാരണം ചർച്ചിലിന്റെ ഗവമ്മെൻറു് അധികാരത്തിലിരുന്നപ്പോൾ ഇന്നത്തെ പ്രധാനമന്ത്രിയും അന്നത്തെ വിദേശകാര്യമന്ത്രിയുമായി സർ ആൻറണി ഈഡൻ അന്താരാഷ്ട്രീയകാര്യങ്ങളിൽ ചെയ്തിട്ടുള്ള തീരുമാനങ്ങളും സ്വീകരിച്ചിട്ടുള്ള നിലയും വച്ചു നോക്കിയാൽ അതു പുരോഗമനപരമല്ലെന്നു പറയുന്നതു് സാഹസമായിരിക്കും. കഴിഞ്ഞ മൂന്നരവർഷത്തെ ഭരണംകൊണ്ടു് കൺസർവേററീവുപാർട്ടി ബ്രിട്ടണിൽ ഉണ്ടാക്കിയ സമൃദ്ധിയും ഇടതുപക്ഷപാർട്ടികളിലെ ആഭ്യന്തരമത്സരങ്ങളുമാണു് യാഥാസ്ഥിതികവിജയത്തിനു കാരണം.

ഈഡന്റെ വ്യക്തിവൈശിഷ്ട്യം തിരഞ്ഞെടുപ്പുവിജയത്തിനു കൺസർവേററീവുപാർട്ടിയെ സഹായിച്ചിട്ടുണ്ടെന്നുള്ളതു് ശരിയാണെങ്കിലും യാഥാസ്ഥിതികകക്ഷിയുടെ വിജയസാദ്ധ്യത വർദ്ധിപ്പിക്കുന്നതിനാണു് ചർച്ചിൽ രാജിവച്ചതെന്നുള്ള വാർത്ത അടിസ്ഥാനരഹിതമാണു്. യാൾട്ടാരഹസ്യം പരസ്യമാക്കപ്പെട്ടപ്പോൾ ചർച്ചിലിനെ മന്ത്രിസഭയിൽനിന്നു പുറംതള്ളുകയായിരുന്നു ചെയ്തതെന്നു പറയുന്നതുപോലെ ഒരു കല്ലുവച്ച കള്ളമാണതു്. ഒരു സമാധാനവാദി എന്ന നിലയാണു സർ ഈഡനു ബ്രിട്ടനിലും പുറത്തുമുള്ളതു്. ജനീവാക്കരാറുതൊട്ടു് അന്താരാഷ്ട്രീയമണ്ഡലത്തിലെ സംഘർഷാവസ്ഥ ലഘൂകരിക്കുവാൻ അദ്ദേഹം അതിതീവ്രമായി പരിശ്രമിച്ചിട്ടുണ്ടു്. ബെവാൻ ഭയപ്പെടുന്നതുപോലെയല്ല, നേരെമറിച്ചു് അമേരിക്കയുടെ ചില നയപരിപാടികളിൽ വ്യതിയാനം വരുത്തുവാൻപോലും ഈഡനു സാധിച്ചിട്ടുണ്ടു്. ലേബർപാർട്ടിക്കു് ബ്രിട്ടനിലെ പൊതുജനങ്ങളുടെ മുൻപിൽ ഏതേതു പരിപാടികൾ വയ്ക്കുവാനുണ്ടായിരുന്നോ അവയോരോന്നുംതന്നെ കൺസർവേററീവുപാർട്ടിയും വച്ചിരുന്നു. ചതുശ്ശക്തിസമ്മേളനം വിജയിപ്പിക്കുന്നതിനും സമാധാനബന്ധങ്ങൾ ലോകരാജ്യങ്ങളുമായി ഉണ്ടാക്കുന്നതിനും കൺസർവേററീവുപാർട്ടി മുൻകൈയെടുത്തു പ്രവർത്തിക്കുമെന്നായിരുന്നു അവരുടെ തിരഞ്ഞെടുപ്പുവിജ്ഞാപനത്തിലും ഉണ്ടായിരുന്നതു്. ചുരുക്കിപ്പറഞ്ഞാൽ കൺസർവേററീവുപാർട്ടിയിൽനിന്നു് മൗലികമായ കാര്യങ്ങളിൽ ലേബർപാർട്ടിയെ വേർതിരിക്കുവാൻ വയ്യാത്ത തരത്തിലാണു ഇന്നത്തെ നില.

ലേബർ പാർട്ടിയിൽതന്നെ തീവ്രവാദിഗ്രൂപ്പിന്റെ നേതാവാണു് അന്യൂറിൻ ബെവാൻ. അദ്ദേഹത്തെ പുറത്താക്കുവാൻ ഈയിടെ ചില തീരുമാനങ്ങൾ ലേബർപാർട്ടിയിലുണ്ടായെങ്കിലും അതു് പ്രായോഗികമായില്ല. ബെവാനെ പുറത്താക്കുവാൻ ഒരുങ്ങിയതുകൊണ്ടാണു് ലേബർ പാർട്ടിക്കു് പരാജയം ഉണ്ടായതെന്നു് ചിലർ കരുതുന്നു. അതും ശരിയല്ല. നമ്മുടെ നാട്ടിലേതുപോലെ പേരിന്റെ പുതുമയിലും നിറപ്പകിട്ടിലും ബ്രിട്ടനിലെ ജനങ്ങൾ ചലിക്കുകയില്ലെന്നും, രാഷ്ട്രീയപ്പാർട്ടികളെ സംബന്ധിച്ചിടത്തോളം അതിന്റെയും "ഫണ്ടമെൻറൽ ഐഡിയാ"യെപ്പററി ബഹുജനങ്ങൾ ചിന്തിച്ചു് കഴിഞ്ഞകാലപ്രവർത്തനചരിത്രത്തെപ്പററി പഠിച്ചു് വിധികല്പിക്കുമെന്നുമാണു് മനസ്സിലാക്കേണ്ടതു്. നമ്മുടെ നാട്ടിലെ ജനങ്ങൾക്കു് ബ്രിട്ടണിലെ തെരഞ്ഞെടുപ്പു് ഒരു സാധനപാഠമാകേണ്ടതാണു്. ഇവിടെ ഒരേ ഒരു തത്വത്തിൽ വിശ്വസിക്കുന്നു എന്നു് അവകാശപ്പെടുന്നവരായി നൂറുകണക്കിനു് പാർട്ടികളാണുള്ളതു്. പൊതുതെരഞ്ഞെടുപ്പു് അടുത്തു വരുമ്പോൾ അവരെല്ലാം ഒന്നായി ജനങ്ങളുടെ മുൻപിൽ വോട്ടു ചോദിക്കാൻ വരും. നമ്മുടെ നാട്ടിലെ ജനങ്ങൾക്കു ഇവരോടു് ഒരു വിരോധവും ഇല്ലെന്നു തോന്നുന്നു. തിരഞ്ഞെടുപ്പു കഴിഞ്ഞു് രണ്ടു ദിവസത്തിനകം കടലാവണക്കിൻ പത്തലും, മുരിക്കിൻ കൊമ്പുമായി അങ്ങുമിങ്ങും അടിയും തുടങ്ങും. വീണ്ടും പൊതുതെരഞ്ഞെടുപ്പു് അടുത്തുവരുമ്പോൾ ഇവരെല്ലാം തോളിൽ കൈയുമിട്ടു് ഒന്നിച്ചു നടക്കുന്നതു് കാണാം. ബ്രിട്ടണിലെ വോട്ടറന്മാരെപ്പോലെ നാം ആയിത്തീർന്നാൽ ഈ ക്ഷുദ്രജീവികൾ ഇവിടെ തലപൊക്കുകയില്ല.

"വർഗ്ഗവിദ്വേഷം വച്ചുപുലർത്തുന്നവരോടു് ഈ തലമുറയ്ക്കുള്ള വിശ്വാസമില്ലായ്മയാണു് തെരഞ്ഞെടുപ്പുമൂലംബ്രിട്ടനിലെജനങ്ങൾ തെളിയിച്ചിരിക്കുന്ന"തെന്നു് സർ ഈഡൻ പറയുകയുണ്ടായി. ഏതായാലും ലേബർ പാർട്ടിയുടെ പരാജയത്തിനു് കാരണം പാർട്ടിക്കകത്തെ കക്ഷിമത്സരങ്ങളും വർഗ്ഗവിദ്വേഷപ്രചരണവുമാണു്.

ഇനിയത്തെ അഞ്ചു കൊല്ലക്കാലം സർ ഈഡന്റെ ഗവമ്മെണ്ടിനു് വൈഷമ്യം നിറഞ്ഞ വളരെ ഏറെ പ്രശ്നങ്ങൾ അഭിമുഖീകരിക്കേണ്ടതായി വരും. കമ്മ്യൂണിസത്തോടു് ബ്രിട്ടൻ അനു

## ദിവ്യമായ ഒരാഹ്വാനം

വൈദികാന്തസ്സിൽ പ്രവേശിച്ചു് കേരളത്തിലും കേരളത്തിനു പുറത്തും വിദ്യാഭ്യാസപ്രവർത്തനങ്ങളിലും, മിഷൻ രംഗങ്ങളിലും, വേദപ്രസംഗവേദികളിലും, സാഹിത്യമണ്ഡലങ്ങളിലും മററും മിശിഹായ്ക്കുവേണ്ടി സേവനമനുഷ്ഠിച്ചു സ്വന്തം പുണ്യപൂർണ്ണതയും പരാത്മരക്ഷയും സാധിക്കുവാൻ ആഗ്രഹിക്കുന്ന സുശീലരും ആരോഗ്യവാന്മാരുമായ യുവാക്കന്മാരെ കേരളീയകർമ്മലീത്താ സഭയുടെ തിരുഹൃദയപ്രോവിൻസിലേക്കു സസ്നേഹം ക്ഷണിച്ചുകൊള്ളുന്നു. സർവ്വകലാശാലാബിരുദങ്ങൾ സമ്പാദിച്ചിട്ടുള്ളവർക്കും സ്കൂൾഫൈനൽപരീക്ഷയിൽ "ക്ലാസ്സ്"കിട്ടി ജയിച്ചിട്ടുള്ളവർക്കും മുൻഗണന നൽകപ്പെടുന്നതാണു്. പ്രശസ്തമതികളായ യുവാക്കന്മാരെ യോഗാർത്ഥിമന്ദിരത്തിൽ സ്വീകരിച്ചശേഷം ഉന്നതവിദ്യാഭ്യാസത്തിനയക്കുന്നതായിരിക്കും: മൂന്നാംഫോറം ജയിച്ചുകഴിഞ്ഞ കൊച്ചുകുട്ടികളെ യോഗാർത്ഥിമന്ദിരത്തിൽ ചേർത്തു പഠിപ്പിക്കുന്നതാണു്. ബ്രദറന്മാരായി സഭയിൽ ചേരാനാഗ്രഹിക്കുന്നവർ മൂന്നാംഫാറമെങ്കിലും പാസായിരിക്കേണ്ടതുണ്ടു്. അപേക്ഷകർ, അവരുടെ വയസ്സു്, മേൽവിലാസം, പരീക്ഷായോഗ്യത മുതലായവ കാണിച്ചു് താഴെ കാണുന്ന വിലാസത്തിൽ എഴുതി ചോദിക്കുകയോ ആലുവാ കർമ്മലീത്താ ആശ്രമത്തിൽ വന്നു വിവരങ്ങൾ നേരിട്ടറിയുകയോ ചെയ്യുമാറാകണം.

വെരി റവ. ഫാദർ പ്രൊവിൻഷ്യാൾ
കർമ്മലീത്താ ആശ്രമം, ആലുവാ. P. O.

# ഇന്ത്യയിലെ മിഷ്യനറിവിരുദ്ധസംരംഭം

### ('ചന്ദ്രിക'യുടെ മുഖപ്രസംഗം)

ഇന്ത്യയുടെ ചില ഭാഗങ്ങളിൽ ക്രിസ്തീയവിരുദ്ധപ്രസ്ഥാനവും മിഷനറിവിരുദ്ധസംരംഭവുമുണ്ടെന്നു ചിലർ പറയുന്നതു തന്നെ വളരെയധികം വേദനിപ്പിക്കുന്നുണ്ടെന്നു് പ്രധാനമന്ത്രി നെഹ്രു തൻെറ പത്രസമ്മേളനത്തിൽ പറഞ്ഞതായി റിപ്പോർട്ടു ചെയ്യപ്പെട്ടിരിക്കുന്നു.

എന്നാൽ ചിലർ അങ്ങനെ പറയുന്നതിലല്ല, ഇന്ത്യയിൽ ക്രിസ്തീയവിരുദ്ധപ്രസ്ഥാനവും മിഷനറിവിരുദ്ധസംരംഭവും നിലനില്ക്കുന്നതിലാണു നെഹ്രു ഖേദിക്കേണ്ടതു്. വാസ്തവത്തിൽ മിഷനറിവിരുദ്ധസംരംഭം ഇവിടെ നിലനില്ക്കുന്നുണ്ടു്. ചില ജനവിഭാഗങ്ങൾക്കിടയിൽ മാത്രമല്ല ഭരണകർത്താക്കൾക്കിടയിലും അതുണ്ടു്. ഭരണകർത്താക്കൾ ആ സംരംഭത്തിനു വിദേശീയതയുടെ ഒരു മറയിട്ടിട്ടുണ്ടെന്നുള്ള വ്യത്യാസമേയുള്ളു. വിദേശമിഷനറിമാരുടെ പ്രവർത്തനത്തെപ്പററിയാണു് അവർ വിരോധം പ്രകടിപ്പിച്ചിട്ടുള്ളതു്.

ക്രൈസ്തവമിഷനറിമാർ, അവർ സ്വദേശികളാവട്ടെ വിദേശികളാവട്ടെ, എന്താണിവിടെ ചെയ്യുന്നതു്? വിലമതിക്കാൻ കഴിയാത്തതും അനിതരസാധാരണവുമായ പല തരത്തിലുള്ള സാമൂഹ്യസേവനങ്ങൾ അവർ ചെയ്യുന്നുണ്ടു്. വിദ്യാഭ്യാസരംഗത്തിൽ അവർ ചെയ്തിട്ടുള്ള സേവനം ഇന്ത്യക്കു ഒരുകാലത്തും മറക്കാൻ കഴിയാത്തതാണു്. എന്നാൽ ആരോപിക്കപ്പെടുന്ന ഒരു കുററം അവർ ജനങ്ങളെ മതപരിവർത്തനം ചെയ്യിക്കുന്നുവെന്നാണു്. നിയമപ്രകാരം നോക്കുകയാണെങ്കിൽ ഇതു ഒരുവിധത്തിലും ഒരു കുററമാവുകയില്ല. ഭരണഘടനയിൽ വിശ്വാസസ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടുള്ളതാണു്. മതപ്രബോധനസ്വാതന്ത്ര്യവും ഭരണഘടന അനുവദിക്കുന്നുണ്ടു്. മതപ്രബോധനസ്വാതന്ത്ര്യം തടയുകയെന്നാൽ വിശ്വാസസ്വാതന്ത്ര്യം തടയുകയെന്നാണർത്ഥം. മതപ്രബോധനസ്വാതന്ത്ര്യം നിഷേധിക്കുകയെന്നാൽ വിശ്വാസസ്വാതന്ത്ര്യം നിഷേധിക്കുകയെന്നാണർത്ഥം. വിശ്വാസസ്വാതന്ത്ര്യം അനുവദിക്കുന്നിടത്തോളംകാലം മതപ്രബോധനസ്വാതന്ത്ര്യത്തെ നിയന്ത്രിക്കാൻ സാധിക്കുകയില്ല.

പക്ഷെ, മതപരിവർത്തനംകൊണ്ടു് ന്യൂനപക്ഷങ്ങളുടെ ജനസംഖ്യ വർദ്ധിക്കുന്നതിൽ ഭൂരിപക്ഷം ഭയപ്പെടുന്നു. അതാണു് മിഷനറിപ്രവർത്തനത്തിൻെറ നേരെയുള്ള അവരുടെ വിരോധത്തിനു കാരണം. ആകയാൽ മതപരിവർത്തനകാര്യത്തിൽ നിർബന്ധം ചെലുത്തുന്നുവെന്ന കുററമാരോപിച്ചുകൊണ്ടു് മിഷനറിപ്രവർത്തനത്തെ തടയുകയെന്ന നയമാണു് അവർ സ്വീകരിച്ചിരിക്കുന്നതു്. വിദേശമിഷനറിമാർ രാഷ്ട്രീയത്തിൽ ഏർപ്പെടുന്നുവെന്നോ അല്ലെങ്കിൽ നാടിനെതിരായി ഗൂഢാലോചനയോ ചാരവൃത്തിയോ നടത്തുന്നുവെന്നോ ഇതുവരേയും തെളിയിക്കപ്പെട്ടിട്ടില്ല. എന്നിരിക്കെ വിദേശമിഷനറിമാരുടെ പ്രവർത്തനത്തെപ്പററി അന്വേഷണം നടത്തണമെന്നു കേന്ദ്രത്തിലെ മന്ത്രിമാർ എന്തിനു പറയണം? അവരുടെ പ്രവർത്തനത്തെപ്പററി അന്വേഷണം നടത്താനായി ചില സംസ്ഥാനഗവമ്മെൻറുകൾ എന്തിനു കമ്മീഷനെ നിയമിക്കണം? വാസ്തവത്തിൽ അധികൃതന്മാരുടേയും ഗവമ്മെൻറുകളുടേയും ഇത്തരം പ്രവൃത്തികളെയാണു് നെഹ്രു അപലപിക്കേണ്ടതു്.

വിദേശമിഷനറിമാരിൽ ആരെങ്കിലും രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടുകയോ ഗൂഢാലോചനയോ ചാരവൃത്തിയോ നടത്തുകയോ ചെയ്തതായി പ്രഥമതെളിവുണ്ടെങ്കിൽ അവരുടെ പേരിൽ നിയമനടപടിയെടുക്കാവുന്നതും നിയമപ്രകാരം അവരെ നാടുകടത്തി അയക്കാവുന്നതുമാണു്. അതിനു ആരും ആക്ഷേപം പറയുകയില്ല.

ചില ഗവമ്മെൻറുകളുടേയും ചില അധികൃതന്മാരുടേയും അനഭിലഷണീയമായ മിഷനറിവിരോധം കാരണം മലബാറിൽനിന്നുപോലും ചില ഇററാലിയൻ ഫാദർമാരെ വത്തിക്കാൻ മടക്കിവിളിച്ചിരിക്കുന്നതായി അറിയുന്നു. സെൻറ് വിൻസെൻറിലെ ഫാദർ വെർഗാട്ടിണിയെ അറിയാത്തവരായി കോഴിക്കോട്ടു് അധികമാളുകളുണ്ടാവില്ല. അദ്ദേഹം ചെയ്തതും ചെയ്തുകൊണ്ടിരിക്കുന്നതുമായ സാമൂഹ്യസേവനത്തെപ്പററിയും എല്ലാവർക്കുമറിയാം. അദ്ദേഹത്തെപ്പോലുള്ള സാമൂഹ്യസേവകന്മാരാണു് ഇന്ത്യയിലെ മിഷനറിവിരോധംകൊണ്ടു് നമുക്കു നഷ്ടപ്പെടാൻപോകുന്നതു്. ഇതു എത്രതന്നെ വേദനാജനകമായൊരു സംഗതിയല്ല! ഇന്ത്യയുടെ സല്പേരിനു വിദേശത്തു കെട്ടുതിവരുത്തുന്നതിനല്ലാതെ ഈ മിഷനറിവിരോധസംരംഭം മററൊന്നിനും ഉപകരിക്കില്ല. അതു എത്രവേഗം അവസാനിപ്പിക്കുമോ അത്രമേൽ ഇന്ത്യക്കു ശ്രേയസ്കരമാണു്.

വത്തിക്കേണ്ട നയമായിരിക്കും അതിൽ ഒന്നാമത്തെ പ്രശ്നം, ഒരു സമാധാനപ്രേമിയായ സർ ആൻറണി ഈഡൻ അദ്ദേഹത്തിൻെറ അസാധാരണ കഴിവുകൾ ലോകസംഘർഷാവസ്ഥ കുറയ്ക്കുവാൻ വിനിയോഗിക്കും എന്നു നമുക്കു വിശ്വസിക്കാം.

—o—

(10-ാംപേജ് തുടർച്ച)

....ന്നു പാട്ട...പെ...ട്ടു. അങ്ങ....നെ തെ...ണ്ടിത്തിരിഞ്ഞു്... ഞാ...ൻ ഇവി...ടെ വ....ന്നു." ഫാദർ ജോൺ നിശ്ചലനായി കേട്ടുകൊണ്ടിരുന്നു. അദ്ദേഹത്തിൻെറ കണ്ണുകളിൽനിന്നു കണ്ണുനീർത്തുള്ളികൾ അടന്നുവീണു.

മാത്തപ്പൻ രണ്ടു കൈകളും നെഞ്ചത്തു് ചേർത്തു്അമർത്തിപ്പിടിച്ചു. "അയ്യോ... എ...ന്തൊരു ...വേ...ദന.... എ....ൻെറ ദൈവ...മേ... ഇതെ....ങ്ങ...നെ സഹി...ക്കും" വേദന സഹിക്കവയ്യാതെ മാത്തപ്പൻ ദീനമായി വിലപിച്ചു. ഫാദർ ജോൺ ഡോക്ടരെ വരുത്തി, മാത്തപ്പനെ പരിശോധിപ്പിച്ചു.

"കരൾ വല്ലാതെ പഴുത്തുപോയിരിക്കുന്നു. ആൾ രക്ഷപെടുന്ന കാര്യം പ്രയാസമാണു്." ഡോക്ടർ തിരികെപ്പോയി.

ഫാദർ ജോൺ വീണ്ടും രോഗിയുടെ കിടക്കയിൽ ഇരുന്നു. പശ്ചാത്താപത്തിൻെറ കണ്ണുനീരുകൊണ്ടു്, മാത്തപ്പൻ, തൻെറ ആത്മാവിൽ പററിപ്പിടിച്ചിരുന്ന പാപക്കറകളെ കഴുകിക്കളഞ്ഞു. ഫാദർ ജോണിൻെറ കരങ്ങളിൽനിന്നു ദിവ്യകാരുണ്യനാഥൻ മാത്തപ്പൻെറ ഹൃദയത്തിലേക്കെഴുന്നള്ളി. ആ മംഗളസംഭവത്തിനു സാക്ഷ്യംവഹിച്ച സുവർണ്ണനിമിഷങ്ങൾ മെല്ലെ മെല്ലെ അനന്തതയിലേക്കു ഇഴഞ്ഞുനീങ്ങിക്കൊണ്ടിരുന്നു.

## ദ്വിതീയ ചരമവാർഷികം



ആച്ചപാട്ടു പാലത്തിങ്കൽ **ചുമ്മാർ അന്തോണി** അവർകൾ, കാട്ടൂർ

ജനനം 1881 ഫെബ്രുവരി 29
മരണം 1953 ജൂൺ 5

"ദയാപരനായ ഈശോ; ഇയാളുടെ ആത്മാവിനു നിത്യാശ്വാസം നൽകണമേ"

R. I. P.

## വിവാഹവാർത്ത

**അത്രൂർ:** പാറായിൽ ശ്രീ എ. വി. തരകൻ അവർകളുടെ ദ്വിതീയപുത്രൻ ശ്രീ പി. വി. ജോസഫ് തരകൻ ബി. എ. യും, കാഞ്ഞിരപ്പള്ളിയിൽ കരിമ്പനാൽ ശ്രീ കെ. ഐ. തൊമ്മൻ അവർകളുടെ പുത്രി കുമാരി മറിയാമ്മയും തമ്മിലുള്ള വിവാഹം മേയ് 30-ാംനു- തിങ്കളാഴ്ച കാഞ്ഞിരപ്പള്ളി സെൻറ് ഡോമിനിക്സ് ദേവാലയത്തിൽവച്ചു സമംഗളം നടന്നിരിക്കുന്നു. ആയതു പ്രമാണിച്ചു് വരൻെറ വസതിയായ അത്രൂർ ട്രാവസ് ഗാർഡ

# വിവിധവൃത്താന്തങ്ങൾ

## "കത്തോലിക്കാ സഭയിലേ അത്ഭുദൃശ്യമാക്ക്"

മി. വെണ്ടൽ ഫിലിപ്സ് വത്തിക്കാനിൽ അദ്ദേഹത്തിനുണ്ടായ അനുഭവത്തെ വിവരിച്ചു് ഇങ്ങനെ എഴുതിയിരിക്കുന്നു:- "ഞാൻ (സെൻറു പീറേറഴ്സ് ദേവാലയത്തിൽ) സംഗീതം ആസ്വദിച്ചു ഭീമാകാരമായ ഒരു തൂണിനു പുറകിൽ നില്ക്കുകയായിരുന്നു. സംഗീതത്തിൻെറ ധ്വനി സാവധാനത്തിൽ നിലച്ചു. അപ്പോൾ സുന്ദരമായ ഇംഗ്ലീഷ് ഭാഷയിൽ ഒരു പ്രസംഗം നടക്കുന്ന സ്വരമാണു് എൻെറ കാതുകളിൽ പതിച്ചതു്. തൂണിനു പുറകിലായിരുന്നതുകൊണ്ടു പ്രസംഗകനെ കാണുവാൻ എനിക്കു സാധിച്ചില്ല. ഞാൻ മുമ്പോട്ടുനീങ്ങി. സെൻറു പീറേറഴ്സ് ദേവാലയത്തിൻെറ പ്രസംഗവേദിയിൽ ക്രിസ്തുവിൻെറ സുവിശേഷം പ്രസംഗിച്ചുകൊണ്ടു ഒരു നീഗ്രോവൈദികൻ നില്ക്കുന്നതു കണ്ടപ്പോൾ ഞാൻ അത്ഭുതസ്തബ്ധനായിപ്പോയി. 'കത്തോലിക്കാ സഭയിലല്ലാതെ വേറൊരിടത്തും ഇപ്രകാരമുള്ള ഒരു കാഴ്ചകാണാൻ സാദ്ധ്യമല്ല. ഇതല്ലയോ യഥാർത്ഥമായ ഡെമോക്രസി!' എന്നു ഞാൻ സ്വയം ആമന്ത്രണം ചെയ്തുപോയി."

## ഊമനും ചെകിടനുമായ പ്രതിയുടെ ദ്വിഭാഷി വൈദികൻ

മൊണോക്കു എന്നു പേരായ 29 വയസ്സായ ഒരു ആഫ്റിക്കൻ യുവാവു കഴിഞ്ഞ ഒക്ടോബർമാസത്തിൽ ഒരു സ്ത്രീയെ കുത്തിക്കൊന്നതായി ജൊഹാന്നസ്ബർഗ്ഗു കോടതിയിൽ ഒരു കേസ്സു് ചാർജ്ജ്ചെയ്യപ്പെട്ടു. പ്രതി ഊമനുംചെകിടനുമായിരുന്നു. കേസ്

നിൽവച്ചു നടത്തപ്പെട്ട ഡിന്നർ സല്ക്കാരത്തിൽ തിരുക്കൊച്ചിയിലെ ഒട്ടനേകം പൗരമുഖ്യന്മാരും, വൈദികരും, വ്യവസായപ്രമുഖരും സംബന്ധിക്കയുണ്ടായി.

**പുത്തൻചള്ളി:** ഈ ഇടവക ശ്രീ ആൻറണി പൂതിശ്ശേരിയും കാലടി ശ്രീ ദേവസ്സി കന്നപ്പിള്ളി അവർകളുടെ മകൾ കുമാരി ത്രേസ്യാമ്മയും തമ്മിലുള്ള വിവാഹം കൈപ്പട്ടൂർപ്പള്ളിയിൽവച്ചു പല വൈദികരുടേയും സാന്നിദ്ധ്യത്തിൽ നടന്നിരിക്കുന്നു.

**മൂന്നുമുറി:** ഈ ഇടവക മുണ്ടാടൻ ഔസേപ്പു മാത്തു മകൻ ദേവസ്സിയും ഒല്ലൂർ ഫൊറോനാപ്പള്ളി ഇടവക തട്ടിൽ പെരുക്കൻ ഈനാശു മകൾ മറിയംകുട്ടിയും തമ്മിലുള്ള വിവാഹം മേയ് 30-ാംനു- ഒല്ലൂർ ഫൊ. പള്ളിയിൽവച്ചു സമംഗളം നടന്നിരിക്കുന്നു.


മുന്നോട്ടുകൊണ്ടുപോകുവാൻ കഴിവില്ലാതായി. ഈ അവസരത്തിലാണു് കേപ്പ്ടൗണിനടുത്തുള്ള വിറെറൻബോം എന്ന സ്ഥലത്തെ ഡോമിനിക്കൻസഭവക ഊമരുടെ സ്കൂളിലെ ചാപ്ലെയിനായ ഫാ. ഏർണസ്റ്റു് ഗ്രീൻ ജൊഹാന്നെസ്ബർഗ്ഗിൽ വന്നതു്. രണ്ടു ദിവസംകൊണ്ടു മൊണോക്കുവിനെതിരായി കോടതിയിൽ ഹാജരാക്കപ്പെട്ടിരുന്ന തെളിവുകളെല്ലാം അദ്ദേഹം ചിത്രഭാഷയിൽ വിവർത്തനംചെയ്തു പ്രതിയെ മനസ്സിലാക്കി. അതേരീതിയിൽതന്നെ അദ്ദേഹം പ്രതിയുടെ വാദങ്ങളും തെളിവുകളും കോടതിയെ അറിയിക്കുകയും ചെയ്തു. തെളിവില്ലാതെ പ്രതിയെ വെറുതെ വിട്ടു വിധിപ്രസ്താവിച്ച ജഡ്ജി മി. മുറേ പ്രസ്താവിച്ചതു് ഫാദർ ഗ്രീനിൻെറ സഹായമില്ലായിരുന്നെങ്കിൽ കോടതിയുടെ നടപടികൾ നടത്തുന്നതിനു യാതൊരു തരത്തിലും സാദ്ധ്യമാവുകയില്ലായിരുന്നു എന്നാണു്. മൊണോക്കു അദ്ദേഹത്തിൻെറ ജീവരക്ഷയ്ക്കു ദ്വിഭാഷിയായ ഫാദർ ഗ്രീനിനോടു കടപ്പെട്ടിരിക്കുന്നു.

## ചൈനയിലെ സ്വതന്ത്ര സഭാസ്ഥാപനം

ചൈനയിൽ ചെക്കിയാംഗ് പ്രോവിൻസിൽപെട്ട വലിയ നഗരങ്ങളിലെല്ലാം ശീശ്മക്കാരുടെ വക സ്വതന്ത്രസഭകളെ സ്ഥാപിച്ചു അവയ്ക്കു പ്രചാരണം നൽകുന്നതിനാണു് ഇപ്പോൾ കമ്മ്യൂണിസ്റ്റു്മേധാവികൾ ബദ്ധശ്രദ്ധരായിരിക്കുന്നതു്. കത്തോലിക്കർ അതിൽ പങ്കെടുക്കുന്നില്ല. തന്മൂലം അവരുടെ സ്ഥാപനങ്ങളെ അതോടു സഹകരിപ്പിക്കുകയാണെങ്കിൽ അവയ്ക്കു ധനസഹായം ചെയ്യാമെന്നു അവർ വാഗ്ദാനം ചെയ്യുന്നു. കത്തോലിക്കർ അതിദാരുണമായ ദാരിദ്ര്യദുഃഖം അനുഭവിക്കുന്നുണ്ടു് എങ്കിലും ഇതുവരെ അവരെ ആരേയും വ്യാമോഹിപ്പിക്കുന്നതിനു കമ്മ്യൂണിസ്റ്റുകാർക്കു സാധിച്ചിട്ടില്ല.

## ടിറേറാ രണ്ടു സെമ്മിനാരികൾ അടയ്ക്കുന്നു

യുഗോസ്ലാവിയായിലുള്ള രണ്ടു സെമ്മിനാരികൾ അടയ്ക്കുന്നതിനു ടിറേറാ ഗവമ്മേണ്ടു ഇപ്പോൾ കല്പനകൾ പുറപ്പെടുവിച്ചിരിക്കുന്നു. ഒന്നു് രണ്ടു കൊല്ലത്തേക്കും ഒന്നു് അഞ്ചുകൊല്ലത്തേക്കുമാണു് തല്ക്കാലം അടയ്ക്കുന്നതിനു വിധിച്ചിട്ടുള്ളതു്. അവിടെയുള്ള വൈദികരും വൈദികവിദ്യാർത്ഥികളും "മനഃപ്പൂർവ്വം വിദ്വേഷപരമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു" എന്നാണു് കുററം ആരോപിച്ചിട്ടുള്ളതു്. കൂടാതെ ഒരു വൈദികനേയും നാലു സെമ്മിനാരിവിദ്യാർത്ഥികളേയും തടവുശിക്ഷയ്ക്കും വിധിച്ചിട്ടുണ്ടു്.



# റോമ വാർത്തകൾ

(ഏ. ഡി. മററം, റോമ)

## റോമിലെ ചരിത്രപ്രധാനമായ മേയ്ദിനാചരണം

## മാർപ്പാപ്പാ തൊഴിലാളികളുടെ ഇടയിൽ

### കർദ്ദിനാളന്മാർ പങ്കെടുത്ത തൊഴിലാളിസമ്മേളനം

കത്തോലിക്കാസഭ തൊഴിലാളികളുടെ ക്ഷേമത്തിൽ തല്പരയും അവകാശസംരക്ഷികയുമെന്നു് ഒന്നര ലക്ഷം തൊഴിലാളിപ്രതിനിധികൾ ആർപ്പുവിളിച്ചു പറയുന്നു.

ഇക്കൊല്ലം റോമിൽ നടന്ന തൊഴിലാളിദിനാഘോഷം ചരിത്രപ്രധാനമായ ഒരു സംഭവമായിരുന്നു. ലോകമാസകലമുള്ള തൊഴിലാളികൾക്കും തൊഴിലാളിപ്രവർത്തകർക്കും അതൊരുശിരും ഉണർവും കൊടുക്കുമെന്നതിൽ സംശയമില്ല. മേയ് 1-ാംനു തൊഴിലാളിദിനമായി ആചരിക്കപ്പെടാറുണ്ടെങ്കിലും ചില പ്രത്യേക പാർട്ടികളോടു് ഒട്ടിനില്ക്കുന്ന തൊഴിലാളിസംഘടനകളുടേയോ അക്രമപ്രസക്തരായി ഒരു ചേരിയിൽ തിരിഞ്ഞിരിക്കുന്ന തൊഴിലാളികളുടേയോ സംരംഭമായി സംശയദൃഷ്ടിയോടെയാണു് പലരും അതിനെ വീക്ഷിച്ചിരുന്നതു്. ആ ദുസ്ഥിതിക്കു് അറുതി വരുത്തുന്നു എന്നതാണു് അന്നു നടന്ന ആഘോഷങ്ങളുടെ ഒരു പ്രത്യേകത. തൊഴിലാളിക്ഷേമതൽപരയായ സഭ നടത്തുന്ന ആഹ്വാനങ്ങളുടെ ഒരാവർത്തനവുമായിരുന്നു അതു്.

15 ലക്ഷത്തിലധികം അംഗങ്ങളുള്ള ഏ. സി. എൽ. ഐ. (ഇററാലിയൻ ക്രൈസ്തവതൊഴിലാളി സംഘടന)യുടെ ദശവത്സരാഘോഷപ്രകടനങ്ങളാണു് അന്നു റോമിൻെറ സർവ്വശ്രദ്ധയേയും ആകർഷിച്ചതു. ഇററലിയുടെ നാനാഭാഗത്തുനിന്നുമായി $1\frac{1}{2}$ ലക്ഷം തൊഴിലാളിപ്രതിനിധികൾ അവരുടെ ഔദ്യോഗികപതാകയുമേന്തി റോമിൽ തടിച്ചുകൂടി. ഇററലിയിലെ കമ്മ്യൂണിസ്റ്റ് കോട്ടയായ ബൊളോഞ്ഞായിൽ നിന്നുള്ള പ്രതിനിധികളെ നയിച്ചിരുന്നതു് "സോഷ്യലിസ്റ്റ് കർദ്ദിനാൾ" എന്നറിയപ്പെടുന്ന അവിടത്തെ Giacomo Lercaro (ജക്കോമോ ലർക്കാറോ) കർദ്ദിനാൾ തിരുമേനിയായിരുന്നു. മൂന്നുകൊല്ലംമുമ്പു് ബൊളോഞ്ഞായിലെ മെത്രാപ്പോലീത്താ ആയി അദ്ദേഹം നിയമിതനായതു് കമ്മ്യൂണിസ്റ്റുകാർക്കു് അസഹ്യമായിരുന്നു. ഇരുപതോളം അനാഥബാലന്മാർക്കു സ്വഭവനത്തിൽ അഭയം നൽകിക്കൊണ്ടു് അവരൊരുമിച്ചാണു് അദ്ദേഹത്തിൻെറ വാസം. തൊഴിലാളികളുടെ ക്ഷേമത്തിനും സാമുദായിക പരിഷ്ക്കരണത്തിനും വേണ്ടി നടത്തുന്ന അക്ഷീണയത്നം നിമിത്തമാണു് സോഷ്യലിസ്റ്റ് കർദ്ദിനാൾ എന്നു് തിരുമേനി അറിയപ്പെടുന്നതു്. വത്തിക്കാനിൽ നിന്നു രണ്ടു മൈലോളം അകലെയുള്ള "പിയാസാ ഡെൽ പോപ്പോളോ" (Piazza del Popolo) എന്ന വിസ്തൃതമായ തുറസ്സിൽ ആണു് രാവിലെയുള്ള സമ്മേളനം നടത്തപ്പെട്ടതു്. പിയാസായിൽ മുപ്പതടി ഉയരത്തിൽ സജ്ജമാക്കിയിരുന്ന പ്ലാററുഫോറത്തിൽ രാവിലെ 9-30നു് കർദ്ദിനാൾ അഡെയോദാത്തോ പിയാസാ (Adeodato Piazza) തൊഴിലാളികൾക്കുവേണ്ടി ദിവ്യബലി അർപ്പിച്ചു. തുടർന്നു് അദ്ദേഹം ഒരുൽബോധനവും നൽകി. ഇററലിയുടെ പ്രധാനമന്ത്രിയായ മരിയ ഷെൽബായും തൊഴിലാളി സംഘടനയുടെ പ്രസിഡൻറു് പെനസാത്തോയും മററു പല തൊഴിലാളിനേതാക്കന്മാരും ഉജ്ജ്വലപ്രഭാഷണങ്ങൾ നടത്തി.

പെനസാത്താ പ്രസംഗമദ്ധ്യേ ഇപ്രകാരം പ്രഖ്യാപിച്ചു "മേയ്ദിനാചരണം ഒരു വിഭാഗത്തിൻെറ മാത്രം സ്ഥാപിതാവകാശമല്ലെന്നു പ്രകടിപ്പിക്കുന്നതിനും, നമ്മുടെ ആവശ്യങ്ങളേയും ആദർശങ്ങളേയും തുറന്നു സ്വതന്ത്രമായി പ്രഖ്യാപിക്കുന്നതിനും തൊഴിലാളികളുടെ രക്ഷയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതിനുമുള്ള ദൃഢനിശ്ചയത്തെ വിളിച്ചറിയിക്കുന്നതിനും നാം ഇന്നിവിടെ സമ്മേളിച്ചിരിക്കുന്നു. ഇത്രമാത്രം ഗംഭീരവും പ്രധാനവുമായ ഒരു ആഘോഷം ലോകചരിത്രത്തിൽ ഒരിടത്തും ഒരു കാലത്തും ഉണ്ടായിട്ടില്ല. ഇന്നു, ഈ തൊഴിലാളിദിനത്തിൽ പരിശുദ്ധപിതാവു് പ്രസംഗിക്കുന്നതാണു്. സകല തൊഴിലാളികളോടുമായി ശാശ്വതവും നവീനവുമായ വാക്കുകൾ, പ്രത്യാശാജനകവും മാർഗ്ഗനിർദ്ദേശകവും സ്നേഹസമന്വിതവുമായ വാക്കുകൾ അവിടുന്നു് ഉച്ചരിക്കുന്നതാണു്." ഡെമോക്രസിയുടെ അലംഘനീയമായ അടിസ്ഥാനമായ ആദർശങ്ങളിൽ വിശ്വാസമില്ലാത്തതിനാൽ കമ്മ്യൂണിസ്റ്റുകാരുമായി സഹകരിച്ചു വർത്തിക്കുക അസാദ്ധ്യമാണെന്നും അദ്ദേഹം പ്രസ്താവിച്ചു.

രാത്രി മുഴുവൻ ഉറക്കമിളച്ചു് യാത്രചെയ്തു എത്തിയിരുന്ന പാവങ്ങൾ പാകപ്പെടുത്തിക്കൊണ്ടുവന്നിരുന്ന ഭക്ഷണം വഴിയരികിൽവച്ചു് ഭക്ഷിക്കുന്നതു കാണാമായിരുന്നു. തിരുകൊച്ചിയിലേതിലും ഉഗ്രതയിൽ ഒട്ടും കുറവല്ലാത്ത വേനല്ക്കാലത്തെ ഉച്ചവെയിലത്തു് വാടിത്തളർന്ന ആ മുഖങ്ങളിൽ ക്രൈസ്തവാദർശത്തിൽ അടിയുറപ്പിച്ചുകൊണ്ടു് ലക്ഷ്യപ്രാപ്തിക്കായി പോരാടുവാനുള്ള ദൃഢനിശ്ചയം പ്രതിബിംബിച്ചിരുന്നു.

ഉച്ചകഴിഞ്ഞു 5-30നു് വിശുദ്ധ പത്രോസിൻെറ ദേവാലയത്തിൻെറ അങ്കണത്തിൽ സമ്മേളിക്കുകയായിരുന്നു പരിപാടി. രാവിലേമുതൽ ആളുകൾ അവിടെ തിങ്ങിക്കൂടിത്തുടങ്ങി. 5 മണി ആയപ്പോഴേക്കും ഒന്നരലക്ഷം തൊഴിലാളിപ്രതിനിധികളടക്കം 4 ലക്ഷം വരുന്ന ഒരു ജനാവലി അവിടെ സ്ഥലംപിടിച്ചിരുന്നു. ആലസ്യവിമുക്തനായിവരുന്ന ആ ലോകപിതാവു് പന്ത്രണ്ടാം പീയൂസ് അവിടുക്കു് ആഗമിച്ചു് വാത്സല്യപൂർവ്വം അവരോടു് സംസാരിക്കുകയായി:

"തൊഴിലാളികളോടു് സഭയ്ക്കുള്ള വാത്സല്യത്തെ എത്രയോ പ്രാവശ്യം നാം തന്നെ പ്രഖ്യാപിക്കയും പ്രകടിപ്പിക്കയും ചെയ്തിട്ടുള്ളതാണു്. എന്നിട്ടും "സഭ തൊഴിലാളികൾക്കെതിരായി മുതലാളിത്തവുമായി കൂട്ടുകെട്ടിലാണു്" എന്ന നിഷ്ഠൂരമായ അവഹേളനം വളരെയധികം പ്രചരിപ്പിക്കപ്പെടുന്നു. സകലരുടേയും മാതാവും അദ്ധ്യാപികയുമായ സഭ കഷ്ടതയിൽ കഴിയുന്ന മക്കളുടെ കാര്യത്തിൽ എപ്പോഴും ഉൽക്കണ്ഠാകുലയാണു്. മാത്രമല്ല, പല ഗണത്തിൽപെട്ട തൊഴിലാളികൾ ഇതിനകം ന്യായമായി ആർജ്ജിച്ചിട്ടുള്ള അഭിവൃദ്ധിയിലെത്തുന്നതിനു് കാര്യമായ പങ്കു് സഭ വഹിച്ചിട്ടുമുണ്ടു്."

13 കൊല്ലം മുൻപു് ക്രിസ്തുമസ്സിൽ നൽകിയ റേഡിയോ സന്ദേശത്തെ പരിശുദ്ധപിതാവു് അനുസ്മരിപ്പിച്ചുകൊണ്ടു് മതപരമായ കാരണങ്ങളാൽ ഏതുരൂപത്തിലുമുള്ള മാർക്സിസ്റ്റ് സോഷ്യലിസവും നിഷിദ്ധമാണെന്നും ദൈവേഷ്ടപ്രകാരം നീതിയിലും സാഹോദര്യത്തിലും അധിഷ്ഠിതമായ ഒരു സമുദായത്തെ കെട്ടിപ്പടുക്കണമെന്നും ഉൽബോധിപ്പിച്ചു.

"...കൂടുതൽ നീതിപൂർവ്വമായ സാമുദായികവ്യവസ്ഥിതി കൈവരുത്തണമെന്നു് സഭ ഉപദേശിക്കുക മാത്രമല്ല, അതിനു് അടിസ്ഥാനമായ തത്വങ്ങൾ നൽകുകയും അവയെ പ്രയോഗത്തിൽ വരുത്തുവാൻ ഭരണകർത്താക്കളേയും നിയമനിർമ്മാതാക്കളേയും തൊഴിലുടമകളേയും പ്രേരിപ്പിക്കുകയും ചെയ്യുന്നു.

"റോമിലെ സ്വതന്ത്രമായ ഈ ആകാശത്തട്ടിനു കീഴെ നിന്നുകൊണ്ടു് നമ്മോടു നിങ്ങൾ തുറന്നുപറയുക: നാനാഭാഗത്തുനിന്നും നിങ്ങളുടെ ചെവിയിൽപെടുന്ന പരസ്പരവിരുദ്ധങ്ങളും ആകർഷകങ്ങളുമായ പഠനങ്ങളുടെ മദ്ധ്യേ, നിങ്ങളുടെ ആത്മാക്കൾക്കു കെണിവെക്കുന്നതോ, നിങ്ങളുടെ വ്യക്തിമാഹാത്മ്യത്തെ ആദരിക്കാത്തതോ, തൊഴിലാളികൾ എന്ന നിലയ്ക്കു് നിങ്ങൾക്കുള്ള ന്യായമായ അവകാശങ്ങളെ നിഷേധിക്കുന്നതോ ആയ തത്വങ്ങളുടെ മദ്ധ്യേ ഒരു കാര്യം നിങ്ങൾ അറിയുന്നുവോ? എപ്പോഴും നിങ്ങളുടെ ഉറപ്പുള്ള വഴികാട്ടി ആരെന്നു്, നിങ്ങളുടെ വിശ്വസ്തനായ സംരക്ഷകൻ ആരെന്നു്? നിങ്ങളുടെ വാത്സല്യപിതാവു് ആരെന്നു് നിങ്ങൾ അറിയുന്നുവോ?" ഇതു് അവിടുന്നു ചോദിച്ചപ്പോൾ അവിടെ കൂടിയിരുന്ന പതിനായിരങ്ങൾ "പാപ്പാ", "പാപ്പാ" എന്നു് ആർത്തുവിളിച്ചു.


അവിടുന്നു ഇപ്രകാരം തുടർന്നു: "അതെ, പ്രിയപ്പെട്ട തൊഴിലാളികളേ, സഹിക്കുന്ന ഏവരേയും ഏററവുമധികം സ്നേഹിക്കുന്നതിനും സംരക്ഷിക്കുന്നതിനും നയിക്കുന്നതിനുമുള്ള ദിവ്യദൗത്യത്തിൽനിന്നു വ്യതിചലിക്കുവാൻ സഭയ്ക്കോ പാപ്പായ്ക്കോ സാദ്ധ്യമല്ല. സഹിക്കുന്നവർ, തൊഴിലാളികളോ സമുദായത്തിലെ മററു മക്കളോ ആയിക്കൊള്ളട്ടെ, എത്ര കൂടുതൽ സഹായസംരക്ഷണങ്ങൾ അവർ അർഹിക്കുന്നുവോ അത്രയ്ക്കും അവർ തിരുസഭയ്ക്കു കൂടുതൽ വത്സലരാണു്."

മേയ് 1-ാംനു തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിൻെറ തിരുനാളായിരിക്കുമെന്നു പ്രഖ്യാപനം അന്നത്തെ ആഘോഷങ്ങൾക്കു മകുടം ചാർത്തി.

തുടർന്നു മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് തൊഴിലാളികളുടെ ഇടയിൽ ആസനസ്ഥനാകുകയും തൊഴിലാളിപ്രതിനിധികളെ സ്വീകരിക്കുകയും ചെയ്തു അവർ അവിടുത്തേക്കു ചില സമ്മാനങ്ങൾ കാഴ്ചസമർപ്പിക്കയുമുണ്ടായി.

പരിശുദ്ധപിതാവിൻെറ മാതൃകയും ഉപദേശങ്ങളും അനുകരിക്കുന്നതിനു് തൊഴിലാളികളും തൊഴിലാളിപ്രവർത്തകരും തൊഴിലാളി പ്രവർത്തകരായിരിക്കേണ്ടവരും ധൈര്യപ്പെടട്ടെ.

—o—



പിയാസാ ഡെൽ പോപ്പൊളോയിൽ സജ്ജീകരിച്ചിരുന്ന കപ്പലിൻെറ ആകൃതിയിലുള്ള മണ്ഡപം



പരിശുദ്ധമാർപ്പാപ്പാ തൊഴിലാളികളുടെ മദ്ധ്യത്തിലൂടെ സംവഹിക്കപ്പെടുന്നു.


**THE SOUTH INDIAN BANK LTD.**

H. O. TRICHUR. Estd. 1929.

*A SCHEDULED BANK*

**SEASON DEPOSITS**

**RATES OF INTEREST**

Current Accounts 1% p. a.

**FIXED DEPOSIT**

6 Months @ 3¾% p. a.
12 " 4% p. a.
24 " 4½% p. a.

**SEASON DEPOSITS**


For 3 & 4 Months @ 3¼% p. a.
5 " 3½% p. a.
6 " 3¾% p. a.
Short Notice: 2¼% p. a.

All kinds of Banking business transacted.

BRANCHES:-

ALLEPPEY, ALWAYE, COCHIN, COIMBATORE, ERNAKULAM, GOBICHETI-PALAYAM, IRINJALAKUDA, KOLLENGODE, KOZHIKODE, KUNNAMKULAM, MADRAS, OTTAPALAM, PALGHAT, POLLACHI, PONANI, SALEM, TIRUPPUR, TRICHUR, WADAKKANCHERI

**കമലവിലാസ് വാസനസാമാനപ്പെട്ടി—1.**




ഇതിൽ ദിനംപ്രതി ഉപയോഗത്തിനാവശ്യമായ: 1. വാസനചാന്തു് 1 കുപ്പി 4ണ. 2. കമലവിലാസ് കണ്ണെഴുത്തുമഷി 1 പെട്ടി 6 ണ. 3. ടോയ്‌ലററു് പൌഡർ 1 ടിൻ (ചെറിയതു്) 5 ണ. 4. നമസ്ത്രേ നഖപോളീഷ് 1 കുപ്പി 10 ണ. 5. കമലാസെൻറു് 1 കുപ്പി 8ണ. 6. കുസുമവിലാസം പരിമള കുന്തൽതൈലം ഉണ്ടാക്കുവാനുള്ളതു് 1 കുപ്പി ക. 2. വില. ഈ 6 സാമാനങ്ങളുള്ള നമ്പ്ര് 1 വാസനസാമാനപെട്ടി 1നു് 4ക. അയപ്പാൻ ചിലവു് ക. 1 പുററമ. ഒരേസമയം രണ്ടു പെട്ടി അയക്കുന്നതിനു് ചിലവു് ക. 1-8-0 മതിയാകും. വിലയും അയപ്പാനുള്ള ചിലവും ചേർത്തു മണിയാർഡറായി അയച്ചുതന്നാൽ തപാൽവഴി റജിസ്റ്റർ പാർസലായി അയച്ചുകൊടുക്കുന്നതാകുന്നു.

P. A. Aiyar, Kamalavilas Perfumery Works, Trichur, (S. I.)

# ചെറുകഥ

## നിലാവും നിഴലും

(തോമസ്സ് പാലത്തുങ്കൽ)

"എനിക്കൊരു പൂ കിട്ടിയേ, പൂ കിട്ടിയേ." ജോണി സന്തോഷംകൊണ്ട് ആർത്തുവിളിച്ചു: "പൂ കിട്ടിയേ, പൂ കിട്ടിയേ." അവൻ തുള്ളിച്ചാടുകയാണ്. നല്ല മണമുള്ള ഒരു വെളുത്ത റോസപ്പൂ. അവന്റെ ആഹ്ളാദത്തിനു അതിരില്ലായിരുന്നു. ജോണി അടുത്ത പറമ്പിലേക്കോടി. അവന്റെ കൂട്ടുകാരനായ മാത്തപ്പന്റെ അടുത്തെത്തി. അവൻ അഭിമാനത്തോടുകൂടി ചോദിച്ചു: "മാത്തപ്പാ, ദേ, കണ്ടോ ഒരു റോസപ്പൂ"

അന്നുരാവിലെ പള്ളിക്കൂടത്തിൽ പോയപ്പോൾ, മാത്തപ്പൻ ആ പൂവിൽ നോട്ടമിട്ടിരുന്നതാണ്. അതു ജോണി അടിച്ചെടുത്തിരിക്കുന്നു. മാത്തപ്പനു അസഹ്യമായ നിരാശയുണ്ടായി, ആ പൂവ് തനിക്കു കിട്ടാതിരുന്നതിൽ.

"ജോണീ, ഇങ്ങോട്ടൊന്നു തന്നേ, ഞാനൊന്നു മണത്തുനോക്കട്ടെ."

"ഇപ്പം തരാൻ മനസ്സില്ല."

"ജോണീ, ഞാനാ ചോദിച്ചെ"

"ങ്ഹാ, അതിനിപ്പം എന്നാ വേണം."

"നീ ഓർത്തോടാ, ഓർത്തോ." അവന്റെ വാക്കുകളിൽ അടക്കാനാവാത്ത നിരാശയും വൈരാഗ്യവും കലന്നിരുന്നു.

"ഓർത്തോളാം, ഓർത്തോളാം." ജോണി തിരിഞ്ഞുനടന്നു. മാത്തപ്പൻ കുനിഞ്ഞ്, നിലത്തുകിടന്ന ഒരു കരിങ്കൽച്ചീളെടുത്തു, ഉന്നംനോക്കി ആഞ്ഞൊരേറ്.

"അയ്യോ" ജോണി നിലവിളിച്ചുകൊണ്ടു നിലംപതിച്ചു. അവന്റെ തലപൊട്ടി ചോരയൊലിച്ചു. ചോര! നിലവിളികേട്ടു ജോണിയുടെ അമ്മ ഓടിവന്നു. തന്റെ ഓമനമകൻ തലപൊട്ടി ചോരയൊലിച്ചു ബോധരഹിതനായി കിടക്കുന്നു. അവൾ നെഞ്ചത്തലച്ചു നിലവിളിച്ചു. ആളുകൾ ഓടിക്കൂടി. ജോണിയെ ആശുപത്രിയിൽ കൊണ്ടുപോയി മുറിവിൽ മരുന്നുവച്ചുകെട്ടി.

ഈ സമയമെല്ലാം മാത്തപ്പൻ വീട്ടിൽക്കയറി, കട്ടിലിനടിയിൽ ഒളിച്ചിരിക്കുകയായിരുന്നു. മാത്തപ്പന്റേയും ജോണിയുടേയും വീട്ടുകാർ തമ്മിൽ വാക്കേറ്റമുണ്ടായി. മാത്തപ്പന്റെ ഇളംതുടയിൽ ചൂരൽവടികൊണ്ടുള്ള അടികൾ തെരുതെരെ പതിഞ്ഞു. അവൻ വാവിട്ടു നിലവിളിച്ചു.

പകലുകളും രാത്രികളും വരുകയും പിണക്കങ്ങളും പരിഭവങ്ങളും ഇണക്കങ്ങൾക്കു വഴിമാറിക്കൊടുക്കുകയുംചെയ്തു.

ജോണിയും മാത്തപ്പനും വീണ്ടും ഒന്നിച്ചുകൂടി. പച്ചവിരിച്ച നെൽപ്പാടത്തിന്റെ മദ്ധ്യത്തിലൂടെ പെരുമ്പാമ്പുപോലെ വളഞ്ഞു പുളഞ്ഞുകിടക്കുന്ന വരമ്പിലൂടെ അവർ വാശിപിടിച്ചോടുകയാണ്.

"ഞാൻ ജയിച്ചേ, ഞാൻ ജയിച്ചേ" മാത്തപ്പൻ ജോണിയുടെ മുൻപുകയറി ഓടി.

"മാത്തപ്പാ," ജോണി ഉച്ചത്തിൽ വിളിച്ചു. ഓടുന്നതിനിടയിൽ മാത്തപ്പൻ തിരിഞ്ഞുനോക്കിയതും കാൽവഴുതി അടുത്തുണ്ടായിരുന്ന ചളിക്കുണ്ടിൽ വീണതും ഒരുമിച്ചുകഴിഞ്ഞു.

"അയ്യോ, എന്റെ മാത്തപ്പൻ" ജോണി അതിവേഗം ഓടിവന്നു. കൂട്ടുകാരനെ കരകയറുവാനുള്ള ശ്രമത്തിൽ ജോണിയുടെ കാൽ തെററി അവനും ആ ചളിക്കുഴിയിൽ വീണു.

പകൽ എരിഞ്ഞടങ്ങുവാൻ തുടങ്ങുകയായിരുന്നു. അന്തിമാക്കന്റെ ചെങ്കിരണങ്ങൾ നെൽച്ചെടികളെ ചുംബിച്ചുകൊണ്ടിരുന്നു.

ആ വഴി കടന്നുപോയ ചിലർ ജോണിയേയും മാത്തപ്പനേയും ചളിക്കുഴിയിൽനിന്നു കരകയററി. രണ്ടുപേരുടേയും ശരീരങ്ങളും വസ്ത്രങ്ങളും ചേറുപുരണ്ടിരുന്നു.

ഇരുളിന്റെ കരിങ്കൊടിയും പിടിച്ചു രാത്രി നടന്നുവന്നു. പട്ടണവീഥികളിൽ വൈദ്യുതവിളക്കുകൾ മിന്നിത്തെളിഞ്ഞു.

* * *

ആർക്കുവേണ്ടിയും കാത്തുനില്ക്കാതെ കാലം കടന്നുപോയി. ബാല്യത്തിന്റെ ഇതളുകൾ വാടിവീഴുകയും യൗവ്വനം പൊട്ടിവിടരുകയുംചെയ്തു.

ജോണിയുടെ തീരുമാനം മാതാപിതാക്കന്മാരെ അത്യധികം വേദനപ്പെടുത്തി. തങ്ങളുടെ ഓമനപ്പുത്രൻ അനുരൂപയായ ഒരു യുവതിയെ വിവാഹംചെയ്തു ഉന്നതമായ സ്ഥാനമാനങ്ങൾ നേടി ജീവിതം നയിക്കുന്നതു കാണുവാൻ അവരുടെ കണ്ണുകൾ കൊതിച്ചിരുന്നു. പക്ഷേ അവരുടെ പ്രതീക്ഷകളെയെല്ലാം തട്ടിത്തെറിപ്പിച്ചുകൊണ്ട് ജോണിയുടെ ചിന്ത മറെറാരുവഴിക്കു തിരിഞ്ഞു. ഇൻഡ്യൻ കുഗ്രാമങ്ങളിലെ ചെററക്കുടിലുകളിൽ ദാരിദ്ര്യത്തിന്റെ ചാട്ടയടിയേററു തളന്നു പണരുകിടക്കുന്ന പാവപ്പെട്ടവരെ ജീവിതത്തിൽ ഒട്ടിപ്പിടിച്ചു നില്ക്കുന്ന വേദനയും കണ്ണുനീരും തുടച്ചുകളയുവാൻ, അജ്ഞാനാന്ധകാരം തിങ്ങിനിറഞ്ഞിരിക്കുന്ന സഹോദരലക്ഷങ്ങളുടെ ഹൃദയങ്ങളിൽ സത്യത്തിന്റെ മണിദീപം കൊളുത്തുവാൻ അവൻ വെമ്പൽകൊണ്ടു. രണ്ടായിരം വർഷങ്ങൾക്കുമുൻപ്, അന്നു കാൽവരിഗിരിയുടെ മൗലിയിൽ നാട്ടിനിറുത്തപ്പെട്ട മരക്കുരിശിൽനിന്നു മുഴങ്ങിയ ത്യാഗത്തിന്റെ വിളി, നൂററാണ്ടുകളെ പിന്നിട്ടുകൊണ്ട് ജോണിയുടെ കർണ്ണപുടങ്ങളിൽ വന്നലച്ചു. അവൻ ദൃഢനിശ്ചയം ചെയ്തു ഒരു വൈദികനാകുവാൻ. മനുഷ്യവർഗ്ഗത്തെ സേവിച്ചുകൊണ്ട് ക്രൂശിതനായ ക്രിസ്തുവിനെ ശുശ്രൂഷിക്കുവാൻ പര്യാപ്തമായ മാർഗ്ഗം അതാണെന്നു അവനു ബോദ്ധ്യമായിരുന്നു.

ഒരു പുരോഹിതനാവുക, അറിവായ നാൾതുടങ്ങി ജോണിയുടെ മനസ്സിൽ അങ്ങനെയൊരാഗ്രഹം സ്ഥലം പിടിച്ചിരുന്നു. ആ അഭിലാഷസാഫല്യത്തിൽ അവന്റെ ജീവിതം പൂവണിഞ്ഞു സുരഭിലമാകും. പൗരോഹിത്യത്തിന്റെ മാഹാത്മ്യത്തെപ്പററിയുള്ള ചിന്ത ജോണിയെ കോൾമയിർക്കൊള്ളിച്ചു.

ജോണിയുടെ നിശ്ചയത്തിനു ഇളക്കമില്ലായിരുന്നു. പ്രിയ ജനനിയുടെ കണ്ണുനീരിനോ, വത്സല പിതാവിന്റെ ശാസനകൾക്കോ ജോണിയെ ആ നിശ്ചയത്തിൽനിന്നു പിന്തിരിപ്പിക്കുവാൻ കഴിഞ്ഞിരുന്നില്ല.

"കുഞ്ഞേ! ജോണീ; നീ, ഞങ്ങളെ ഇങ്ങനെ ദുഃഖിപ്പിക്കരുതു്. പത്തുമാസം ചുമന്നു് അറുതിയില്ലാത്ത പാടുപെട്ട് നിന്നെ വളർത്തിയതിന്റെ ഫലം!" ആ വൃദ്ധമാതാവിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി.

"മകനേ! ജോണീ" ഇടറിയ സ്വരത്തിൽ പിതാവു വിളിച്ചു. "നിനക്കുവേണ്ടിയാണീ സ്വത്തെല്ലാം ഞാൻ സമ്പാദിച്ചതു്. നീ സുഖമായി ജീവിക്കുന്നതു കണ്ടുകൊണ്ടു കണ്ണടച്ചാൽ മതിയെന്നാണു ഞങ്ങളുടെ ആഗ്രഹം. നീ ഒരിക്കലും ഞങ്ങളെ ഉപേക്ഷിച്ചുപോകരുതു്."

അമ്മയുടെ കണ്ണുനീരിൽ കുതിന്ന യാചന സ്നേഹഗംഭീരനായ പിതാവിന്റെ ശാസന. ആ വമ്പിച്ച സ്വത്തിന്റെ ആധിപത്യത്തിലൂടെ തനിക്കു ലഭിച്ചേക്കാവുന്ന ഭൗതികമായ നേട്ടങ്ങൾ. ജോണിയുടെ ഉൾക്കളം വിവിധവികാരങ്ങളുടെ അടക്കളമായി മാറി. അവസാനം അവൻ തന്നെ ജയിച്ചു. പ്രലോഭനങ്ങളുടെ മേൽ അവന്റെ അന്തരാത്മാവു വിജയം നേടി. ഗത്യന്തരമല്ലാതെ മാതാപിതാക്കന്മാർ ജോണിയുടെ അഭീഷ്ടത്തിനു കീഴടങ്ങി.

അധികം താമസിയാതെ ജോണി മാത്തപ്പനെ സന്ദർശിച്ചു യാത്ര പറയുന്നതിനു്. മാത്തപ്പൻ തന്റെ ബാല്യകാലസുഹൃത്തിനെ സന്തോഷപൂർവ്വം സ്വീകരിച്ചു. ജോണിയുടെ നിശ്ചയം അറിഞ്ഞപ്പോൾ മാത്തപ്പൻ പൊട്ടിച്ചിരിച്ചു.

"വിഡ്ഢിത്തം" മാത്തപ്പൻ ഹാസ്യപൂർവ്വം പറഞ്ഞു. "ഇവിടെ തിന്നു കുടിച്ചു സുഖമായി ജീവിക്കാനുള്ളതിനു്, പോകുന്നു മിഷനു്. എന്റെ ജോണീ, നിനക്കെന്നാ വട്ടിളകിയോ?"

ജോണി മറുപടിയൊന്നും പറഞ്ഞില്ല. അല്പജ്ഞതയിൽ അഹങ്കരിക്കുന്ന ലോകത്തിന്റെ ഗതികേടിൽ അവനു സഹതാപം തോന്നി. ആ സ്നേഹിതന്മാർ യാത്ര പറഞ്ഞു.

ജോണിയെയും വഹിച്ചുകൊണ്ട് തീവണ്ടി മുൻപോട്ടു പാഞ്ഞു ഒരു ചൂളംവിളിയോടുകൂടി.

x x x

കാലത്തിന്റെ കരിമ്പാറയിൽ തട്ടി വർഷങ്ങളുടെ തിരമാലകൾ പലതും പൊട്ടിത്തകർന്നു:

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

എന്നു്

പുതുശേരി കൊച്ചൗസേപ്പ്

ഭാര്യ മറിയംകുട്ടി, നെടുവന്നൂർ

ഫാദർ ജോൺ ആ സ്ഥലവാസികളുടെയെല്ലാം കണ്ണിലുണ്ണിയാണ്. അസാന്മാർഗ്ഗികതയിൽ മുഴുകിക്കഴിഞ്ഞിരുന്ന ആ ഗ്രാമവാസികളുടെ ജീവിതങ്ങളിൽ വിശുദ്ധിയുടെ വെള്ളിവെളിച്ചം തെളിഞ്ഞു. അവരുടെ ഹൃദയങ്ങളിൽ തഴച്ചു വളന്നിരുന്ന അന്ധവിശ്വാസങ്ങളുടെ കളകൾ അദ്ദേഹം പി ഴു തു മാ ററി, സത്യവിശ്വാസത്തിന്റെ പൂച്ചെടികൾ വച്ചുപിടിപ്പിച്ചു. ദുരന്തദുരിതങ്ങളുടെ എരിവെയിലിൽ വാടിത്തളന്നു ക്ഷീണ ദുർഭഗജീവിതങ്ങളിലേക്കു, ആശ്വാസത്തിന്റെ ശീതളജലവുമായി ഒരു വാനദൂതനെപ്പോലെ അദ്ദേഹം പറന്നെത്തി. ആ ഗ്രാമം അവികലമായ ശാന്തിയുടെയും അത്യന്തസുഭഗമായ പരിശുദ്ധിയുടെയും നർത്തനരംഗമായി മാറി

ഫാദർ ജോണിന്റെ അവിശ്രമപരിശ്രമഫലമാണ് അംബരവീഥിയിലേക്കു തല ഉയർത്തി നില്ക്കുന്ന ആ അഗതിമന്ദിരം. രോഗികളും, വൃദ്ധന്മാരും, വിധവകളും, അനാഥക്കുഞ്ഞുങ്ങളും അങ്ങനെ ജീവിതത്തിന്റെ പെരുവഴിയിൽ നിസ്സഹായരായി പുറന്തള്ളപ്പെട്ട പലരും ആ അഗതിമന്ദിരത്തിലെ കാരുണ്യദീപ്തിയിൽ ആനന്ദനൃത്തം ചെയ്തു.

അന്നും ഫാദർ ജോൺ പതിവുപോലെ അഗതിമന്ദിരത്തിലെത്തി. വൃദ്ധന്മാരോടും വിധവകളോടും കുശലം പറഞ്ഞു. കുട്ടികൾക്കു മധുരനാരങ്ങകളും ചോക്ക്ലേററും വിതരണംചെയ്തു. രോഗികളെ സമീപിച്ചു ഓരോരുത്തരുടെയും സുഖസ്ഥിതിയെപ്പററി അന്വേഷിച്ചു. ആ വേദനയനുഭവിക്കുന്ന മനുഷ്യജീവികൾ കൃതജ്ഞതയുടെ കൂപ്പുകൈകൾ അദ്ദേഹത്തിന്റെ മുൻപിൽ ഉയർത്തി.

ഫാദർ ജോൺ സാവധാനം മുൻപോട്ടുനടന്നു. ആ മുറിയുടെ കിഴക്കേ അരികിൽ ഒരു രോഗി മരണാസന്നനായി കിടന്നിരുന്നു. അയാൾ ദുസ്സഹമായ ഹൃദയവേദന അനുഭവിക്കുന്നുണ്ടെന്നു് ആ മുഖഭാവം വിളിച്ചുപറഞ്ഞു. ആ രോഗി ഞരങ്ങുകയും മൂളുകയും ഇടയ്ക്കിടെ എന്തൊക്കെയോ അവ്യക്തമായി പിറുപിറുക്കുകയും ചെയ്തിരുന്നു.

അദ്ദേഹം ആ രോഗിയെ സൂക്ഷിച്ചുനോക്കി. ഓർമ്മയുടെ ചുരുളുകൾ കെട്ടഴിഞ്ഞുവീണു. അദ്ദേഹത്തിനു തന്റെ കണ്ണുകളെ വിശ്വസിക്കുവാൻ കഴിഞ്ഞില്ല. തോലുടുത്ത ആ അസ്ഥികൂടത്തെ ഒന്നുകൂടി സൂക്ഷിച്ചുനോക്കി. ഫാദർ ജോണിന്റെ ഹൃദയം മന്ത്രിച്ചു, "മാത്തപ്പൻ!"

"മാത്തപ്പാ" അറിയാതെ വിളിച്ചുകൊണ്ട് അദ്ദേഹം രോഗിയുടെ കിടക്കയിൽ പെട്ടെന്നു് ഇരുന്നു.

"മാത്തപ്പാ! മാത്തപ്പാ!"

രോഗി അദ്ദേഹത്തെ തുറിച്ചുനോക്കി. ഫാദർ ജോൺ രോഗിയെ തലോടിക്കൊണ്ടുപറഞ്ഞു:-

"എന്റെ മാത്തപ്പാ, നിനക്കെന്തുപററി?" ആ സ്വരം പതറിയിരുന്നു.

"ഹാ! എന്റെ ജോണീ!" രോഗിയുടെ ശുഷ്കിച്ച കൈകൾ ഫാദർ ജോണിന്റെ കഴുത്തിനെ വലയംചെയ്തു.

"ജോണീ, എന്റെ ജോണീ, ഞാൻ മഹാപാപിയാണ്. മഹാപാപി." മാത്തപ്പന്റെ കണ്ഠം ഇടറി. ശ്വാസോച്ഛ്വാസത്തിന്റെ വേഗത വർദ്ധിച്ചു.

"കരുണാനിധിയായ ദൈവം ഏതു മഹാപാപവും ക്ഷമിക്കും. അവസാനനിമിഷത്തിൽ ആ കള്ളനോടും അവിടുന്നു ക്ഷമിച്ചില്ലേ?" ഫാദർ ജോൺ മാത്തപ്പനെ ആശ്വസിപ്പിക്കുവാൻ ശ്രമിച്ചു.

"ഇല്ല. ഇല്ല. ജോണീ, എന്റെ അച്ചാ! പുരോഗമനത്തിന്റെപേരിൽ ദൈവത്തെ നിന്ദിച്ചു. കുടിയും ചൂതുകളിയും മറെറല്ലാ പാപങ്ങളും. അങ്ങനെ ഞാൻ നശിച്ചു. അവ... സാന... ത്തെ ചി...ല്ലി... കാ...ശും തീന്നുകഴിഞ്ഞ...പ്പോൾ... സ്നേഹിതന്മാ...ർ എ...ന്നെ ഉ...പേക്ഷിച്ചു.

"ഇപ്പോൾ യാതൊന്നും പറയേണ്ടാ" ഫാദർ ജോൺ തടഞ്ഞു.

"ഞാൻ പ...റഞ്ഞൊ...ട്ടെ...എന്റെ...മാ...താ...പിതാക്കന്മാ...ർ... അയ്യോ...എനി...ക്കു...തു്...ഓർക്കാൻ... കൂടി... വയ്യാ... അച്ചാ!... എന്റെ ഈ... കൈ...കൾ...കൊണ്ടു്... ഈ... കൈകൾ....കൊണ്ടാ...ണു്... അവരുടെ...ക...ഴു...ത്തി...നു... പി...ടിച്ചു...ത...ള്ളിയതു്...വീട്ടിൽ നി...ന്നി....റക്കി... വി... ട്ട...തു്..... മദ്യഷാപ്പു....കാര...ൻ... എന്റെ... വീ...ട്ടു ജപ്തി....ചെ...യ്തു. എന്റെ...പ...ണം... അപഹ....രി...ക്ക....പ്പെട്ടു. ജീ....വിക്കാ...ൻ നി... ശ്വാസ ...മില്ലാ....തായ...പ്പോൾ... നാടു...വിട്ടു... ഒരു നേര...ത്തെ ആ...ഹാര...ത്തിനു...വേണ്ടി ഞാൻ...എ

(ശേഷം 8-ാംപേജിൽ)




(11-ാം പേജ് തുടർച്ച)

പാലായിൽനിന്നു പുറപ്പെട്ട് മദ്രാസിലൂടെ ബോംബെയിലെത്തി അവിടെനിന്നു് പറന്നു് അറേബ്യാ, ബസ്രാ, ഈജിപ്ത് ഇവിടങ്ങളിലിറങ്ങിക്കയറി റോമയിലെത്തുന്നതും അവിടെനിന്നു് ലിസ്യൂ, അസ്സീസി മുതലായ സ്ഥലങ്ങൾ സന്ദർശിച്ചശേഷം വീണ്ടും വിമാനത്തിൽ ന്യൂയോക്കിലേക്കു പുറപ്പെടുന്നതും ഒന്നാം പുസ്തകത്തിൽ വിവരിക്കുന്നു. രണ്ടാം ഭാഗത്തിലാകട്ടെ അമേരിക്കയിലെ ജീവിതം, വിദ്യാഭ്യാസം, മടക്കയാത്ര ഇവയുടെ വിവരങ്ങളാണ്. മടക്കയാത്രയിൽ ജപ്പാൻ, ഹോങ്കോങ്ങ്, ഇന്തോനേഷ്യ, മനിലാ, സിങ്കപ്പൂർ ഇവിടങ്ങളും സന്ദർശിക്കുന്നുണ്ട്. സന്ദർശിക്കുന്ന ഭൂവിഭാഗങ്ങളുടെ പൂർവ്വചരിത്രവും പ്രത്യേകതകളും പ്രാധാന്യങ്ങളും പരാമർശിക്കപ്പെടുന്നു. ചുരുക്കിപ്പറഞ്ഞാൽ സഞ്ചാരകഥകൾക്കു പ്രത്യേകിച്ചും, സാഹിത്യത്തിനു പൊതുവേയും സംസ്കാരത്തിനു സവിശേഷമായും ആദ്ധ്യാത്മികജീവിതത്തിനു് അതിവിശിഷ്ടമായുമുള്ള ഒരു സൽഗ്രന്ഥമാണ് 'പ്രതിമാസഗ്രന്ഥക്ലബ്ബ്' ലോകയാത്രാസ്മരണകൾവഴി കൈരളിക്കു സമ്മാനിച്ചിരിക്കുന്നതു്. നാതിവിളംബം അനന്തരപതിപ്പുകൾ പുറപ്പെടുവിക്കുവാനിടയാകട്ടെ എന്നാശംസിക്കുന്നു.

(ഉലകംതറ)

വിമർശനവീഥി

# കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രം

(ജെ. കഞ്ഞപ്പറമ്പിൽ എസ്. ജെ.)

സാമ്പത്തികവും സാമുദായികവും രാഷ്ട്രീയവുമായ ഒരു വിപ്ലവം ലോകമെങ്ങും ഏർപ്പെടുത്തി തല്ക്കാലസമുദായഘടനയെ ശിഥിലീകരിച്ച് തൊഴിലാളികളുടെ സ്വർഗ്ഗമെന്നറിയപ്പെടുന്ന ഒരു സമുദായം രൂപവല്ക്കരിക്കുന്നതിന് മാർക്സ് കണ്ടുപിടിച്ച തത്വശാസ്ത്രം അദ്ദേഹത്തിന്റെ സ്വന്ത സൃഷ്ടി മാത്രമല്ലായിരുന്നു. കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രത്തിൽ മററു പല തത്വശാസ്ത്രജ്ഞന്മാരുടേയും പണ്ഡിതന്മാരുടേയും ആശയങ്ങൾ ധാരാളം കാണുവാൻ സാധിക്കും. മാർക്സിന്റെ സാമ്പത്തികമായ വാദങ്ങൾ മുഴുവനും അന്നത്തെ പ്രധാന സാമ്പത്തികശാസ്ത്രജ്ഞന്മാരായിരുന്ന ആഡംസ്മിത്ത്, റിക്കാർഡോ മുതലായവരിൽനിന്നും എടുത്തിട്ടുള്ളവയാണ്. എന്നാൽ അവരുടെ തത്വങ്ങളും അനുമാനങ്ങളും എപ്പോഴും അതേപടി മാർക്സ് സ്വീകരിച്ചിട്ടില്ല. ഇവയിൽ അദ്ദേഹത്തിന്റെ സിദ്ധാന്തങ്ങൾക്കു യോജിച്ചവ മാത്രമേ മാർക്സ് സ്വീകരിച്ചിട്ടുള്ളു. ഇക്കാരണത്താൽ അദ്ദേഹത്തിന്റെ സാമ്പത്തികശാസ്ത്രം നിരവധി അബദ്ധങ്ങൾക്കും തദ്വാരാ പല പണ്ഡിതന്മാരുടേയും നിശിതമായ വിമർശനങ്ങൾക്കും കാരണമായിട്ടുണ്ടെന്നല്ലാതെ അതേക്കുറിച്ച് കൂടുതൽ ആരായുവാൻ തല്ക്കാലം തുനിയുന്നില്ല. തൊഴിലാളികൾ ഒന്നുചേർന്ന് ഒരു സാമുദായികവിപ്ലവം ലോകമെങ്ങും പരത്തി തൊഴിലാളികളുടെ സ്വർഗ്ഗമായ കമ്മ്യൂണിസം സ്ഥാപിക്കണമെന്നുള്ള ആശയങ്ങൾ ഫ്റഞ്ചുവിപ്ലവചരിത്രത്തിൽനിന്നും, മാർക്സിന്റെ വംശജരായ യഹൂദന്മാർക്കു സഹജമായ പ്രവാചകധർമ്മത്തിൽനിന്നും മുളയെടുത്തിട്ടുള്ളവയാണ്. മാർക്സ് തന്റെ തത്വശാസ്ത്രത്തിനിടയിൽ പല പ്രവചനങ്ങളും ഉരിയാടിയിട്ടുണ്ട്. നിർഭാഗ്യവശാൽ അവയൊന്നും ഇതേവരെ നിറവേറിയിട്ടില്ലെന്നു മാത്രമല്ല അവയ്ക്കു നേരെ വിരുദ്ധമായ പല സംഗതികളും സംഭവിച്ചിട്ടുമുണ്ട്.

തന്റെ തത്വശാസ്ത്രത്തിന്റെ രൂപവല്ക്കരണത്തിൽ മാർക്സിനെ പ്രധാനമായി സഹായിച്ചിട്ടുള്ളതു് ജർമ്മൻ തത്വശാസ്ത്രജ്ഞനായ ഹെഗലും അദ്ദേഹത്തിന്റെ ശിഷ്യൻ ഫ്യൂർബാക്കുമാണ്. ഹെഗൽ ലോകത്തിൽ ഒരേയൊരു വസ്തുമാത്രമേയുള്ളുവെന്നും ആ വസ്തു ആദ്ധ്യാത്മികമാണെന്നും പഠിപ്പിച്ചിരുന്നു. ലോകത്തിൽ നമ്മുടെ ദൃഷ്ടിക്ക് പല ഭൗതികവസ്തുക്കളും കാണപ്പെടുന്നുണ്ടെങ്കിലും സാക്ഷാൽ അവ ഭൗതികങ്ങളല്ലെന്നും പിന്നെയോ ഈ ഒരാദ്ധ്യാത്മികവസ്തുവിന്റെ ഭിന്നഭിന്നരൂപങ്ങൾ മാത്രമാണെന്നും ഹെഗൽ വാദിച്ചു. ഈ ആദ്ധ്യാത്മികവസ്തുവിന്റെ ക്രമീകൃതമായ ചലനം ഹേതുവാൽ അതു വിവിധരൂപങ്ങൾ പ്രാപിക്കുകയും പുരോഗമിക്കുകയും ചെയ്യുന്നു. ഹെഗലിന്റെ ഈ ആശയം മാർക്സ് ഒരു പ്രധാനവ്യത്യാസത്തോടുകൂടി അതേപടി സ്വീകരിച്ചു. ഈയൊരു പ്രധാന വ്യത്യാസം ഹെഗലിന്റെ ആദ്ധ്യാത്മികവസ്തു മാർക്സ് ഭൗതികവസ്തുവായി മാററിയെന്നുള്ളതാണ്. മാർക്സിന്റെ തത്വശാസ്ത്രപ്രകാരം ലോകത്തിൽ ഭൗതികവസ്തുക്കൾ മാത്രമേയുള്ളു, ആദ്ധ്യാത്മികമായ യാതൊന്നുമില്ല. ഈ ഭൗതികവസ്തു ഹെഗലിന്റെ ആദ്ധ്യാത്മികവസ്തുവെപ്പോലെ ചലനഹേതുവാൽ ഭിന്നഭിന്നരൂപങ്ങളായി മാറുന്നു. മനുഷ്യനിലാണ് ഈ പദാർത്ഥം അതിന്റെ പൂർണ്ണതയെ പ്രാപിക്കുന്നതു്. അതിനാൽ മനുഷ്യനിൽ ഭൗതികാംശങ്ങളല്ലാതെ ആദ്ധ്യാത്മികമായ യാതൊന്നുമില്ല.

കമ്മ്യൂണിസ്റ്റ് തത്വശാസ്ത്രം നിരീശ്വരത്വത്തിന്മേൽ കെട്ടിപ്പണിതിട്ടുള്ളതാണ്. സാധുമനുഷ്യൻ സന്തോഷകരമായ ഒരു ജീവിതം നയിക്കുവാനാഗ്രഹിക്കുന്നു. എന്നാൽ ഈ ലോകത്തിൽ ജീവിച്ചിരിക്കുന്നിടത്തോളം കാലം അവനു ദുഃഖദുരിതങ്ങളേയുള്ളു. ഇഹലോകജീവിതത്തിനു ശേഷം സുഖപ്രദമായ ഒരു ജീവിതത്തിലേക്കു അവനെ നയിക്കുവാൻ പ്രാപ്തനായ ഒരു ദൈവമുണ്ടെന്നു അവൻ വിശ്വസിക്കുന്നു. ഇവയെല്ലാം വെറും മിഥ്യാബോധങ്ങളാണെന്നും, അവ മനുഷ്യന്റെ ദാരിദ്ര്യം നീങ്ങുന്നതോടുകൂടി നീങ്ങിപ്പോകുമെന്നുമാണ് മാർക്സ് സിദ്ധാന്തിക്കുന്നതു്. കൂടാതെ ശാശ്വതമായ യാതൊരു സന്മാർഗ്ഗനിയമങ്ങളുമില്ലെന്നും, സന്മാർഗ്ഗനിയമങ്ങൾ കാലത്തേയും മനുഷ്യനേയുമനുസരിച്ച് മാറിമാറിക്കൊണ്ടിരിക്കുമെന്നും, ചില വർഷങ്ങൾക്കുമുമ്പ് സാന്മാർഗ്ഗികമായി കരുതിയിരുന്നവ ഇന്ന് അസാന്മാർഗ്ഗികമായി തീരാമെന്നും, ഒരുവൻ നീതിയെന്നു വിചാരിക്കുന്നതു് മറെറാരുവനു് അനീതിയായി മാറാമെന്നും കമ്മ്യൂണിസം പഠിപ്പിക്കുന്നു.

ഉല്പാദനവും ഉല്പാദനവസ്തുക്കളുടെ കൈമാററവും ഏതുപ്രകാരം സമുദായത്തിൽ നടത്തിക്കൊണ്ടു വരുന്നുവോ അപ്രകാരമിരിക്കും ആ സമുദായത്തിന്റെ സാമ്പത്തികസ്ഥിതി. ഇതുവരെയുള്ള മനുഷ്യചരിത്രത്തിൽ പദാർത്ഥം അതിന്റെ നിയമപ്രകാരമുള്ള മാററം ഹേതുവാൽ നാലു ഭിന്നദശകൾ തരണംചെയ്തിട്ടുണ്ട്. ഉല്പാദനവസ്തുക്കളെല്ലാം എല്ലാ ജനങ്ങളുടേയും അല്ലെങ്കിൽ സമുദായത്തിന്റെ ഉടമസ്ഥതയിലിരുന്ന കാലം ആദ്യദശയും, ഉല്പാദനവസ്തുക്കളെല്ലാം ഒരുവൻമാത്രം വച്ചുകൊണ്ടിരുന്ന് മററുള്ളവർ അവന്റെ അടിമകളായി ജീവിച്ചുകൊണ്ടിരുന്ന കാലം രണ്ടാംദശയും, ഉല്പാദനവസ്തുക്കളിൽ വലിയഭാഗം ഒരു പ്രഭുവും കുറെ ഭാഗം മാത്രം ആ പ്രഭുവിന്റെ കീഴിൽ ജീവിച്ചിരുന്ന കൃഷിക്കാരും വച്ചുകൊണ്ടിരുന്ന കാലം മൂന്നാംദശയും, ആധുനികകാലത്തിലെ മുതലാളിത്വം അതിന്റെ നാലാംദശയുമെന്ന് മാർക്സ് വാദിക്കുന്നു. ഈ നാലാംദശയിൽ ചുരുക്കം ചില മുതലാളികൾ ഉല്പാദനവസ്തുക്കളുടെ ഉടമസ്ഥത കരസ്ഥമാക്കിക്കൊണ്ടു് തങ്ങളെ ആശ്രയിച്ചുനില്ക്കുന്ന ബഹുസഹസ്രം സാധുക്കളായ തൊഴിലാളികളെക്കൊണ്ടു വേലയെടുപ്പിച്ച് തങ്ങളുടെമാത്രം സ്വത്തും സുഖവും വർദ്ധമാനമാക്കിക്കൊണ്ടുവരുന്നു. ഈ സാമുദായികാവസ്ഥ അധികനാൾ നീണ്ടുനില്ക്കുകയില്ല. അതു് പഴയതുപോലെ മറെറാരു ദശയിലേക്കു മാറും. ഈ മാററം സംഭവിക്കുന്നതിനുള്ള പ്രധാന കാരണക്കാർ തൊഴിലാളികളായിരിക്കും. തൊഴിലാളികൾ തങ്ങളുടെ ദാരിദ്ര്യവും കഷ്ടപ്പാടുകളും സഹിക്കവയ്യാതെ മുതലാളികൾക്കെതിരായി പടവെട്ടാനാരംഭിക്കും. തൊഴിലാളികളും മുതലാളികളുമായുള്ള ഈ യുദ്ധത്തിൽ മുതലാളികൾ നിശ്ശേഷം പരാജയമടയുകയും അവരുടെ സ്വത്തുക്കളെല്ലാം തൊഴിലാളികളുടെ വകയായി തീരുകയുംചെയ്യും. ഇനിയുമൊരടി മുന്നോട്ടുവയ്ക്കുമ്പോൾ മാർക്സ് പ്രവചിച്ച അല്ലെങ്കിൽ സ്വപ്നം കണ്ട തൊഴിലാളികളുടെ സ്വർഗ്ഗമായ കമ്മ്യൂണിസത്തിലെത്തിച്ചേരും.

കമ്മ്യൂണിസ്റ്റ്സമുദായത്തിൽ വർഗ്ഗമത്സരമോ ഉച്ചനീചത്വമോ മററു യാതൊരുവിധത്തിലുള്ള വ്യത്യാസമോ ഉണ്ടായിരിക്കുകയില്ല. ഈ സമുദായത്തിൽ എല്ലാവരും സമന്മാരായി, സന്തുഷ്ടരായി സൗഭാഗ്യത്തോടുകൂടി ജീവിക്കും. രാഷ്ട്രത്തിനോ രാഷ്ട്രീയാധികാരികൾക്കോ ഇവിടെ സ്ഥാനമുണ്ടായിരിക്കുകയില്ല. ഇവയെല്ലാം താനെ അന്തരിച്ചുപോകും. സ്വാതന്ത്ര്യം, സമത്വം, സമാധാനം, സുഖം, സംതൃപ്തി ഇവയായിരിക്കും ഈ സമുദായത്തിൽ വിളയുന്ന ഫലങ്ങൾ. എന്തൊരഭികാമ്യമായ സ്വർഗ്ഗം!! എന്നാൽ കഷ്ടം! മാർക്സ് വെറുതെ സ്വപ്നം കാണുകയായിരുന്നു! മാർക്സ് ആത്മാർത്ഥതയോടുകൂടിയായിരുന്നു ഈ തത്വം പഠിപ്പിച്ചതെങ്കിൽ ഇന്നു ഭൂമിയിൽവന്നു കമ്മ്യൂണിസ്റ്റു രാജ്യമെന്നഭിമാനിക്കുന്ന റഷ്യയെ ഒന്നു കണ്ടാൽമതി ഉടൻ കണ്ണിൽ നീർവാർത്തു്, "ഞാൻ തൊഴിലാളികളുടെ സ്വർഗ്ഗമെന്നു വിചാരിച്ചതു് സാക്ഷാൽ അവരുടെ നരകംതന്നെയായിരുന്നു" വെന്നു സമ്മതിക്കും.

(12-ാംപേജ് തുടർച്ച)

തു ഞാനെങ്ങനെ സഹിക്കും. ഈ ആഗ്രഹം ഒരു വീട്ടിൽനിന്നും 20 രൂപാ വിലവരുന്ന ഒരോട്ടുപാത്രം മോഷ്ടിക്കുവാൻ എന്നെ പ്രേരിപ്പിച്ചു. അതു വിററുകിട്ടിയ രൂപാ, എനിക്കു ജോലിചെയ്തു കിട്ടിയതാണെന്നു പറഞ്ഞു ഞാൻ അമ്മക്കയച്ചുകൊടുത്തു. അമ്മച്ചീ, നിയമദൃഷ്ടിയിൽ ഞാനൊരു കള്ളനല്ലേ. പോലീസെന്നെ ബന്ധനസ്ഥനാക്കി. വേണ്ട ശിക്ഷയുംതന്നു. അതുകൊണ്ടിനി കള്ളനാരു ജോലിതരും? ഞാൻ ചെയ്ത ആ കുററത്തെപ്പററി ഇന്നും ഞാൻ പശ്ചാത്തപിക്കുന്നുണ്ടു്. എല്ലാമറിയുന്ന ആ കരുണാനിധി എനിക്കു മാപ്പുതരും."

അവൻ പറഞ്ഞുനിർത്തി. അവന്റെ ദാരുണകഥ എന്റെ മനസ്സലിയിച്ചു. "ഇവിടെ ജോലിക്കാരെ ആവശ്യമില്ലല്ലോ ബാബു. അതുകൊണ്ടിതാ 10 രൂപ" എന്നു പറഞ്ഞുകൊണ്ടവനു ഞാൻ 10 രൂപയും ഒരുനേരത്തെ ആഹാരവും കൊടുത്തുവിട്ടു. നിറഞ്ഞ ചാരിതാർത്ഥ്യത്തോടെ എനിക്കു പകാരം പറഞ്ഞുകൊണ്ടവൻ നടന്നുപോയി.

അല്പസമയം കഴിഞ്ഞതേയുള്ളു. അതാ, ആ ബാലൻ ഓടിവരുന്നു; ഹോ! റോഡിൽക്കൂടി അന്തംവിട്ടോടിവന്ന ഒരു പ്ലഷർകാർ അവന്റെ മാറിലേക്കു കയറിക്കഴിഞ്ഞു! ഇടറുന്ന കാലുകളോടെ ആ രംഗത്തേക്കു ഞാൻ ഓടിച്ചെന്നു. എന്റെ സഹതാപത്തെ അർഹിച്ച ആ ബാലനെ ഞാൻ വാരിയെടുത്തു. അവൻ എന്റെ മാറിലേക്കമർന്നു, സന്ധ്യക്കു വാടിത്തളർന്ന ഒരു കോളാമ്പിപ്പൂപോലെ. അവന്റെ നാവിൽനിന്നും രണ്ടുമൂന്നു വാക്കുകൾ എനിക്കുവേണ്ടി അടർന്നുവീണു. "അ...ങ്ങ... പ...ത്തു....രൂ....പ...ത....ന്ന.... തി...ൽ...ഒ...രു...രൂ...പ...അ... ധി...കം...ഉ...ണ്ടാ...യി...രു.... ന്നു...ഇ...താ...ആ...രൂ........"

അവന്റെ കണ്ണുകൾ സാവധാനം അടഞ്ഞു. ആ ഒരു രൂപാ അവന്റെ രക്തത്തിൽ അലിഞ്ഞുപോയി. ആ ബാലന്റെ ഷർട്ടിന്റെ കീശയിൽനിന്നു ഞാൻ നിണംപുരണ്ട പത്തുരൂപായും ഒരു മണിഓർഡർഫോറവും പുറത്തെടുത്തു. എന്റെ കണ്ണിൽനിന്നും രണ്ടുമൂന്നു ബാഷ്പബിന്ദുക്കളടർന്നുവീണു. ഞാനവന്റെ മുഖംതുടച്ചു. ആരറിയുന്നു, വണ്ടികയറി ഒടിഞ്ഞ ആ അസ്ഥിപഞ്ജരം യഥാർത്ഥ മാതൃസ്നേഹംകൊണ്ടു തുടിച്ചിരുന്ന ഒരു ഹൃദയം സൂക്ഷിച്ചിരുന്നതാണെന്നു്!


## റിഡംപ്റ്ററിസ്റ്റ് സഭ

റിഡംപ്ററ റിസ്റ്റ് മിഷ്യണറിമാരായി ഇടവകകൾതോറും പൊതുധ്യാനങ്ങൾ പ്രസംഗിച്ചുകൊണ്ടും സന്യാസജീവിതം നയിച്ചുകൊണ്ടും നമ്മുടെ ദിവ്യരക്ഷകനെ പിഞ്ചെല്ലുവാൻ ഉദ്ദേശിക്കുന്ന സ്കൂൾഫൈനലെങ്കിലും പാസ്സായ യുവാക്കന്മാരെ ക്ഷണിച്ചുകൊള്ളുന്നു. കൂടുതൽ വിവരങ്ങൾക്കു താഴെ കാണുന്ന മേൽവിലാസത്തിൽ ഉടനെ എഴുതിച്ചോദിക്കുക.

Very Rev. Fr. Vice-Provincial,
Redemptorist Fathers,
Richards Town
Bangalore


## പുസ്തകാഭിപ്രായം

### ലോകയാത്രാസ്മരണകൾ

(ഒന്നും രണ്ടും ഭാഗങ്ങൾ. ഗ്രന്ഥകാരൻ ശ്രീ കെ. സി. ചാക്കോ എം. എ. ബി. ഇ. എം. എസ്സ്. പ്രതിമാസ ഗ്രന്ഥക്ലബ്ബ് എറണാകുളം.)

മലയാളത്തിലെ പ്രഥമ സഞ്ചാരസാഹിത്യഗ്രന്ഥം പാറേമ്മാക്കൽ ഗോവർണ്ണദോരച്ചന്റെ വർത്തമാനപ്പുസ്തകമാണ്. അന്നുമുതലിങ്ങോട്ടു പ്രസ്തുത സാഹിത്യശാഖയ്ക്കു് ഏററവുമധികം സംഭാവനകൾ നൽകിയിട്ടുള്ളതു ക്രൈസ്തവർ തന്നെയാണെന്നുള്ളതും സ്മരിക്കേണ്ടതുണ്ടു്. പൊറെറക്കാടിന്റെയും മററും യാത്രാവിവരണങ്ങളോടെ പുതിയൊരുന്മേഷം പ്രാപിച്ചിരിക്കുന്ന ആ സാഹിത്യവിഭാഗത്തിനൊരു വിലയേറിയ സമ്പത്തു തന്നെയാണ് ഈയിടെ പുറത്തിറങ്ങിയ പ്രതിമാസഗ്രന്ഥക്ലബ്ബ്കാരുടെ "ലോകയാത്രാസ്മരണകൾ" സമ്മാനിച്ചിരിക്കുന്നതു്. ശ്രീ ചാക്കോയുടെ ഈ ഗ്രന്ഥത്തിനൊരു പ്രത്യേകതയുണ്ടു്. ആയിനത്തിൽ അതൊന്നുമാത്രമേ പറയത്തക്കതായി മലയാളത്തിലുള്ളു. മററാരും കാണാത്ത ഒരു പുതിയ ലോകമാണ് ശ്രീ ചാക്കോ കണ്ടിരിക്കുന്നതു്. മററാരും നൽകാത്ത ഒരു പുതിയ വെളിച്ചം അദ്ദേഹം അനുവാചകനു നൽകുകയും ചെയ്യുന്നു.

മററു സഞ്ചാരികൾ വിവിധ രാജ്യങ്ങളിലെ സംസ്കാരങ്ങളേയും ശാസ്ത്രത്തിന്റെ നേട്ടങ്ങളേയും പ്രകൃതിയുടെ അത്ഭുതമുഖഭാവങ്ങളേയും മററും കണ്ടു. എന്നാൽ സർവ്വപ്രധാനമായ ഒരു സംഗതിയിൽ ആരുടെയുംതന്നെ ശ്രദ്ധ വേണ്ടതുപോലെ പതിഞ്ഞില്ല. ദൈവത്തിന്റെ പിതൃത്വത്തിനു കീഴിൽ വിശ്വവ്യാപകമായി നിലനില്ക്കുന്ന മനുഷ്യസാഹോദര്യത്തിന്റെ ആ മോഹനചിത്രമാണ് ശ്രീ ചാക്കോ നാനൂറോളം പേജുകളിലായി വരച്ചുകാണിച്ചിരിക്കുന്നതു്. ദൃഷ്ടിപഥത്തിൽ പെടുന്നതെന്തും അചാഞ്ചല്യമായ ഒരു വിശ്വാസത്തിന്റെ വെളിച്ചത്തിൽ നോക്കിക്കാണുവാനും വ്യാഖ്യാനിക്കുവാനും ശ്രമിച്ചിരിക്കുകയാണദ്ദേഹം. എവിടെയും സർവ്വാതിശായിയായ ഒരു മഹച്ഛക്തിയുടെ സാമീപ്യം അനുഭവപ്പെടുകയാണദ്ദേഹത്തിനു്. വ്യോമയാനത്തിലേറി ആകാശത്തിന്റെ അപാരതയിലേക്കുയരുമ്പോൾ അദ്ദേഹത്തിന്റെ ചിന്ത "മനുഷ്യൻ ഭൂമിയിൽനിന്നു വേർപെടുമ്പോൾ ദൈവത്തിന്റെ സാന്നിദ്ധ്യത്തിലേക്കു പ്രവേശിക്കുന്നു" എന്നാണ്. ലോകശാന്തിക്കും സമാധാനത്തിനുമുള്ള പ്രധാനമാർഗ്ഗം മനുഷ്യഹൃദയങ്ങളിൽ ആത്മീയമൂല്യങ്ങൾക്കു പ്രഥമസ്ഥാനം നൽകുകയാണെന്നുള്ള തന്റെ ബോദ്ധ്യം യാത്രാവസാനത്തിൽ ഗ്രന്ഥകാരനു ഒന്നുകൂടി ദൃഢതരമായിത്തീരുന്നു. അദ്ദേഹത്തിന്റെ സ്മരണകളിലൂടെ കടന്നുപോകുന്ന വായനക്കാർക്കും ഈ ബോദ്ധ്യം തന്നെ ഉണ്ടാകാതിരിക്കയില്ല. റഷ്യയിൽ പോയി മടങ്ങിവന്ന ഒരു കമ്മ്യൂ. നേതാവ് തന്റെ യാത്രാവിവരണഗ്രന്ഥത്തിനു നൽകിയ നാമധേയം മി. ചാക്കോയുടെ ഈ ഗ്രന്ഥത്തിനാണ് ഏററവും യോജിച്ചതെന്നെനിക്കു തോന്നുന്നു:- "ഞാൻ ഒരു പുതിയ ലോകം കണ്ടു!"

ആദ്ധ്യാത്മികചിന്തകളെന്നപോലെതന്നെ ആത്മശോധനാപരമായ പരിചിന്തനങ്ങളും ഈ ഗ്രന്ഥത്തിൽ ധാരാളമാണ്. വ്യക്തിപരമായ അനുഭൂതികളും വിചാരധാരകളുമാണ് ഈ ഗ്രന്ഥത്തെ അത്യാകർഷകവും വികാരസുന്ദരവുമാക്കുന്നതെന്നു തോന്നിപ്പോകുന്നു. വി. കൊച്ചുത്രേസ്യായുടെ സഹോദരി സെലിനേയും പരിശുദ്ധ പിതാവ് തിരുമേനിയേയും സന്ദർശിക്കുന്ന ഘട്ടങ്ങളിൽ ഗ്രന്ഥകാരനുണ്ടാകുന്ന പുളകോദ്ഗമം വായനക്കാരനുമുണ്ടാകുന്നെങ്കിൽ അതിനു കാരണം ഈ ഗുണം തന്നെയാണ്.

ഒരു ചെറുകഥപോലെ മുഷിവു കൂടാതെ വായിച്ചുപോകാവുന്ന ഈ യാത്രാവിവരണത്തിനു അനുയോജ്യമായ ഒരു ഭാഷാരീതിയാണ് ഗ്രന്ഥകാരൻ സ്വീകരിച്ചിരിക്കുന്നതു്. വളച്ചുകെട്ടും ആഭാസവുമില്ലാത്ത ലളിതമായ ശൈലി. ചെറിയ ചെറിയ വാക്യങ്ങൾ! ഹൃദ്യമായ ചില ഉപമാപ്രയോഗങ്ങളും!! ഉപമാപ്രയോഗങ്ങളെപ്പററി ഒന്നെടുത്തുപറയേണ്ടതുണ്ടു്. ഒരു സാഹിത്യകാരനു തോന്നാനിടയില്ലാത്ത, ആദ്ധ്യാത്മികാനുഭൂതിയിൽ നിന്നുമാത്രം ഉറവെടുക്കുന്ന ഉപമകളാണവ. വേദപുസ്തകപ്രസിദ്ധങ്ങളായ പുണ്യഭൂമികളുടെ മുകളിലൂടെ പറന്നുപോകുമ്പോൾ വിമാനത്തിന്റെ ജനലിലൂടെ ഗ്രന്ഥകാരൻ വെളിയിലേക്കു നോക്കുന്നതു് "നോഹയുടെ പെട്ടകത്തിന്റെ കിളിവാതിലിലൂടെ"യെന്നവണ്ണമാണ്. വത്തിക്കാനിലെ വിശുദ്ധ പത്രോസിന്റെ ദേവാലയവും വൃത്താകാരമായ അതിന്റെ അങ്കണവും കാണുമ്പോൾ "ദീർഘമായ അതിന്റെ കരങ്ങൾ രണ്ടു ഭാഗത്തേക്കും വിരിച്ചുവളച്ചു് ലോകത്തെ മുഴുവൻ സ്വാഗതം ചെയ്തു ഹൃദയത്തിലേക്കടുപ്പിക്കുവാൻ ശ്രമിക്കു"ന്നതായിട്ടാണ് അദ്ദേഹത്തിനു തോന്നുക.

(ശേഷം 10-ാംപേജിൽ)


Reg. M. No. 2293

# Sathya Deepam

Vol. 28 Ernakulam, June 8 1955 No. 41




# ബാലരംഗം



## "കൊച്ചുപുണ്യവാൻ"

### വിശുദ്ധ ഡോമിനിക്ക് സാവിയോ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

നമ്മുടെ മാതൃകയായ കുഞ്ഞു ദോമിനിയുടെ ഓരോ ജീവിതരംഗങ്ങളും കുഞ്ഞുങ്ങളായ നിങ്ങൾക്കു എത്ര അനുകരണയോഗ്യങ്ങളാണ് എന്നു നിങ്ങൾ മനസ്സിലാക്കുന്നുണ്ടല്ലോ. നിങ്ങളുടെ ജീവിതത്തിലും സാധാരണ സംഭവിക്കുന്ന കാര്യങ്ങളല്ലേ അവ? ക്ലാസ്സിൽ ഒരദ്ധ്യാപകൻ നിങ്ങൾ ചെയ്യാത്ത ഒരു കുററം നിങ്ങളുടെ മേൽ ആരോപിച്ചെന്നു വരാം. സാക്ഷാൽ കുററക്കാരൻ സൂത്രത്തിൽ രക്ഷപെട്ടെന്നും വരാം. ഓരോ വീടുകളിലും കുഞ്ഞനുജന്മാരും കുഞ്ഞനുജത്തിമാരും തമ്മിൽ ഒരു ദിവസത്തിൽ എത്ര കേസ്സുകളുണ്ടാകാറുണ്ട്. അമ്മച്ചിമാർ ഇടപെട്ടു വിധി തീർപ്പു കല്പിക്കുമ്പോൾ ഇതുപോലുള്ള എത്ര അവസരം വന്നുചേരാറുണ്ട്? അപ്പോൾ ദോമിനിയെപ്പോലെ ശാന്തമായി ആ കുററാരോപണം സ്വീകരിക്കുന്നതിനും അതിൽനിന്നു വിലതീരാത്ത പുണ്യം സമ്പാദിക്കുന്നതിനും നിങ്ങൾ ശ്രമിച്ചിട്ടുണ്ടോ?




## 25-ാം നമ്പ്ര് പ്രശ്നത്തിന്റെ ഉത്തരം

എന്റെ പേർ—കുളവി

## പ്രശ്നം നമ്പ്ര് 26

(എ. സി. ദേവസ്യാ, പൂവരണി, വയസ്സ് 15)

1. ഒരു ചെടിയിന്മേൽ കുറെ കിളികൾ പറന്നിരുന്നു. അതിന്റെ ഓരോ ഇലയിന്മേലും ഒരു കിളിവീതം ഇരുന്നപ്പോൾ ഒരു കിളിക്കിരിക്കാൻ ഇലയില്ല. ഓരോ ഇലയിലും രണ്ടു കിളികൾ വീതം ഇരുന്നപ്പോൾ ഒരില ബാക്കിവന്നു. എന്നാൽ കിളികളെത്ര? ഇലയെത്ര?

2. ഞാൻ കുറെ നാരങ്ങവാങ്ങി. എനിക്കു മൂന്നു ചുങ്കം കടക്കണം. ഓരോ ചുങ്കസ്ഥലത്തും എന്റെ കൈയിലുള്ളതിൽ നേർപകുതി നാരങ്ങയും കൂടുതലായി ഒരെണ്ണവും കൊടുക്കേണ്ടിവന്നു. വീട്ടിലെത്തിയപ്പോൾ എന്റെ കൈയിൽ ഒരു നാരങ്ങായുണ്ട്. ഞാൻ വാങ്ങിയ നാരങ്ങയെത്ര?

(ഉത്തരങ്ങൾ അടുത്തതിൽ)

---

കഴിഞ്ഞ രണ്ടു ലക്കങ്ങളിൽ കുഞ്ഞനുജന്മാരുടെ ചില കത്തുകളും ചില ലേഖനങ്ങളും വല്ല്യേട്ടൻ പ്രസിദ്ധീകരിച്ചു എല്ലാവർക്കും വലിയ ഇഷ്ടമായി എന്നു വിശ്വസിക്കുന്നു. വല്ല്യേട്ടന്റെ കുഞ്ഞനിയത്തികൾ ഞങ്ങളുടെ കത്തുകളും ലേഖനങ്ങളും വല്ല്യേട്ടൻ അവഗണിക്കുകയാണോ എന്നു സംശയിക്കുന്നുണ്ടായിരിക്കും. ഒരിക്കലുമില്ല. വല്ല്യേട്ടനു എല്ലാം വലിയ കാര്യമാണ്. ഇത്തവണ നിങ്ങളുടെ ചിലതാണു വല്ല്യേട്ടൻ പരസ്യപ്പെടുത്തുന്നതു്. ഒരു കുഞ്ഞനിയത്തി എഴുതുകയാണ്:—

(സ്ഥലം)
27—5—55

പ്രിയ വല്ല്യേട്ടനു്

വല്ല്യേട്ടന്റെ സ്നേഹംനിറഞ്ഞ ഉപദേശങ്ങളും എന്നേപ്പോലുള്ളവരുടെ പദപ്രശ്നങ്ങളും ഞാൻ പതിവായി വായിക്കുന്നുണ്ട്. ഞാനെന്നും ആകാംക്ഷയോടുകൂടി കാത്തിരിക്കുകയാണ്, സത്യദീപം കിട്ടുവാൻ. ബാലരംഗം സത്യദീപത്തെ കൂടുതൽ മോടിപിടിപ്പിക്കുന്നുണ്ട്. ബുധനാഴ്ചയൊന്നു വേഗം വന്നിരുന്നെങ്കിൽ! ഞാനാഗ്രഹിക്കുകയാണ്.

വിശുദ്ധ ഡോമിനിക്ക് സാവിയോയുടെ ജീവിതകഥ എന്റെ ഹൃദയത്തെ സാരമായി സ്പർശിക്കുന്നുണ്ട്. ഞാനെപ്പോഴുമിതുന്നാലോചിക്കാറുണ്ട്, അതുപോലെ ഞാനും എന്നുമൊരു ശിശുവായിരുന്നെങ്കിൽ എന്നു്. കുട്ടികൾക്കുവേണ്ടിയുള്ള സംഘടനകളിലെല്ലാം ചേരണമെന്നാണെന്റെ ആഗ്രഹം. ദീപിക, കർമ്മലകുസുമം എന്നിവയുടെ ബാലസഖ്യങ്ങളിൽ ഞാനൊരംഗമായി ചേർന്നിട്ടുണ്ട്. ഇപ്പോൾ സത്യദീപത്തിനു കൈത്തിരികൊളുത്തുവാൻ ഒരു പുതിയ സഹോദരികൂടെ വന്നുചേരുകയാണ്. സന്യാസാശ്രമങ്ങളുടെ കനത്ത ഭിത്തികൾക്കുള്ളിലിരുന്നു ദൈവത്തെ പ്രാർത്ഥിക്കുന്നവർ യഥാർത്ഥ ഭാഗ്യമനുഭവിക്കുന്നവരാണ് എന്നു ഞാൻ വിശ്വസിക്കുന്നു. ബാലികാബാലന്മാരുടെ മാനസ്സികമായ കഴിവുകളെ അഭിവൃദ്ധിപ്പെടുത്തുന്ന നമ്മുടെ ബാലരംഗം എന്നും അങ്ങിനെ ശോഭിക്കുവാൻ ഞാൻ പ്രത്യേകം പ്രാർത്ഥിക്കാം.

...........................

എന്നു സ്വന്തം സഹോദരി
(പേരു)

ഇങ്ങനെ എത്രയെത്ര മനോഹരങ്ങളായ കത്തുകളാണ് ഓരോ ദിവസവും വല്ല്യേട്ടൻ വായിച്ചുകൂട്ടുന്നതു്. എല്ലാം പ്രസിദ്ധീകരിച്ചാൽ കൊള്ളാമെന്നുണ്ട്. എന്തു ചെയ്യാം. നിവൃത്തിയില്ലെന്നു നിങ്ങൾക്കറിയാമല്ലോ. ലേഖനങ്ങളും ചെറുകഥകളും അതുപോലെ തന്നെ. അതുകൊണ്ട് ആരും ഭഗ്നാശരാകരുതു്. പ്രസിദ്ധീകരിച്ച പേരു കാണുന്നതു് സന്തോഷപ്രദവും പ്രോത്സാഹജനകവുമാണ്. അതിനു സാധിച്ചില്ലെങ്കിലും ചെറുപ്പത്തിലേ നല്ല കാര്യങ്ങൾ പ്രതിപാദിച്ചെഴുതി ശീലിക്കുന്നതിന്റെ ഗുണം നിങ്ങൾക്കു ലഭിക്കാതിരിക്കയില്ല. എല്ലാ വിധത്തിലും നിങ്ങളോരോരുത്തരേയും പ്രോത്സാഹിപ്പിക്കുവാൻ വല്ല്യേട്ടനു അതിയായ ആഗ്രഹമുണ്ട്. പക്ഷെ പരിമിതികൾ നിങ്ങൾ മനസ്സിലാക്കുമല്ലോ. ആരും നിരാശപ്പെടരുതേ.

വല്ല്യേട്ടൻ.

ചെറുകഥ

## നിണംപുരണ്ട രൂപ

(മേരി ജയിക്കബ് കുറച്ചേരിൽ, വയസ്സ് 15)

ഞാനന്നത്തെ ന്യൂസ്പേപ്പറും വായിച്ച് ഗയിററിങ്കൽ നില്ക്കുകയായിരുന്നു. അപ്പോൾ ജോലിക്കപേക്ഷിച്ചുകൊണ്ട് ഏതാണ്ടു പത്തുപതിനാറു വയസ്സു പ്രായംവരുന്ന ഒരു ചെറുക്കൻ എന്റെയടുത്തു വന്നു. അവന്റെ ഹൃദയാഴിയിൽ ഏതോ ശോകാത്മകഗീതത്തിന്റെ വീചികൾ ആഞ്ഞടിക്കുന്നുണ്ടെന്നു മനസ്സിലാക്കി ഞാൻ ചോദിച്ചു: "വീടെവിടെയാ?"

"എന്റെ വീടു കൊച്ചിയിലാണ്. ജോലിയന്വേഷിച്ചിവിടെ വന്നിട്ട് ഒരു വർഷമായി. പക്ഷേ, എനിക്കു ജോലിതരുന്നതിനാർക്കും സന്മനസ്സില്ല."

"നീ എത്രക്ലാസ്സു പഠിച്ചിട്ടുണ്ട്?"

"എന്റെയച്ഛൻ എന്നെ തേഡ്ഫോംവരെ പഠിപ്പിച്ചു. തുടന്നു പഠിക്കുന്നതിനു സാധിച്ചില്ല."

"സാധിച്ചില്ലെന്നു പറഞ്ഞാൽ?" എനിക്കാകാംക്ഷയായി.

അച്ഛൻ മരിച്ചുപോയി. പിന്നെയെന്റെ വൃദ്ധമാതാവിനെ സഹായിക്കേണ്ട ചുമതല എനിക്കായി. ഞാൻ കൊച്ചിയിലുള്ള എല്ലാവരുടേയും പടിവാതിലുകൾ കയറിയിറങ്ങി, ജോലിക്കുവേണ്ടി. "വിൻസെന്റു് ഡി പോൾ" എന്നൊരു സംഘടനയില്ലായിരുന്നുവെങ്കിൽ ഞങ്ങളുടെ ജീവിതം പണ്ടേ അവസാനിക്കുമായിരുന്നു. അതുകൊണ്ടെത്രനാൾ കഴിയാനാണ്. ഇവിടെ വന്നാൽ വല്ല ജോലിയും ലഭിക്കുമെന്നു പ്രതീക്ഷിച്ചാണിങ്ങോട്ടു പോന്നതു്. എന്നെ ജീവനെപ്പോലെ സ്നേഹിക്കുന്ന അമ്മയ്ക്കു ഞാൻ ഒരു നേരത്തെ ആഹാരത്തിനു വഴിയുണ്ടാക്കിക്കൊടുത്തില്ലെന്നു വരുന്ന

(ശേഷം 11-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1